
# സത്യദൂതൻ

2014 നവംബർ | ലക്കം 11

വില ₹ 20



## മുഹമ്മദ് നബി(സ): ഹൃദയഹാരിയായ ദൈവദൂതൻ

## ഈസാനബിയുടെ ആകാശവാസം: താലോലിക്കപ്പെടുന്ന അന്ധവിശ്വാസം

## Ahmadiyya Muslim Community

### Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran

Read the Holy Quran in easy Yassarnal Quran Font




### Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



### Sermons

Huzoor's Friday Sermons In 15 languages




### Ahmadiyya News

Stay up to date with the Latest jama'at news



View these apps at alislam.org/apps or scan the QR code below



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2014 നവംബർ
ഹി.ശ.1394 – നുബുവ്വത്ത്
1436 – മുഹറം – സഫർ
പുസ്തകം 86 ലക്കം 10
വില 20 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**നേരായ മാർഗത്തിൽ മുന്നേറുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2011 ജൂൺ 6 ന് മസ്ജിദ് ബൈത്തുശുകൂറിൽ (ജർമനി) നിർവഹിച്ച ജുമുഅ ഖുത്ബയു ടെ സംഗ്രഹം

**13**
**മുഹമ്മദ് നബി(സ):**
**ഹൃദയഹാരിയായ ദൈവദൂതൻ**
എ.ജി സൂഫി

ഏത് മനുഷ്യനേയും സ്വാധീനിക്കുന്ന അത്യുന്നതമായ സാത്വിക വിശുദ്ധിയുള്ള റസൂൽ തിരുമേനി(സ)യുടെ ജീവിതം മാനവീയതയുടെ സമ്പൂർണ മാതൃകയായിരുന്നു. പാവനമായ ആ ജീവിതം മനുഷ്യ ഹൃദയങ്ങളെ ആർദ്രപൂരിതമാക്കുകയും മനുഷ്യനെദിവ്യനാക്കി മാറ്റുകയും ചെയ്യുന്നു.

**20**
**ഒരു വൈമാനികന്റെ**
**വിഭജനകാല സ്മരണകൾ –3**
സ്ക്വാഡ്രൻ ലീഡർ മീർ മുഹമ്മദ് അഹ്മദ്

വിമാനവുമായി ബന്ധപ്പെട്ട ചില അദ്ഭുത സംഭവങ്ങൾ ലേഖകൻ അനാവരണം ചെയ്യുന്നു.

**26**
**ഈസാനബിയുടെ ആശാശവാസം:**
**താലോലിക്കപ്പെടുന്ന അന്ധവിശ്വാസം**
മുഹമ്മദ് അബുൽ വഫാ

**29**
**യഹൂദ സമൂഹവും സ്പെയിനും**
എ. എം മുഹമ്മദ് സലിം

**32**
**പ്രിയ മലാല......**
ഡോ. ഫറാസ് തലാൽ
2014 ലെ സമാധാനത്തിനുള്ള നോബേൽ സംയുക്ത ജേതാവ് പാകിസ്താനിലെ മലാലാ യൂസുഫ് സായിക്ക് പാകിസ്താനിലെ ആദ്യത്തെ നോബേൽ സമ്മാനജേതാവ് ഡോ.അബ്ദുസ്സലാം സാഹിബ് തന്റെ അനുഭവങ്ങളുടെ കഥ വിവരിച്ച് കൊണ്ട് എഴുതുന്ന സാങ്കൽപ്പിക കത്ത്

**33**
കവിത
**പഠിപ്പ്**
എച്ച്.എസ്. കാവശ്ശേരി

**34**
**ലാ നബിയ്യ ബഅ്ദീ**
**എന്ന വാക്യത്തിന്റെ വിവക്ഷ**
മൗലാനാ അബ്ദുല്ലാഹ് എച്ച്. എ

**37**
**അന്നൊരു ദിവസം സിഡ്നിയിൽ**
വി.പി ബഷീർ, സിഡ്നി

**39**
**മംഗൾയാൻ ഉയർത്തുന്ന**
**ആകാശ ചിന്തകൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകൾ ഉണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാനറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നിലേക്ക് ദിവ്യബോധനം നൽകപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. പറയുക; അന്ധനും കാഴ്ച്ചയുള്ളവനും ഒരുപോലെയാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ?.**(6: 51)**

## നബിവചനം



സൈദുബ്നു ഖാലിദ്(റ) യിൽ നിന്ന് നിവേദനം: റസൂൽ തിരുമേനി (സ) പറഞ്ഞു: അല്ലാഹു പറയുന്നത് ഇതാണ്, എന്റെ ദാസന്മാരുടെ കൂട്ടത്തിൽ എന്നിൽ അവിശ്വസിച്ചവരും എന്നെ നിഷേധിച്ചവരുമുണ്ട്. ദൈവാനുഗ്രഹത്താൽ മഴ വർഷിച്ചു കിട്ടിയെന്ന് പറയുന്നുണ്ടെങ്കിൽ അവൻ എന്നിൽ വിശ്വസിച്ചവനും നക്ഷത്രങ്ങളെ നിഷേധിച്ചവനുമാണ്. ഇന്നിന്ന നക്ഷത്രങ്ങൾ ഉദിച്ചത് കാരണമാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് പറയുന്നവനാകട്ടെ, എന്നെ നിഷേധിച്ചവനും നക്ഷത്രത്തിൽ വിശ്വസിച്ചവനുമാണ്. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



യുക്തിയും സയൻസും ഇസ്‌ലാമുമായി പൊരുത്തപ്പെടുകയില്ലെന്ന വീക്ഷണം അവർ പുലർത്തുന്നതായിട്ടാണ് തോന്നുന്നത്. ഭൗതിക തത്ത്വശാസ്ത്രങ്ങളുടെ ദൗർബല്യങ്ങൾ അവർക്ക് തുറന്ന് കാട്ടാൻ കഴിവില്ലാത്തതുകൊണ്ട് ആധുനിക വിഷയങ്ങൾ പഠിക്കുന്നത് അനുവദനീയമല്ലെന്ന് സിദ്ധാന്തിച്ചു കൊണ്ട് തങ്ങളുടെ വീഴ്ചകളെ മറച്ചു പിടിക്കാൻ അവർ ശ്രമിക്കുകയാണ്... ഭൗതിക തത്ത്വശാസ്ത്രങ്ങൾക്ക് മുമ്പിൽ അവരുടെ ആത്മാക്കൾ വിറകൊള്ളുകയാണ്. നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾക്ക് മുമ്പിൽ അവർ കുമ്പിടുകയും ചെയ്യുന്നു. മതത്തിന്റെ സേവനത്തിനും ദൈവവചനങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനുമെല്ലാം ആധുനിക വിജ്ഞാനങ്ങൾ ഏതു വിധേനയും പഠിക്കുകയും അവ ശ്രദ്ധാപൂർവം ഗ്രഹിച്ചറിയുകയും ചെയ്യേണ്ടത് ആവശ്യമാണ്. ഈ പഠനം ഒരു വശത്തിൽ മാത്രം ഊന്നി കൊണ്ട് തുടർന്ന് വന്നിട്ടുള്ളവരും സ്വാത്വികരുമായി ബന്ധം സ്ഥാപിക്കാൻ ഇടവന്നിട്ടില്ലാത്തവരും അതിന് മുമ്പിൽ അറച്ച് നിൽക്കുകയും അങ്ങിനെ ഇസ്‌ലാമിൽ നിന്ന് വേർപെട്ടു പോകുകയും ചെയ്തതായി എനിക്ക് തന്നെ അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുണ്ട്. **(മൽഫൂസാത്ത്, ഭാ 65,66)**

എഡിറ്റോറിയൽ

# ഏറ്റവും വലിയ അന്ധവിശ്വാസം

കഴിഞ്ഞ വർഷം ആഗസ്ത് 20 ന് 'അഖില ഭാരതീയ അന്ധശാസ്ത്ര നിർമൂലൻ സമിതി'യുടെ (ABANS) മഹാരാഷ്ട്രയിലെ നേതാവും അലോപ്പതി ഡോക്ടറും പ്രമുഖ യുക്തിവാദി ആചാര്യനുമായിരുന്നനരേന്ദ്ര ധബോൽക്കർ അന്ധവിശ്വാസങ്ങൾക്കെതിരെ നടത്തിയ കാംപയിൻ ആക്രമിക്കപ്പെടുകയും അദ്ദേഹം കൊല്ലപ്പെടുകയുമുണ്ടായി. തുടർന്ന് ധാബോർക്കർ തന്നെ കരട് രൂപം കൊടുത്ത നരബലി, ഭീകരാചാരങ്ങൾ, അഘോരാചാരം (ഭീകരാചാരങ്ങൽ ഉപാസിക്കുന്ന ശിവഭക്തരുടെ ആചാരങ്ങൾ ) ആഭിചാര ക്രിയ മുതലായവ തടയുന്നതും ഉന്മൂലനം ചെയ്യുന്നതുമായ ഒരു നിയമം 2013 ൽ( Maharashtra Prevention and Eradication of Human Sacrifice and other Inhuman, Evil and Aghori Practices and Black Magic Act, 2013) മഹാരാഷ്ട്രയിൽ നിലവിൽ വന്നു. മഹാരാഷ്ട്രയേക്കാൾ താരതമ്യേന പുരോഗമന വീക്ഷണം പുലർത്തുന്ന കേരളത്തിലും ഇടക്കിടെ അന്ധവിശ്വാസ കുറ്റകൃത്യങ്ങൾ അരങ്ങേറുന്നു. കേരളം മന്ത്ര തന്ത്ര വാദികളുടെയും ഇസ്മ് പണിക്കാരുടേയും കണക്കന്മാരുടേയും മഷിനോട്ടക്കാരുടെയും പറുദീസയായി മാറുകയാണോ എന്ന് തോന്നിപ്പിക്കുമാറാണ് വാർത്തകളിൽ അന്ധവിശ്വാസങ്ങളുടെ വിളയാട്ടമാണ്. അത്കൊണ്ട് കേരളത്തിലും ഒരു അന്ധവിശ്വാസ വിരുദ്ധ നിയമം വേണം എന്നു പറഞ്ഞു കൊണ്ടാണ് മതസംഘടനകളും മതേതര സംഘടനകളും ഇപ്പോൾ പ്രക്ഷോഭം ആരംഭിച്ചിരിക്കുന്നത്. നരബലി, സതി, മന്ത്രവാദം, കൂടോത്രം, ബാധ ഒഴിപ്പിക്കൽ, ചാത്തൻ സേവ, ചെകുത്താൻ സേവ, ജാറം മൂടൽ, മാരണം, ഒടിവിദ്യ, സിഹറ്, ഉറുക്ക്, പിഞ്ഞാണമെഴുത്ത്, മന്ത്രിച്ച ചരട് കെട്ട്, മഷിനോട്ടം മുതലായവയാണ് പ്രമുഖമായ അന്ധവിശ്വാസങ്ങൾ. ജീവഹാനിയും ശാരീരിക പീഢനങ്ങളും, ലൈംഗിക പീഡനങ്ങളും സാമ്പത്തിക നഷ്ടങ്ങളും മാനഹാനിയും അവകാശ നിഷേധങ്ങളും ഇത്തരം അന്ധവിശ്വാസം മൂലം ഉണ്ടാവുന്നു. അന്ധവിശ്വാസ കുറ്റകൃത്യങ്ങൾ മതത്തിന്റെ ഭാഗമായി വരുമ്പോൾ അതിൽ കൈവെക്കാൻ ഭരണകൂടങ്ങൾ മടിക്കുന്നു. സങ്കീർണമായ പ്രശ്നമാണെങ്കിലും നിയമം കൊണ്ടുവരാൻ ശ്രമിക്കുമെന്ന് കേരളത്തിലെ ആഭ്യന്തര മന്ത്രി അന്ധവിശ്വാസ സമരക്കാർക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. .

നിയമ നിർമാണത്തേക്കാൾ യുക്തിബോധം ജീവിതത്തിൽ പുലർത്തുവാനുള്ള പരിശീലനവും ബോധവത്ക്കരണവുമാണ് ഇക്കാര്യത്തിൽ വേണ്ടത്. അതിന് മതങ്ങളിലെ ചില സങ്കൽപ്പങ്ങളും അദ്ധ്യാപനങ്ങളും യുക്തിസഹമായും ആധികാരികമായും വിശദീകരിക്കപ്പെടേണ്ടതുണ്ട്. മിക്ക മതങ്ങളിലും അന്ധവിശ്വാസി കൾക്കാണ് ഭൂരിപക്ഷം. സൂക്ഷ്മതയോടെ സമഗ്രമായ മതജീവിതം നയിക്കുന്ന യഥാർഥ വിശ്വാസികൾ പൊതുവേ ഇഹലോക ജീവിതം ക്ഷണഭംഗുരമാണെന്നും ഇവിടെയുള്ള അലങ്കാരങ്ങൾ നശ്വരങ്ങളാണെന്നും കരുതി സദ്കർമങ്ങൾ ചെയ്തും ദൈവികാരാധനയിൽ മുഴുകിയും സാത്വിക ജീവിതം നയിക്കുന്നവരാണ്. അന്ധവിശ്വാസങ്ങളുടെ പ്രേരകങ്ങൾ അധികവും ദുനിയാവിൽ പൂർത്തിയാവേണ്ട മനുഷ്യന്റെ ദുരകളും ശരീരേച്ചകളുടെ അഭിനിവേശങ്ങളുമായിരിക്കും. ജീവിതം ആസ്വദിക്കാനുള്ള നെട്ടോട്ടത്തിൽ ദൈവത്തെ ആരാധിക്കാനും സൂക്ഷ്മയതയോടെ ധാർമിക ജീവിതം നയിക്കാനും ജീവിതത്തിന്റെ പൊരുളിനെക്കുറിച്ച് ഗൗരവത്തോടെ ചിന്തിക്കാനും അവർ മറന്നു പോവുന്നു. കുറുക്കുവഴികളിലൂടെ ദൈവത്തെ പ്രീതിപ്പെടുത്തുവാനും തങ്ങളുടെ ദേഹേഛകൾ സഫലമാക്കാൻ മതവിശ്വാസമെന്ന പേരിൽ അന്ധവിശ്വാസ ദുർമൂർത്തികളെ ഉപാസിക്കുകയും ചെയ്യുന്നവരാണവർ.

കുറ്റകരവും പ്രത്യക്ഷവുമായ അന്ധവിശ്വാസത്തെ പിടികൂടാൻ രാജ്യത്തെ നിലവിലുള്ള നിയമങ്ങൾക്ക് സാധിക്കും. എന്നാൽ മനുഷ്യന്റെ ആത്മീയ ജീവിതത്തെയും ജീവിത വീക്ഷണത്തെയും ബാധിക്കുന്ന അന്ധവിശ്വാസങ്ങൾക്ക് തടയിടാൻ നിയമത്തിനാവില്ല. അത്തരത്തിൽപെട്ട ഒരു അന്ധവിശ്വാസവും ഭൗതിക കാമനയുടെ പൂർത്തീകരണവുമാണ് ഈസാ നബി(അ)യെ സംബന്ധിച്ച അന്ധവിശ്വാസം. അതായത് രണ്ടായിരം വർഷമായി ആകാശത്ത് വസിക്കുന്ന ഈസാ നബി(അ) അവസാനകാലം ഭൂമിയിലേക്ക് അവരോഹിതനാകുമെന്നും ദജ്ജാൽ എന്ന അതിശയങ്ങൾ കാഴ്ച്ചവെക്കുന്ന മഹാദുശ്ശക്തിയെ ഘോര യുദ്ധം നടത്തി തോൽപ്പിക്കുമെന്നും. അവസാനം ആഗോള ഭരണം മുസ്‌ലിംകൾക്ക് നേടിത്തരുമെന്നുമുള്ള വിശ്വാസം!!. ഖേദകരമെന്ന് പറയട്ടെ അന്ധവിശ്വാസത്തിനെതിരെ ജിഹാദ് നടത്തുന്ന മുജാഹിദ് പ്രസ്ഥാനം ഈസാനബി(അ)യെ പറ്റി ഈ വലിയ അന്ധവിശ്വാസം വെച്ചുപുലർത്തുന്നവരാണ്. അതായത് ഒടിവിദ്യയിലൂടെയോ ചാത്തൻ സേവയിലൂടെയോ കൂടോത്രത്തിലൂടെയോ അല്ലെങ്കിൽ അറബിക്കഥയിലെ ജിന്നിലൂടെയോ സൗഭാഗ്യങ്ങൾ തേടുന്നത് പോലെ ഈസാ നബി(അ)യുടെ സേവ പിടിച്ച് നെറ്റിവിയർക്കാതെ മുസ്‌ലിം ഉമ്മത്ത് സമ്പത്തും അധികാരവും നേടി ലോകത്തെ ഇസ്‌ലാമികമായി മാറ്റിപണിയുമെന്ന വിശ്വാസം അന്ധവിശ്വാസമല്ലേ? അന്ധ വിശ്വാസങ്ങൾക്കെതിരെ യുക്തി വാദികൾക്കും ശാസ്ത്ര സാഹിത്യ പരിഷത്തുകാർക്കുമൊപ്പം നിന്ന് സമരം ചെയ്യുന്ന മുജാഹിദ് പ്രവർത്തകർക്ക് ഇത് വിശദീകരിക്കാനുള്ള ബാദ്ധ്യതയില്ലേ? വിശുദ്ധ ഖുർആൻ പറയുന്നു:

***'താൻ ഉദ്ദേശിക്കുന്നവർക്ക് അവൻ യുക്തിജ്ഞാനം നൽകുന്നു. ആർക്കെങ്കിലും യുക്തിജ്ഞാനം നൽകപ്പെട്ടാൽ അവനു വളരെയധികം നന്മകൾ നൽകപ്പെട്ടു (വെന്ന് ഗ്രഹിച്ചു കൊള്ളുക) ബുദ്ധിമാന്മാരല്ലാതെ ആരും തന്നെ ചിന്തിച്ചു കാര്യങ്ങൾ ഗ്രഹിക്കുന്നില്ല. '(2:270)***



ഹദ്റത്ത് അഹ്മദ് (അ)

# മനസ്സിനകത്തെ വിഗ്രഹങ്ങൾ

ദൃശ്യവിഗ്രഹങ്ങളെ നിഷ്പ്രയാസം തിരിച്ചറിയാവുന്നതാണ്. അതേ ക്ഷണത്തിൽ തന്നെ, ഒരാളെ അതിൽനിന്ന് മോചിപ്പിക്കാനും സാധിക്കുന്നതാണ്. ഇങ്ങനെ മോചിതരായ നൂറുക്കണക്കിനാളുകൾ അതിൽ നിന്ന് ദൂരേക്ക് പോകുന്നതായി ഞാൻ കാണുന്നു.

ഒരു കാലത്ത് ഹിന്ദുക്കൾ നിറഞ്ഞിരുന്ന ഈ രാജ്യത്ത് ഇന്ന് മുസ്‌ലിംകളുമുണ്ട്. ഈ മുസ്‌ലിം കൾ ഹിന്ദുക്കളിൽ നിന്ന് വന്നവരല്ലേ? അതു കൊണ്ട് അവർ വിഗ്രഹാരാധന ഉപേക്ഷിച്ചില്ലേ? ഇന്നത്തെ ഹിന്ദുക്കളിൽ നിന്നു പോലും വിഗ്രഹാരാധനയില്ലാത്ത ഒരു സമുദായം ഉയർന്നു വന്നിരിക്കുന്നു. വിഗ്രഹാരധനയെന്നത് ഇവിടം കൊണ്ടവസാനിക്കുന്നില്ല. വിഗ്രഹാരാധനയുടെ പ്രത്യക്ഷരൂപം ഉപേക്ഷിക്കപ്പെട്ടുവെന്ന് മാത്രമേയുള്ളു.

ദാർശനികരെന്നും തർക്ക ശാസ്ത്രജ്ഞരെന്നും സ്വയം പേരിട്ട് വിളിക്കുന്ന ആയിരക്കണക്കിന് വിഗ്രഹങ്ങളെ കൊണ്ടു നടക്കുന്ന ഇവർക്ക് ഇത്തരം വിഗ്രഹങ്ങളെ അവരിൽ നിന്നും മോചിപ്പിക്കാൻ സാധിക്കുകയില്ല തന്നെ.

ദൈവികാനുഗ്രഹമില്ലാതെ ഇത്തരം കീടങ്ങളെ ഉള്ളിൽ നിന്നും മോചിപ്പിക്കാൻ സാധിക്കുകയില്ല. എന്നത് ഒരു വസ്തുതയാണ്. ഈ കീടങ്ങൾ അതിസൂക്ഷ്മങ്ങളാണ്. അത്പോലെ തന്നെ ഏറ്റവും അപകടകാരികളുമാണ്.

തങ്ങളുടെ സ്വന്തം വികാരങ്ങൾക്കടിമപ്പെട്ട് ദൈവം വിധിച്ച പരിധികൾക്കും അവകാശങ്ങൾക്കുമപ്പുറം പോവുകയും മറ്റുള്ളവരുടെ പരിധികളിലൂടെയും അവകാശങ്ങളിലൂടെയും എടുത്ത് ചാടുകയും ചെയ്യുന്ന ചിലരുമുണ്ട്. എഴുതാനോ വായിക്കാനോ അറിയാത്ത ആളുകളുടെ കാര്യമല്ല ഞാൻ പറഞ്ഞത്. മറിച്ച് ഇത്തരം ആളുകളിൽ ഉലമാക്കന്മാരും സൂഫികളും ഫഖീഹുകളും ഉൾപ്പെടുന്നു. ഇത്തരം രോഗങ്ങൾക്ക് അവർ ഇരയായിതീരുന്നു. ഉന്നത നിലയിലുള്ള ബുദ്ധിയും ധൈര്യവും വിഗ്രഹങ്ങളെ കുറിച്ചുള്ള അറിവും ധാരണയുമുണ്ടെങ്കിൽ ഇത്തരം വിഗ്രഹങ്ങളിൽ നിന്നും വിട്ട് നിൽക്കാൻ കഴിയുന്നതാണ്. ഈ വിഗ്രഹങ്ങൾ ജനങ്ങൾക്കിടയിൽ പകവളർ ത്തുന്നു. തന്മൂലം ആയിരക്കണക്കിന് കൊലകൾ നടക്കുന്നു. ദൈനംദിന തിന്മകളുടെ അതിപ്രസരം ഉണ്ടാവുന്നു. ഒരാൾ മറ്റൊരാളുടെ അവകാശങ്ങൾ പിടിച്ചു പറിക്കുകയും ഭൗതികതയെ വലിയ തോതിൽ ആശ്രയിക്കുകയും ചെയ്യുമ്പോൾ ദൈവം എന്നത് വ്യർത്ഥമായ ഒരു സങ്കൽപ്പമായി മാറുന്നു.

തൗഹീദ് (ഏക ദൈവത്വം) എന്തെന്ന് മനസ്സിലാക്കിയവരുടെ എണ്ണം ഇന്ന് പൊതുവേ കുറവാണ്. എന്നാൽ അവരെ ഓർമപ്പെടുത്തുന്നതായാൽ അവർ ഉടൻ പറയും എന്ത് ഞങ്ങൾ മുസ്‌ലിംകളല്ലേ? ഞങ്ങൾ കലിമ ചൊല്ലുന്നില്ലേ? എന്ന്. കലിമ എന്നത് ചുണ്ടു കൊണ്ട് ഉരുവിടാനുള്ള വെറും ഒരു മന്ത്രമായി അവർ കരുതുന്നു എന്നത് ദുഃഖമുളവാക്കുന്ന സംഗതിയാണ്.

ഒരുകാര്യം ഞാൻ തീർച്ചയായും പറയുന്നു.: ഏതൊരാൾ കലിമ ത്വയ്യിബയെ (അല്ലാഹു അല്ലാതെ ആരാധനക്ക് അർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് (സ) അവന്റെ ദൂതനാണെന്നും പ്രഖ്യാപിക്കൽ) നല്ലത് പോലെ അറിയുകയും അത് തന്റെ ജീവിതത്തിൽ മുറുകെ പിടിക്കുകയും ചെയ്യുന്നുവോ, അയാൾക്ക് മഹത്തായപുരോഗതിയുണ്ടാവുകയും സർവശക്തനായ അല്ലാഹുവിന്റെ അത്ഭുതകരമായ വെളിപ്പെടൽ അയാൾക്ക് ദർശിക്കുമാറാകുകയും ചെയ്യുന്നതാണ്.

ഞാനിവിടെ നിങ്ങളുടെ മുമ്പിൽ ഒരു കഥപറയുവാനോ, സാധാരണപോലെയൊരു പ്രസംഗം നടത്തുവാനോ അല്ല നിൽക്കുന്നതെന്ന കാര്യം നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളുക. എന്നെ ദൈവം ഏൽപ്പിച്ച ഒരു ദൗത്യം എനിക്ക് പൂർത്തിയാക്കേണ്ടതുണ്ട്. ഇത് ആരെങ്കിലും ശ്രദ്ധി ച്ചാലും ഇല്ലെങ്കിലും വിശ്വസിച്ചാലും ഇല്ലെങ്കിലും എനിക്കതിൽ യാതൊരുപരിഭവവുമില്ല. നിങ്ങൾ സ്വയം തന്നെയായിരിക്കും അതിന് ഉത്തരവാദികൾ. എനിക്ക് എന്റെ ജോലി ചെയ്ത് തീർക്കേണ്ടതുണ്ട്. **(മൽഫൂസാത്ത്. വാ. 9, ഭാ 101,102)**



# നേരായ മാർഗത്തിൽ മുന്നേറുക

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2011 ജൂൺ 6 ന് മസ്ജിദ് ബൈത്തുശുകൂറിൽ (ജർമനി) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**ഇ**ക്കാലഘട്ടത്തിലെ ഇമാമിനെ സ്വീകരിക്കുവാനുള്ള സൗഭാഗ്യം നൽകി എന്നത് അല്ലാഹു നമ്മോട് കാണിച്ച വലിയ ഔദാര്യമാണ്. ഈ ഔദാര്യത്തെക്കുറിച്ച് ഒരഹ്മദി ഓർക്കുകയാണെങ്കിൽ ജീവിതം മുഴുവനും ഇതിന് അവൻ നന്ദി രേഖപ്പെടുത്തിയാലും മതിയാകുന്നതല്ല. ലോകത്തിലെ മുസ്‌ലിംകളുടെ ജനസംഖ്യ ഇപ്പോൾ 200 കോടിയിൽ താഴെയാണെന്നാണ് പറയപ്പെടുന്നത്. 14-ാം നൂറ്റാണ്ടിൽ മസീഹും മഹ്ദിയും ആഗതരാകുമെന്ന മുഹമ്മദ് നബി (സ)യുടെ പ്രവചനം എല്ലാവരുടെയും മുമ്പിലുള്ളതാണ്. അന്ധകാര നിബിഢമായ ഒരു കാലഘട്ടത്തിനുശേഷം ഇസ്‌ലാമിന്റെ പുനർജനനത്തിന്റെ കാലഘട്ടം തുടങ്ങുന്നതാണ്. അതുകൊണ്ട് മഹ്ദി ഇമാം പ്രത്യക്ഷപ്പെടുകയും അടയാളങ്ങളെല്ലാം പുലരുകയും ചെയ്താൽ എന്റെ പ്രിയ പ്രേമിയെ നിങ്ങൾ അംഗീകരിക്കണം എന്ന് നബി (സ) തിരുമേനി കൽപിച്ചു. പ്രത്യേകിച്ച് ഒരേ റമദാൻ മാസത്തിൽ നിശ്ചിത തീയതികളിൽ പ്രത്യക്ഷപ്പെടുന്ന സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിച്ചാൽ കാരണം ഈ അടയാളം ആകാശഭൂമി ഉണ്ടായതുമുതൽ ഒരു വാദിക്കു വേണ്ടിയും വെളിപ്പെട്ടിട്ടില്ല. വാഗ്ദത്ത മസീഹിനെ വിശ്വസിക്കണം എന്നത് തിരുനബി (സ)യുടെ കല്പനയാണ്. വിശുദ്ധ ഖുർആൻ ഇതിലേക്ക് നമ്മുടെ ശ്രദ്ധ പ്രത്യേകം തിരിക്കുകയുണ്ടായി. തിരുനബി(സ)പറഞ്ഞത് അദ്ദേഹത്തെ അനറബികളിൽ അന്വേഷിക്കണമെന്നാണ്. മഞ്ഞുമലയിലൂടെ മുട്ടുകുത്തിപ്പോകേണ്ടിവന്നാലും തന്റെ സലാം അദ്ദേഹത്തിന് എത്തിക്കണമെന്ന് പറഞ്ഞു. എപ്പോഴും ഹിദായത്തിൽ നിലനിൽക്കാനും ഹിദായത്തിൽ ചരിക്കാനുമുള്ള പ്രാർഥനയും അല്ലാഹു മുസ്‌ലിംകൾക്ക് പഠിപ്പിച്ചുകൊടുക്കുകയുണ്ടായി. ഇതെല്ലാമുണ്ടായിട്ടുകൂടി ഇതേവരെ അഞ്ചോ ആറോ ശതമാനം ആളുകൾക്ക് മാത്രമേ കാലഘട്ടത്തിന്റെ ഇമാമിനെ തിരിച്ചറിയാൻ കഴിഞ്ഞിട്ടുള്ളൂ.

മുസ്‌ലിംകൾ 'നീ ഞങ്ങളെ നേർമാർ ഗത്തിൽ നയിക്കേണമേ' എന്ന പ്രാർഥന തങ്ങളുടെ നമസ്കാരത്തിൽ ഒരു ദിവസം തന്നെ പലവുരു ആവർത്തിച്ച് ചൊല്ലാറുണ്ട്. അല്ലാഹുവിന്റെയും നബി (സ) ന്റെയും പ്രവചനങ്ങൾ എല്ലാവരുടെയും മുമ്പിലുള്ളതുമാണ്. ഇതെല്ലാമായിരുന്നിട്ടുകൂടി മുസ്‌ലിംകളിൽ ബഹുഭൂരിഭാഗവും കാലഘട്ടത്തിന്റെ

ഈ ഇമാമിനെ നിഷേധിക്കുന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. വെറും അംഗീകരിക്കാതിരിക്കുക എന്ന് മാത്രമല്ല, കളവാക്കിത്തള്ളുന്നതിൽ തീവ്രമായ നിലപാട് എടുത്ത് കൊണ്ടിരിക്കുകയാണ്. അല്ലാഹുതആല സദ്പ്രകൃതക്കാരായ അമുസ്ലിംകൾക്കും നിരീശ്വരവാദികൾക്കും മതനിഷേധികൾക്കും ഹിദായത്ത് നൽകിക്കൊണ്ടിരിക്കുന്നു. ഓരോ വർഷവും ആയിരക്കണക്കിന് പേർ ഇവരിൽ നിന്ന് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ മുസ്ലിംനാമധാരികളും സ്വാർഥരുമായ മുല്ലാക്കളുടെ പിന്നാലെ നടന്ന് മുസ്ലിംകൾ എന്ന് പറയപ്പെടുന്ന ചിലർ ചില സ്ഥലത്ത് ഇമാമുസ്സമാനിനെ എതിർക്കുന്നതിൽ എല്ലാ അതിർവരമ്പുകളും ലംഘിച്ചിരിക്കുകയാണ്.

അല്ലാഹു മനുഷ്യരാശിക്ക് ഹിദായത്ത് നൽകാൻ വേണ്ടി അയക്കുന്ന തന്റെ വരിഷ്ഠ ദാസനാണ് ഇമാമുസ്സമാൻ. ഇക്കാലത്ത് വിശുദ്ധ ഖുർആന്റെയും നബി(സ)യുടെ പ്രവചനങ്ങളുടെയും അടിസ്ഥാനത്തിൽ കാലഘട്ടത്തിന്റെ ഇമാം നബി (സ)യുടെ പ്രിയ പ്രേമിയായ വാഗ്ദത്ത മസീഹ് തന്നെയാണ്. അദ്ദേഹം ഈ അനുഗ്രഹങ്ങൾ കരസ്ഥമാക്കിക്കൊണ്ട് അല്ലാഹുവിൽനിന്ന് അവതരിച്ചിട്ടുള്ളതാണ്. ഈ അനുഗ്രഹങ്ങൾ നബി(സ)യുടെ കൃപാകടാക്ഷത്താൽ ഖിയാമത്ത് വരെ നിലനിൽക്കുന്നതാണ്. നബി(സ) യുടെ പ്രവചന പ്രകാരം വാഗ്ദത്ത മസീഹ് മുഖേനയാണ് ഈ അനുഗ്രഹം നിലനിൽക്കുക. ഈ അനുഗ്രഹം ലഭിക്കണമെങ്കിൽ അദ്ദേഹവുമായി ബന്ധപ്പെട്ടു നിൽക്കേണ്ടതാണ്.

കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള തൗഫീഖ് നമുക്ക് അല്ലാഹു നൽകി. ഇത് മാത്രം മതിയാകുന്നതല്ല. നാം തിരുനബി (സ)യുടെ നിർദേശമനുസരിച്ച് ഈ ഇമാമിനെ വിശ്വസിക്കുകയുണ്ടായി. ഇനി നമുക്ക് മുന്നോട്ട് കുതിക്കേണ്ടിയിരിക്കുന്നു. മുമ്പത്തേക്കാളുപരി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എല്ലാ നല്ല കാര്യങ്ങളിലും അനുസരിക്കുന്നതാണെന്ന നമ്മുടെ കരാറിൽ എപ്പോഴും നിലനിൽക്കണം. സ്വിറാത്തെ മുസ്തഖീമിൽ എപ്പോഴും ചരിക്കുന്നവരായി നാം മാറണം. അതേപോലെ 'വലാ തമൂത്തുന്ന ഇല്ലാ വഅൻതും മുസ്ലിമൂൻ' എന്ന വിശുദ്ധ ഖുർആന്റെ കല്പനയനുസരിച്ച് ജീവിക്കുന്നവരായി മാറണം. പൂർണമായും അനുസരണം പുലർത്തുന്ന അവസ്ഥയിലല്ലാതെ നിങ്ങൾ മരിക്കരുത് എന്നതാണ് അതിന്റെ അർഥം.

അല്ലാഹുവിന്റെ കൃപ മനുഷ്യരിലില്ലെങ്കിൽ ഒരിക്കലും അവന് സമ്പൂർണ അനുസരണം പ്രകടിപ്പിക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ കൃപയെ ആകർഷിക്കുന്നതിന്വേണ്ടി അല്ലാഹുവിലേക്ക് അവന് തിരിയേണ്ടതായി വരും. അതിലേക്ക് ശ്രദ്ധ ഉണ്ടായിക്കൊണ്ടേയിരിക്കുവാനാണ് അല്ലാഹു ഈ പ്രാർഥന നമുക്ക് പഠിപ്പിച്ചുതന്നിരിക്കുന്നത്. ഓരോ നമസ്ക്കാരത്തിലും ഓരോ റകഅത്തിലും നീ ഞങ്ങളെ നേർമാർഗത്തിലേക്ക് നയിക്കേണമേ എന്ന ദുആ ചൊല്ലണം എന്ന് കല്പിക്കുകയുണ്ടായി. ഹിദായത്ത് നൽകുന്നവൻ അല്ലാഹുവാണ്. നാം ആത്മപരിശോധന നടത്തിക്കൊണ്ട് അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ നിലനിറുത്തിക്കൊണ്ട് സൻമാർഗത്തിൽ നിലനിറുത്തേണമേ എന്ന ദുആ സ്ഥിരമായി ചെയ്തുകൊണ്ടേ പോകുക. ഇതില്ലാതെ മനുഷ്യന് മറ്റൊരു സേവക ഭാവത്തിലും കാണാത്ത തരത്തിലുള്ള ബന്ധം സ്ഥാപിക്കുക എന്നത് വളരെ പ്രയാസംതന്നെ. പൂർണമായ അനുസരണം പ്രകടിപ്പിച്ചുകൊണ്ടുള്ള ബന്ധം സ്ഥാപിക്കണമെങ്കിൽ അല്ലാഹുവിന്റെ സഹായം അനിവാര്യമാണ്. അതുകൊണ്ട് ഹിദായത്ത് ചോദിക്കേണ്ടതും സഹായം തേടേണ്ടതും അല്ലാഹുവിനോടാണ്.

അതിനാൽ കാലഘട്ടത്തിന്റെ ഇമാമിനോട് ചെയ്ത ബൈഅത്തിന്റെ ഉടമ്പടി യഥാർഥത്തിൽ നിറവേറ്റാൻ ആഗ്രഹിക്കുന്നവരാണെങ്കിൽ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്നതിന്റെ പൊരുൾ കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതിനെക്കുറിച്ച് ഗഹനമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു പ്രത്യേക ആവേശത്തോടെ ഈ ദുആ ഇരക്കുകയും ചെയ്യേണ്ടതായുണ്ട്. നാം കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചു, എല്ലാം തികഞ്ഞു എന്ന് ധരിച്ചുവെക്കരുത്. അതോടൊപ്പം മസീഹ് മൗഊദ് (അ) സ്ഥാപിച്ചിരിക്കുന്ന നിസാമുമായും നാം ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇത് അൽ വസിയത്ത് എന്ന ഗ്രന്ഥത്തിൽ അദ്ദേഹം സവിസ്തരം പ്രതിപാദിച്ചിട്ടുള്ള ഖിലാഫത്തിന്റെ നിസാമാണ്. മസീഹ് മൗഊദ്(അ)നെ അംഗീകരിക്കുന്ന ഒരു വ്യക്തി, അദ്ദേഹത്തിന് ശേഷം വരുന്ന ഖുദ്റത്തിനെ നിഷേധിക്കുകയാണെങ്കിൽ, എല്ലാ നല്ല കാര്യങ്ങളിലും അനുസരണം പുലർത്തും എന്നതിനെ അവഗണിക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)നോട് മറ്റു സേവ കഭാവങ്ങളിൽ കാണാത്ത സാഹോദര്യ ബന്ധം മുറിക്കുന്നവനായിത്തീരുന്നതാണ്. വാഗ്ദത്ത മസീഹുമായി ബന്ധപ്പെട്ടുകൊണ്ട് ജീവിക്കുന്നതു മൂലം ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളിൽ നിന്നും ആ വ്യക്തി അകറ്റപ്പെടുകയും ചെയ്യുന്നതാണ്.

എപ്പോഴും ഹിദായത്തിന്റെ മാർഗം അന്വേഷിച്ചുകൊണ്ട് ഇതിൽ സ്ഥിരചിത്തത ലഭിക്കാനായി പ്രാർഥിക്കുക എന്നത് തന്നെയാണ് ഒരു വിശ്വാസിയുടെ അന്തസ്സ്. ആത്മീയതയുടെ ഉത്തുംഗശ്രേണിയിൽ എത്താത്ത ഒരു സാധാരണക്കാരന് എപ്പോഴും ശൈത്താനുമായി യുദ്ധം ചെയ്തുകൊണ്ടിരിക്കേണ്ടിവരും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ നന്മകൾ ചെയ്തുകൊണ്ടിരുന്നിട്ടും ശൈത്താൻ അവനെ വഴിതെറ്റിക്കാനായി അവന്റെ പിന്നിൽ കൂടുന്നു. മസീഹ് മൗഊദ് (അ)നെ അംഗീകരിച്ചിട്ടുകൂടി, ഖിലാഫത്തിനോട് കൂറ് പുലർത്തിയിട്ടും സാമ്പത്തിക കാര്യങ്ങളിൽ പങ്കാളികളായിരുന്നിട്ടും ജമാ

ലോകത്ത് കോടിക്കണക്കിന് മുസ്‌ലിംകളുണ്ട്. നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന അവർ ചൊല്ലുന്നുണ്ട്. തത്ത ഉരുവിടുന്നതുപോലെ ഉരുവിടുന്നതു കൊണ്ട് നമസ്ക്കാരത്തിന് ശേഷം ഫിത്‌നയും ഫസാദും ചെയ്യുന്നതിലേക്കാണ് അവരുടെ ശ്രദ്ധ പോകുന്നത്. ജമാഅത്തിനെതിരിൽ അവരുടെ വായിൽ നിന്ന് അസഭ്യങ്ങൾ മാത്രമാണ് പുറപ്പെടുന്നത്. മസ്ജിദുകളിൽ നിന്നുകൊണ്ട് അസഭ്യം പുലമ്പുന്നു. അതുമല്ലെങ്കിൽ പരസ്പരമുള്ള ഫിത്‌നകളിൽ അവർ അകപ്പെട്ടിരിക്കുകയാണ്. അവരുടെ ഈ പ്രവർത്തനമാണോ ഇവർക്ക് പഠിപ്പിച്ചുകൊടുത്ത സ്വിറാത്തൽ മുസ്തഖീം എന്ന മാർഗം.

അത്തീ സേവനങ്ങൾ ചെയ്തു കൊണ്ടിരുന്നിട്ടും വഖാറെ അമലിൽ പങ്കാളികളായിരുന്നിട്ടും പലരും എന്നോട് നേരിട്ട് പറഞ്ഞ കാര്യം തങ്ങൾ നമസ്ക്കാരത്തിൽ അലസരാണെന്നാണ്. നമസ്ക്കാരം എന്നത് മനുഷ്യ സൃഷ്ടിപ്പിന്റെ തന്നെ കാതലായ വശമാണ്. അതിൽ അലസതയുണ്ടെങ്കിൽ അത് പതുക്കെപ്പതുക്കെ മറ്റു നന്മകളെയും കയ്യൊഴിപ്പിക്കുന്നതാണ്. ചിലർ പല നന്മകളും ചെയ്യുന്നവരായിരിക്കും. നമസ്ക്കാരവുമനുഷ്ടിക്കും. എന്നാൽ അവർ തങ്ങളുടെ വീട്ടിൽ തന്റെ ഭാര്യയോട് നല്ല രീതിയിൽ പെരുമാറുന്നുണ്ടാവില്ല. ഹിദായത്തിന്റെ മാർഗത്തിൽ നിന്ന് വ്യതിചലിക്കുന്നവരാണ് ഇവരും. നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന് അവർ ദുആ ചെയ്യുന്നുണ്ടാകും. എന്നാൽ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നവരല്ല. കാരണം നബി (സ) അരുളിയിട്ടുണ്ട്: "നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ കുടുംബത്തോട് ഉത്തമ രീതിയിൽ വർത്തിക്കുന്നവനാണ്." അതുകൊണ്ട് ഹിദായത്തിന്റെ മാർഗം അന്വേഷിക്കുന്നവർ ചെറിയ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിച്ചുകൊണ്ട്, ഒരു വിശ്വാസിക്ക് തിരുനബി(സ)യോടുള്ള സ്നേഹം മുൻനിർ ത്തിക്കൊണ്ട് അല്ലാഹുവും അല്ലാഹുവിന്റെ റസൂലും നമ്മെ കൊണ്ടു പോകാൻ ഉദ്ദേശിക്കുന്ന എല്ലാ മാർഗങ്ങളും അവലംബിക്കാൻ ശ്രമിക്കുന്നതായിരിക്കും. നീ ഞങ്ങളെ നേർമാർഗ ത്തിൽ നയിക്കേണമേ എന്ന് നാം ദുആ ചെയ്യുമ്പോൾ തിരുനബി (സ) സമർപ്പിച്ച ലക്ഷ്യവും പവിത്ര മാതൃകയും നമ്മുടെ മുമ്പിൽ ഉണ്ടാകേണ്ടതാണ്. അവ നബി(സ)യിൽ നിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാക്കിയ സഹാബത്ത് നമ്മുടെ മുമ്പാകെ സമർപ്പിച്ചുകൊണ്ട് അനുഗ്രഹത്തിന് പാത്രമായവരുടെ മാതൃക കാണിച്ചുതരികയുണ്ടായി. ആ പ്രവർത്തനങ്ങൾ ഇക്കാലത്ത് വാക്കിലും പ്രവർത്തിയിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മുടെ മുമ്പാകെ പ്രദർശിപ്പിച്ചുകൊണ്ട് അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് പോകേണ്ട വഴികൾ നമുക്ക് കാണിച്ചുതരികയുണ്ടായി. ഈ മാതൃക സ്വായത്തമാക്കിക്കൊണ്ട് മസീഹ് മൗഊദ്(അ)ന്റെ സഹാബാക്കൾ തങ്ങളുടെ ജീവിതത്തിൽ പവിത്രമായ മാറ്റം വരുത്തി ആത്മീയതയുടെ ഉന്നത പദവി കരസ്ഥമാക്കുകയുണ്ടായി.

മസീഹ് മൗഊദ് (അ) തന്റെ സഹാബാക്കളോടും ഭാര്യമാരോടും വീട്ടുകാരോടും ഏതുരീതിയിലാണ് പെരുമാറാൻ ഉപദേശിച്ചിരുന്നത് എന്ന് നമുക്ക് നോക്കാം. ഒരിക്കൽ ഒരു സഹാബി മസീഹ് മൗഊദ്(അ)ന്റെ സവിധത്തിൽ വന്നുകൊണ്ട് പറഞ്ഞു. "എന്റെ ഭാര്യ ഇത്രയും കാലം അവളുടെ വീട്ടിൽ താമസിച്ചതിനു ശേഷം ഇപ്പോഴാണ് വന്നത്. ഇനി ഞാൻ അവളുടെ വീട്ടിലേക്ക് പോകാൻ അനുവാദം നൽകില്ല എന്ന് തീരുമാനിച്ചിരിക്കുന്നു.'' മസീഹ് മൗഊദ്(അ) ന് ഈ വാക്കുകൾ കേട്ട് വല്ലാത്ത മനഃപ്രയാസമായി, മുഖം ചുവന്നു. എന്നിട്ട് പറഞ്ഞു. "എന്റെ സദസ്സിൽ നിന്ന് എഴുന്നേറ്റ് പോകുക. ഈ സദസ്സിനെ ഈ വാക്കുകൾ അശുദ്ധമാക്കുകയാണ്." വളരെ ശക്തിയിൽ പ്രതികരിച്ചതു കണ്ടപ്പോൾ ആ സഹാബി മാപ്പു ചോദിച്ചു. മറ്റൊരു സഹാബി അവിടെ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹവും തന്റെ ഭാര്യയോട് നല്ല രീതിയിലല്ല വർത്തിച്ചിരുന്നത്. അദ്ദേഹം ഈ രംഗം കണ്ടപ്പോൾ അവിടെ നിന്ന് എഴുന്നേറ്റ് അങ്ങാടിയിൽ പോയി ഭാര്യക്ക് വേണ്ടി കുറച്ച് സാധനങ്ങളെല്ലാം വാങ്ങി വീട്ടിൽ കൊണ്ടുപോയി കൊടുത്തു. എന്നിട്ട് പറഞ്ഞു:"ഇത് നിനക്കുള്ള സമ്മാനമാണ്.''വളരെ സ്നേഹത്തോടെ സംസാരിക്കുകയും ചെയ്തു. ഇത്കണ്ട് ഭാര്യ അന്തംവിട്ട് നിന്നു. ഇന്ന് എന്റെ ഭർത്താവിന് എന്ത് പറ്റി.? ഇത്ര വലിയ വിപ്ലവം അദ്ദേഹത്തിൽ എങ്ങനെയുണ്ടായി. അവൾ ധൈര്യപ്പെട്ടുകൊണ്ട് ചോദിച്ചു. "നിങ്ങൾക്കെന്തുപറ്റി? "അദ്ദേഹം പറഞ്ഞു. മസീഹ് മൗഊദ്(അ)ന്റെ സദസ്സിൽ ഭാര്യയോട് മോശമായി പെരുമാറിയതിനെക്കുറിച്ച് പറയപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കോപവും അനിഷ്ടവും ഞാൻ കണ്ടിരിക്കുന്നു. ഞാൻ ഇതുവരെ നിന്നോട് ചെയ്ത തെറ്റുകൾ അല്ലാഹു പൊറുത്തുതരട്ടെ. നീയും എനിക്ക് പൊറുത്തു തരിക. ഇനി ഞാൻ നല്ല രീതിയിൽ വർത്തിക്കുന്നതാണ്.

യഥാർഥത്തിൽ ഈ മാറ്റങ്ങളാണ് ഹിദായത്തിന്റെ മാർഗത്തിലേക്ക് നമ്മെ കൊണ്ടുപോകുന്നത്. വീടുകളിൽ നിന്ന് തുടങ്ങി നമ്മുടെ ചുറ്റുപാടും അത് വ്യാപിക്കുന്നു. അങ്ങനെ അത് ലോക ത്ത് വ്യാപിക്കുന്നു. ഈ

രീതിയിലുള്ള പരിവർത്തനം ഉണ്ടാക്കുമെന്ന ഉടമ്പടിയാണ് ബൈഅത്തിലൂടെ ഒരഹ്മദി ഹദ്റത്ത് മസീഹ് മൗഊദ്(അ)മുമായി ചെയ്തിരിക്കുന്നത്. അല്ലാഹുവിന്റെ സാമീപ്യത്തിന്റെ വഴികൾ ഇതുമുഖേനയാണ് തുറക്കപ്പെടുക. അല്ലാഹു അയച്ച ഒരാളെ അംഗീകരിക്കുകയോ നിസാമുമായി തങ്ങളെ ബന്ധിക്കുകയോ മാത്രമല്ല ഹിദായത്ത്, മറിച്ച് തങ്ങളുടെ ജീവിതത്തെ അതിന്റെ അദ്ധ്യാപനമനുസരിച്ച് ക്രമപ്പെടുത്തുകയും അതിനായി തങ്ങളെ സമർപ്പിക്കുകയും ചെയ്യുക എന്നതുമാണ്.

ഒരു യഥാർഥ വിശ്വാസി എന്ന് പറഞ്ഞാൽ കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചുകൊണ്ട് തന്റെ നന്മയുടെ നിലവാരത്തെ ഉയർത്തുവാൻ നിരന്തരമായി പരിശ്രമിക്കുന്നവനായിരിക്കും. തന്റെ വിശ്വാസത്തിൽ വർദ്ധനവ് വരുത്താൻ വേണ്ടി എപ്പോഴും അവൻ പരിശ്രമിക്കുന്നതാണ്. അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിക്കുക. 'അല്ലാഹുവേ ഏതൊരു സ്വിറാത്തെ മുസ്തഖീമിൽ നീ എന്നെ നിലനിറുത്തിയോ ഇതിൽ പുരോഗതിയിലേക്ക് പദമൂന്നാൻ എന്നെ നീ സഹായിക്കേണമേ. തഖ്വയിൽ മുന്നേറാൻ എപ്പോഴും പരിശ്രമിക്കുന്നവനായി എന്നെ മാറ്റേണമേ.' തഖ്വയിൽ മുന്നേറുന്നവൻ ദൈവ ഭയത്താൽ എപ്പോഴും വിറകൊള്ളുന്നവനായിരിക്കും. ആരുടെ ഹൃദയത്തിലാണോ അല്ലാഹുവിനോടുള്ള ഭയം അങ്കുരിക്കുന്നത് അവൻ സ്രഷ്ടാവിനോടുള്ള കടമാപാലനത്തിന് പരിശ്രമിക്കുകയും അതിനായി പ്രാർഥിക്കുകയും ചെയ്യുന്നതാണ്. അതേപോലെ സൃഷ്ടികളോടുള്ള കടമാപാലനത്തിന് പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അല്ലാഹുവിനോട് സ്വിറാത്തെ മുസ്തഖീമിൽ നിലനിറുത്തേണമേ എന്ന് പ്രാർഥിക്കുന്ന ഒരോരുത്തരും ദീനീ സേവന രംഗത്തും നിത്യവും മുന്നേറുന്നവരായിരിക്കും. നിസ്വാർഥമായി ദീനിസേവനം ചെയ്യുന്നവരായിരിക്കും. അതുകൊണ്ട് ഒരു യഥാർഥ വിശ്വാസി സ്വയം സാത്വികനും പരിശുദ്ധനുമാണെന്ന് ധരിക്കുന്നവനെപ്പോലെയാകരുത്. താൻ വലിയ സ്ഥാനത്ത് എത്തിക്കഴിഞ്ഞെന്ന് ധരിക്കുന്നവൻ തനിക്ക് സ്ഥായിയായ സ്ഥാനം കരഗതമായിരിക്കുന്നു എന്ന തെറ്റിദ്ധാരണയിലാണ്. അവർക്ക് ലഭിച്ച സ്ഥാനം സുരക്ഷിതമാണെന്ന് അവർ കരുതുന്നു. മനുഷ്യർക്ക് ഇങ്ങനെ ഒരു ചിന്ത തന്നെ എപ്പോഴെങ്കിലും വന്നാൽ അവർ എത്ര തന്നെ സാത്വികരായാലും ശരി അവർ ആത്മീയമായി നാശമടഞ്ഞവരാണെന്ന് മനസ്സിലാക്കുക. ശൈത്താന്റെ പിടിയിലാണ് അവർ അമർന്നതെന്ന് മനസ്സിലാക്കുക. അതുകൊണ്ട് എപ്പോഴും തങ്ങളുടെ ആത്മപരിശോധന നടത്തുകയും അടുത്ത പദവിയിലേക്ക് ഗമിക്കുകയും ചെയ്യുക എന്നതാണ് ഒരു വിശ്വാസിയുടെ കടമ. ലഭിക്കേണ്ട സ്ഥാനം ലഭിച്ചിരിക്കുന്നു എന്ന് മനക്കണക്ക് കൂട്ടുന്നവർ, ജമാഅത്തിന് വേണ്ടി അല്പം സേവനം ചെയ്തുകൊണ്ട് അതിൽ അഹങ്കരിക്കുകയാണെങ്കിൽ, ജമാഅത്തിന് ചെയ്ത സേവനങ്ങളും തന്റെ ആരാധനകളും മതിയായതാണെന്ന് കരുതി സൃഷ്ടിസേവനത്തിൽ നിന്ന് മുഖംതിരിക്കുകയാണെങ്കിൽ ഈ വ്യക്തി ഏതെങ്കിലും ഉയർന്ന സ്ഥാനത്ത് ശരിക്കും എത്തിയിട്ടുണ്ടെങ്കിൽ പോലും മുകളിൽ പറഞ്ഞ ചിന്ത കാരണം ഇദ്ദേഹത്തിൽ നിന്ന് ആ സ്ഥാനമെല്ലാം ഇല്ലാതെയായിത്തീരുന്നതാണ്. അതുകൊണ്ട് യഥാർഥ വിശ്വാസി ഇന്ന് ചെയ്യുന്ന സൽപ്രവർത്തനങ്ങളെക്കുറിച്ച് മാത്രമല്ല ചിന്തിക്കുക. തന്റെ പര്യവസാനം ഏതു രീതിയിലായിരിക്കും എന്നു കൂടി ചിന്തിക്കുന്നതാണ്. പര്യവസാനം നന്നായിത്തീരുന്നതിന് അവൻ പ്രാർഥിച്ചുകൊണ്ടിരിക്കും.

നബി(സ)യെക്കാളും കൂടുതൽ വിശുദ്ധീകരിക്കുന്ന ശക്തി മറ്റാർക്കും ഈ ലോകത്ത് ഉണ്ടാകുന്നതല്ല. നബി(സ)യുടെ വഹ്യ് എഴുതുന്ന ആൾ തിരുനബി(സ)യുടെ സാമീപ്യം കരസ്ഥമാക്കിയ വ്യക്തിയായിരുന്നു. വഹ്യ് എഴുതാൻ തിരുനബി (സ)എപ്പോഴും അദ്ദേഹത്തെ ആശ്രയിച്ചിരുന്നു. ഈ സ്ഥാനം വ്യക്തമാക്കുന്നത് തിരുനബി(സ)ക്ക് അദ്ദേഹത്തിൽ വിശ്വാസമുണ്ടായിരുന്നു എന്നാണ്. അബ്ദുല്ലാഹിബ്നു ഉബയ്യ് എന്ന വഹ്യ് എഴുതുന്ന വ്യക്തിയെക്കുറിച്ച് വലിയ ആദരവ് മറ്റുള്ളവരുടെ മനസ്സിലും തീർച്ചയായും ഉണ്ടായിരുന്നു. കാരണം ഇദ്ദേഹം തിരുനബി(സ)യുടെ വഹ്യ് എഴുതുന്ന ആളാണ്. എന്നാൽ ആ വ്യക്തിയുടെ പര്യവസാനം എന്തായി. അയാൾക്ക് മാർഗഭ്രംശം സംഭവിക്കുകയും തനിക്ക് ലഭിച്ച സ്ഥാനത്ത് നിന്ന് നിഷ്കാസിതനാവുകയും ചെയ്തു. ഇതേപോലെ മസീഹ് മൗഊദ്(അ)ന്റെ കാലത്ത് അദ്ദേഹത്തോടുള്ള സ്നേഹത്തിൽ വളരെയധികം മുൻകടന്നവരുണ്ടായിരുന്നു. എന്നാൽ അവരുടെ ദൗർഭാഗ്യം അവരെ വഴികേടിലാക്കിയപ്പോൾ അവർക്ക് മാർഗഭ്രംശം സംഭവിക്കുകയും വാഗ്ദത്ത മസീഹിന്റെ കൊടിയ ശത്രുക്കളിൽ ഉൾപ്പെടുകയും ചെയ്തു. ആ മഹാത്മാവിനെതിരിൽ തരം താണതും നീചവുമായ ആക്ഷേപങ്ങൾ ഉന്നയിക്കുന്നവരുമായി മാറി. നിത്യവും പുതിയ പുതിയ ആക്ഷേപങ്ങൾ അവർ ഉന്നയിച്ചു കൊണ്ടിരുന്നു. അതിനാൽ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന പര്യവസാനം നന്നാക്കുന്നതിനായി അനിവാര്യമാണ്. ഇതിനെക്കുറിച്ച് ചിന്തിക്കുകയും ഇത് ചൊല്ലുകയും ചെയ്യുക.

മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു.“മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും സ്വിറാത്തൽ മുസ്തഖീമിൽ ചരിക്കുക എന്നതും അത് തേടലുമാണ്. അത് അവതരിച്ചിരിക്കുന്നത് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന വാക്കുകളിലാണ്. അല്ലാഹുവേ നീ ഞങ്ങൾക്ക് നേരായ മാർഗം കാട്ടിത്തരേണമേ. നിന്റെ അനുഗ്രഹം ലഭിച്ചവരുടെ മാർഗം. ഈ പ്രാർഥന എല്ലാ സമയത്തെ നമസ്ക്കാരത്തിലും എല്ലാ റകഅത്തിലും ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഇതിന്റെ അടിക്കടിയുള്ള ആവർത്തനം തന്നെ ഇതിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നതാണ്.

നമ്മുടെ ജമാഅത്ത് ഓർമവെക്കുക. ഇത് നിസ്സാരമായ കാര്യമല്ല. തത്തയെ പ്പോലെ ഈ വാക്കുകൾ നാവു കൊണ്ട് ഉരുവിടുക എന്നതല്ല യഥാർഥ ലക്ഷ്യം. ഇത് മനുഷ്യനെ പരിപൂർണ മനുഷ്യനാക്കാനുള്ള ഉത്തമ മരുന്നും ഒരിക്കലും പിഴച്ചു പോകാത്ത കുറിപ്പടിയുമാണ്. അതിനെ എപ്പോഴും കൺമുമ്പിൽ വെക്കേണ്ടതാണ്. എപ്പോഴും മന്ത്രം പോലെ ജപിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

ഈ ദുആ മുഖേന സൃഷ്ടികളോ ടുള്ള കടമ നിറവേറ്റാൻ കഴിയുന്ന തോടൊപ്പം മനുഷ്യന്റെ കഴിവുകളെ പരിപോഷിപ്പിക്കാനും സാധിക്കുന്ന താണ്. മസീഹ് മൗഊദ് (അ) പറയു ന്നു. "ചുരുക്കത്തിൽ ഓരോ മനുഷ്യ ന്റെയും യഥാർഥ ലക്ഷ്യം അല്ലാഹു അനുഗ്രഹിച്ചവരിലുള്ള ശ്രേഷ്ഠത കളും സ്വിറാത്തൽ മുസ്തഖീം എന്ന തിൽ അല്ലാഹു സൂചന നൽകിയ കഴിവുകളും കരസ്ഥമാക്കുക എന്ന താണ്. നമ്മുടെ ജമാഅത്തിലുള്ളവർ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്. അല്ലാഹു ഈ ജമാ അത്ത് സ്ഥാപിച്ചുകൊണ്ട് ഉദ്ദേശിച്ചി രിക്കുന്നത് തിരുനബി(സ) ഉണ്ടാക്കി യതുപോലുള്ള ഒരു ജമാഅത്തിനെ വാർത്തെടുക്കുക എന്നതാണ്. ഈ അവസാന കാലത്ത് വിശുദ്ധ ഖുർ ആന്റെയും തിരുനബി(സ) യുടെയും സത്യത്തിന്റെയും മഹത്വത്തിന്റെയും സാക്ഷികളായി ഈ ജമാഅത്ത് മാറു ന്നതിനായാണ്. ജമാഅത്തിൽ ഉൾപ്പെടാൻ കഴിയുക എന്നത് വലിയ സ്ഥാനമാണെങ്കിലും ഓരോ വ്യക്തിയിലും ഇത് വലിയ ഉത്തരവാ ദിത്വമാണ് അർപ്പിക്കുന്നത്. വിശുദ്ധ ഖുർആന്റെയും നബി(സ)യുടെയും സത്യത്തിന്റെയും മഹത്വത്തിന്റെയും സാക്ഷികളായി ഓരോ അഹ്മദിയും മാറേണ്ടതാണ്. ഓരോ അഹ്മദിയും വിശുദ്ധ ഖുർആന്റെയും തിരുനബി (സ)യുടേയും സത്യത്തിന്റെ സാക്ഷി കളായിത്തീരുന്നത് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന ചെയ്തുകൊണ്ട് പുരോഗതിയുടെ പടവുകൾ കയറു മ്പോഴാണ്. അനുഗ്രഹിക്കപ്പെട്ടവ രുടെ പദവി കരസ്ഥമാക്കിക്കൊണ്ടി രിക്കുമ്പോഴാണ്. വിശുദ്ധ ഖുർ ആന്റെ അദ്ധ്യാപനത്തെ തന്റെ ജീവി തത്തിന്റെ ഭാഗമാക്കി മാറ്റുമ്പോഴാണ്. തിരുനബി(സ)യുടെ മാതൃകയനുസ രിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോഴാണ്. അതിനാൽ ഈ സ്ഥാനം കരസ്ഥമാ ക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. നാം ഇതിനായി പരിശ്രമിക്കുമ്പോൾ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്നത് ശരിക്കും ഗ്രഹിക്കുന്നവരായി നാം മാറുന്നതാ ണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ആഗമനലക്ഷ്യം പൂർത്തി യാക്കുന്നവരായി നാം മാറുന്നതാണ്. അല്ലെങ്കിൽ മസീഹ് മൗഊദ് (അ)പറ ഞ്ഞതുപോലെ ഈ പ്രാർഥനയും തത്ത ഉരുവിടുന്നതു പോലെ വെറും ശബ്ദങ്ങളായി അവശേഷിക്കുന്നതാ ണ്.

ഹദ്റത്തമസീഹ് മൗഊദ് (അ)പറ യുന്നു."അല്ലാഹുവുമായുള്ള ബന്ധ ത്തിൽ അല്പമെങ്കിലും മായം കലർത്തിയിട്ടുണ്ടെങ്കിൽ തിരിച്ചും അതേ പ്രതികരണം ഉണ്ടാകുന്നതാ ണ്. (അല്ലാഹു മായം ചേർക്കുമെ ന്നല്ല പറഞ്ഞത്. നിങ്ങൾ മായം ചേർത്തുകൊണ്ട് അല്ലാഹുവിനെ വഞ്ചിക്കാൻ ശ്രമിച്ചാൽ നിങ്ങളുടെ പ്രവർത്തനത്തിന് പ്രതിഫലം ലഭിക്കി ല്ല. അല്ലാഹു എല്ലാ കാര്യങ്ങളും അറിയുന്നവനാണ്.) എന്നാൽ അല്ലാ ഹുവുമായുള്ള ഇടപാട് ശരിയാക്കു കയും അല്ലാഹുവുമായുള്ള ബന്ധ ത്തിൽ ന്യൂനതകളൊന്നും ഇല്ലെന്നും കണ്ടാൽ അല്ലാഹു അവരോട് ഈ വ്യത്യാസം കൽപ്പിക്കുന്നതല്ല. മനു ഷ്യന്റെ ഹൃദയം സ്വയം അവന് ഒരു കണ്ണാടിയാണ്. ഇതിൽ അവന് സർവതും ദർശിക്കാൻ സാധിക്കുന്ന താണ്. ദുഃഖത്തിൽ നിന്ന് രക്ഷ പ്രാപിക്കാനുള്ള യഥാർഥ വഴി ശരി യാം വണ്ണം തന്റെ തെറ്റുകുറ്റങ്ങൾ പൊറുത്തുതരാൻ വേണ്ടി അർഥിക്കു ക എന്നതാണ്. ആത്മാർഥതയും കൂറും കാണിക്കുകയും ചെയ്യുക. നിങ്ങൾ സ്വീകരിച്ചിരിക്കുന്ന ബൈഅ ത്തിന്റെ ഈ മാർഗത്തെ മറ്റെല്ലാ മാർഗത്തെക്കാളും മുൻഗണന നൽകുക. കാരണം ഇതിനെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടുന്നതായിരി ക്കും."എപ്പോഴും ആത്മ പരിശോധന നടത്തേണ്ടത് അനിവാര്യമാണ്. ലോകത്ത് കോടിക്കണക്കിന് മുസ്ലിംകളുണ്ട്. നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന അവർ ചൊല്ലുന്നു ണ്ട്. തത്ത ഉരുവിടുന്നതുപോലെ ഉരു വിടുന്നതുകൊണ്ട് നമസ്ക്കാരത്തിന് ശേഷം ഫിത്നയും ഫസാദും ചെയ്യു ന്നതിലേക്കാണ് അവരുടെ ശ്രദ്ധ പോകുന്നത്. ജമാഅത്തിനെതിരിൽ അവരുടെ വായിൽ നിന്ന് അസഭ്യ ങ്ങൾ മാത്രമാണ് പുറപ്പെടുന്നത്. മസ്ജിദുകളിൽ നിന്നുകൊണ്ട് അസഭ്യം പുലമ്പുന്നു. അതുമല്ലെ ങ്കിൽ പരസ്പരമുള്ള ഫിത്നകളിൽ അവർ അകപ്പെട്ടിരിക്കുകയാണ്. അവരുടെ ഈ പ്രവർത്തനമാണോ ഇവർക്ക് പഠിപ്പിച്ചുകൊടുത്ത സ്വിറാ ത്തൽ മുസ്തഖീം എന്ന മാർഗം. അല്ലേയല്ല. നമ്മുടെ മുമ്പിലുള്ള സ്വിറാത്തെ മുസ്തഖീം എന്ന മാർഗം മൃഗ സ്വഭാവത്തിൽ നിന്ന് കരകയറ്റി മനുഷ്യനാക്കിത്തീർക്കുന്നതും വിദ്യാസമ്പന്നനായ മനുഷ്യനെ ദൈവിക മനുഷ്യനാക്കിത്തീർക്കുന്ന തുമാണ്. ഈ മാതൃക നമ്മുടെ മുമ്പാകെ ഏതോ കഥയുടെ രൂപത്തി ലല്ല ഉള്ളത്. നാം ഇവിടെ വന്ന് കുറച്ച് കഥ കേട്ട് എല്ലാം ആയി എന്ന അർഥ ത്തിലല്ല. ഈ മാതൃകകളെല്ലാം പ്രാവർത്തികമാക്കാൻ പ്രേരണ ലഭി ക്കുന്നതിന് വേണ്ടിയാണ്. ഇക്കാര്യ ങ്ങൾ പ്രാവർത്തികമാക്കാനാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ഇക്കാ ലത്ത് നമ്മോട് ബൈഅത്ത് വാങ്ങി യിരിക്കുന്നത്. ഈ ഒരു വികാരത്തെ നിലനിറുത്തിക്കൊണ്ട് വിശുദ്ധ ഖുർ ആന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചാൽ മാത്രമേ ബൈഅ ത്തിന്റെ മാർഗത്തെ മുന്തിക്കാൻ കഴി യുകയുള്ളൂ. അതല്ലാതെ നാം കോടി ക്കണക്കിന് തവണ നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന പ്രാർഥന ആവർത്തിച്ചു എന്ന ത്കൊണ്ട് അല്ലാഹു തൃപ്തനാകുക യില്ല. ഇതിനുവേണ്ടിയുള്ള പ്രവർത്ത നവും അല്ലാഹുവിനോട് സ്വിറാത്തെ മുസ്തഖീമിൽ നിലനിർത്താനും

അത് ലഭിക്കാനും ചെയ്യുന്ന ഹൃദയാന്തരാളങ്ങളിൽ നിന്ന് നിർഗമിക്കുന്ന പ്രാർഥനകളും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന് കാരണമായിത്തീരുന്നതാണ്. അതല്ലാതെ മസീഹ് മൗഊദ് (അ)പറഞ്ഞതുപോലെ നിങ്ങൾ ചോദിക്കപ്പെടുന്നതാണ്. നിങ്ങളുടെ വാദത്തിനെതിരായിരിക്കും നിങ്ങളുടെ പ്രവർത്തനം. അതിനാൽ ഓരോ പ്രാർഥനയോടൊപ്പവും പരിശ്രമവും സദുദ്ദേശ്യവും നിർബന്ധമാണ്.

ഒരു മുഅ്മിന്റെ സ്ഥാനപദവിയെക്കുറിച്ച് മസീഹ് മൗഊദ് (അ) പറയുന്നു: ഒരാളുടെ പക്കൽ യഥാർഥ നന്മയുടെ ശേഖരം ഇല്ലെങ്കിൽ അവൻ മുഅ്മിനല്ല. അതുകൊണ്ടാണ് നീ ഞങ്ങളെ നേർമാർഗത്തിൽ നയിക്കേണമേ എന്ന ദുആ സൂറാ ഫാത്വിഹായിൽ അല്ലാഹു പഠിപ്പിച്ചിരിക്കുന്നത്. മനുഷ്യൻ കളവ്, വ്യഭിചാരം പോലുള്ള വലിയ വലിയ പാപങ്ങൾ ഉപേക്ഷിക്കുക എന്നത് മാത്രം നന്മയായി പരിഗണിക്കരുത്. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ എന്നതിൽ പറഞ്ഞ അനുഗ്രഹം പ്രത്യേക വസ്തുവാണെന്നും അത് കരസ്ഥമാക്കാത്തിടത്തോളം കാലം നന്മയുള്ളവനെന്നും സാത്വികനെന്നും പറയപ്പെടാൻ പറ്റില്ല എന്നും മനസ്സിലാക്കുക. നോക്കുക, എന്നെ നീ ദുർനടപ്പുകാരിലും തെമ്മാടികളിലും ഉൾപ്പെടുത്തരുതേ എന്ന ദുആയല്ല പഠിപ്പിച്ചത്. മറിച്ച് അനുഗ്രഹം ലഭിച്ചവരിൽ ഉൾപ്പെടുത്തേണമേ എന്ന് പറയാനാണ് പറഞ്ഞത്. അതുകൊണ്ട് ഒന്നുരണ്ട് നന്മകൾ ചെയ്താൽ പോരാ, യഥാർഥ വിശ്വാസിക്ക് നന്മകളുടെ ഒരു ശേഖരം തന്നെ അവനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. നന്മയുടെ ഈ ശേഖരം അല്ലാഹുവിന്റെയും സൃഷ്ടികളുടെയും കടപ്പാടുകൾ നിർവഹിക്കുന്നതിലൂടെയും വിശുദ്ധ ഖുർആന്റെ കല്പനകൾ നിറവേറ്റുന്നതിലൂടെയുമാണ് ലഭിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു."ഓർക്കുക. പരിശുദ്ധിയുടെയും നന്മയുടെയും അടിവേര് അല്ലാഹുവിലുള്ള വിശ്വാസമാണ്. അല്ലാഹുവിലുള്ള വിശ്വാസം ബലഹീനമാകുന്നതനുസരിച്ച് സദ്പ്രവർത്തനങ്ങളിലും ബലഹീനതയും അലസതയും ഉണ്ടാകുന്നതാണ്. വിശ്വാസം സുദൃഢമാകുകയും അല്ലാഹുവിനെ സർവഗുണങ്ങളാലും ദൃഢമായി വിശ്വസിക്കുകയും ചെയ്യുകയാണെങ്കിൽ അത്ഭുതകരമായ മാറ്റം മനുഷ്യന്റെ പ്രവർത്തനത്തിൽ ദൃശ്യമാകാൻ കഴിയുന്നതാണ്. അല്ലാഹുവിൽ വിശ്വസിക്കുന്നവന് തിന്മ ചെയ്യാൻ സാധിക്കുന്നതല്ല. കാരണം ഈ വിശ്വാസം അവന്റെ ദേഹേച്ഛകളായ ശക്തിയേയും തിന്മ ചെയ്യുന്ന അവയവങ്ങളുടെ ഞരമ്പുകളേയും മുറിച്ചുകളയുന്നു. നോക്കുക, ആരുടെയെങ്കിലും കണ്ണ് ചൂഴ്ന്നെടുത്താൽ അയാൾക്ക് ദുർനോട്ടം ചെയ്യാൻ സാധിക്കുമോ? കണ്ണുകൊണ്ടുള്ള തിന്മ അവനെങ്ങനെ ചെയ്യാൻ സാധിക്കും.? ഇതേപോലെ കൈ മുറിച്ചു കളഞ്ഞാൽ, ലൈംഗിക ശക്തി മുറിച്ചു കളഞ്ഞാൽ ഈ അവയവങ്ങളുമായി ബന്ധപ്പെട്ട തിന്മകൾ അവന് എങ്ങനെ ചെയ്യാൻ സാധിക്കും? ഇതേപോലെ ഒരു മനുഷ്യൻ **മുത്മഇന്ന** എന്ന അവസ്ഥ പ്രാപിച്ചു കഴിഞ്ഞാൽ **നഫ്സെ മുത്മഇന്ന** അവനെ അന്ധനാക്കുന്നതാണ്. അവന്റെ കണ്ണുകളിൽ പാപം ചെയ്യാനുള്ള ശക്തി അവശേഷിക്കുകയില്ല. അവന് കാഴ്ചയുണ്ടെങ്കിലും കാണുന്നില്ല. കാരണം കണ്ണുകൊണ്ടുള്ള തിന്മയുടെ ആ ശക്തി എടുത്തു മാറ്റപ്പെട്ടിരിക്കുകയാണ്. അവന് ചെവിയുണ്ടെങ്കിലും ബധിരനായിരിക്കും. തിന്മയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവന് കേൾക്കാൻ കഴിയില്ല. ഇതേപോലെ അവന്റെ ദേഹേച്ഛകളും വികാരങ്ങളും ആന്തരിക ശക്തികളും എല്ലാം മുറിച്ച് മാറ്റപ്പെടുന്നു. തിന്മ പ്രത്യക്ഷപ്പെടാൻ സാധ്യതയുണ്ടായിരുന്ന സർവ അവയവങ്ങൾക്കും ഒരു മരണം സംഭവിക്കുന്നു. അങ്ങനെ അവൻ ഒരു മയ്യത്തിനെപ്പോലെ ആയിത്തീരുന്നു. അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ചായിരിക്കും അവൻ പ്രവർത്തിക്കുക. അവനില്ലാതെ ഒരടിപോലും വെക്കാൻ അവന് സാധ്യമല്ല. അല്ലാഹുവിൽ യഥാർഥ വിശ്വാസമുണ്ടാകുമ്പോഴുള്ള അവസ്ഥയാണിത്. ഇതിന്റെ ഫലമായി പരിപൂർണ സംതൃപ്തി അവന് ലഭ്യമാകുന്നു. മനുഷ്യന്റെ യഥാർഥ ലക്ഷ്യം ഈ സ്ഥാനം കരസ്ഥമാക്കുക എന്നതായിരിക്കണം."

പറയുന്നു:"നമ്മുടെ ജമാഅത്തിന് ഇതിന്റെ ആവശ്യമാണുള്ളത്. പരിപൂർണ സംതൃപ്തി കൈവരിക്കാൻ പരിപൂർണ വിശ്വാസം അനിവാര്യമാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്തിന്റെ പ്രഥമമായ ഉത്തരവാദിത്വം, അല്ലാഹുവിൽ യഥാർഥ വിശ്വാസം അവർ കരസ്ഥമാക്കുക എന്നതാണ്. വിശ്വസിച്ചാൽ മാത്രം പോരാ. വിശ്വാസത്തിന്റെ ഈ നിലവാരം നാം കരസ്ഥമാക്കേണ്ടതാണ്."

ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ കാണാൻ ആഗ്രഹിക്കുന്ന ഉന്നതസ്ഥാനമാണിത്. നമുക്ക് നമ്മുടെ ജീവിതത്തിൽ പരിശുദ്ധമായ മാറ്റം വരുത്തിക്കൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവുമായുള്ള ബന്ധത്തിൽ മുന്നേറുന്നവരായി നാം മാറട്ടെ. അല്ലാഹു ഏതൊരു ഹിദായത്തിലാണോ നമ്മെ നിലനിറുത്തിയിരിക്കുന്നത് ഏതൊരു അനുഗ്രഹമാണോ അവൻ നമ്മോട് ചെയ്തിരിക്കുന്നത് ആ അനുഗ്രഹത്തിനും പാരിതോഷികത്തിനും നന്ദി പ്രകടിപ്പിക്കുന്നവരായി, അല്ലാഹുവിന്റെ കല്പനകളിൽ മുന്നേറുന്നവരായി നാം മാറട്ടെ. നമ്മുടെ മക്കളിൽ അഹ്മദിയ്യത്തിന്റെ അനുഗ്രഹത്തെ നിലനിർത്തുന്നതിനു വേണ്ടി നാം നമ്മുടെ പ്രയത്നത്തിലും ദുആയിലും ഒരിക്കലും അലസരാകാതിരിക്കട്ടെ. ഭൗതിക സുഖാഢംബരങ്ങളുള്ള ഈ നാടുകൾ നമ്മെ നമ്മുടെ ലക്ഷ്യത്തിൽ നിന്നും അകറ്റുന്നവരാക്കാതിരിക്കട്ടെ. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

വിവ: മൗലവി എം. നാസിർ അഹ്മദ്

# മുഹമ്മദ് നബി(സ): ഹൃദയഹാരിയായ ദൈവദൂതൻ

ഏത് മനുഷ്യനേയും സ്വാധീനിക്കുന്ന അത്യുന്നതമായ സാത്വിക വിശുദ്ധിയുള്ള റസൂൽ തിരുമേനി(സ)യുടെ ജീവിതം മാനവീയതയുടെ സമ്പൂർണ മാതൃകയായിരുന്നു. പാവനമായ ആ ജീവിതം മനുഷ്യ ഹൃദയങ്ങളെ ആർദ്രപൂരിതമാക്കുകയും മനുഷ്യനെ ദിവ്യനാക്കി മാറ്റുകയും ചെയ്യുന്നു.

എ.ജി സൂഫി

**ഇ**സ്ലാം മതത്തിന്റെ വിശുദ്ധനായ സ്ഥാപകൻ റസൂൽ തിരുമേനി (സ) തന്റെ മുഴുജീവിതവും ദൈവത്തിന് വേണ്ടി സമർപ്പിച്ച ഒരു മഹാത്മാവായിരുന്നു. ദരിദ്രാവസ്ഥയിൽ ഒരു അനാഥനായിട്ടായിരുന്നു അവിടുന്ന് ജനിച്ചത്. ജീവിതത്തിലൊരിക്കലും തിരുമേനി(സ) വയറ് നിറച്ച് ആഹാരം കഴിച്ചിരുന്നില്ല. ഒരിക്കലും വില കൂടിയ വസ്ത്രങ്ങൾ ധരിച്ചിരുന്നില്ല. ഒരു രാജാധിരാജനെ പോലെ ജനങ്ങൾ അദ്ദേഹത്തെ സകലതും നൽകി ആദരിച്ചെങ്കിലും അദ്ദേഹം ദിവംഗതനായപ്പോൾ ഒരു ചില്ലിക്കാശു പോലും സ്വന്തമായിട്ടില്ലായിരുന്നു. അവിടുത്തെ വസതി ചളിക്കട്ടകൊണ്ട് നിർമിച്ച ഒരു കൂരയായിരുന്നു. പള്ളി തന്നെയായിരുന്നു അവിടത്തെ ദർബാർ. സിംഹാസനമാകട്ടെ ചരൽ പാകി മിനുസമാക്കിയ നിലവും. പുല്ലുകൊണ്ട് നിർമിച്ചതായിരുന്നു റസൂൽ തിരുമേനി(സ)യുടെ ശയ്യ. സ്വന്തം കരങ്ങൾ തന്നെയായിരുന്നു റസൂൽ തിരു മേനി(സ)യുടെ തലയിണ. മാസങ്ങളോളം പുകയുയരാത്ത ആ കൂരയിൽ പാചകം ചെയ്യാൻ ഒന്നുമുണ്ടായിരുന്നില്ല. ആ കുടുംബം ആട്ടിൽ പാൽ കൊണ്ടും അൽപ്പം കാരക്കകൊണ്ടും വിശപ്പകറ്റി. അതുമില്ലാത്തപ്പോൾ പട്ടിണി കിടന്നു. അവിടുത്തെ പത്നിമാർക്ക് വീട്ടുജോലിക്കാരില്ലായിരുന്നു. പട്ടു വസ്ത്രങ്ങളില്ല. ആഭരണങ്ങളില്ല. താഴ്ന്നതും വിലകുറഞ്ഞതുമായിരുന്നു അവരുടെ വസ്ത്രങ്ങൾ. തിരുദൂതർ ഒരു തരി സ്വർണമോ വെള്ളിയോ സൂക്ഷിച്ചിരുന്നില്ല. തിരുമേനി(സ)ക്ക് ലഭിച്ചതെല്ലാം പാവങ്ങൾക്കും ദരിദ്രർക്കും നൽകി. അവിടുന്ന് വിടപറയുമ്പോൾ വീട്ടിൽ അവശേഷിച്ചിരുന്നത് ഏതാനും മണി ബാർലിയുടെ ധാന്യങ്ങൾ മാത്രമായിരുന്നു.

തിരുമേനി(സ) ആരോഗ്യ ദൃഢഗാത്രനും മധ്യനിലയിൽ ഉയരമുള്ള ആളുമായിരുന്നു. അയഞ്ഞ മുടിയും ഇടതൂർന്ന താടിയും നീണ്ട മൂക്കും കറുത്ത മനോഹരമായ മീശയും നീണ്ടു മെലിഞ്ഞ പുരികങ്ങളും വിശാലമായ നെറ്റിത്തടങ്ങളുമുള്ള അവിടത്തെ തിരുമുഖം അതീവ സുന്ദരവും അതിലേറെ ആകർഷകവുമായിരുന്നു. നടത്തം അൽപ്പം വേഗത്തിലും സംസാരം പതുക്കെയുമായിരുന്നു. അപരിചിതനാകട്ടെ പരിചിതനാകട്ടെ ആരെ കണ്ടാലും അവിടുന്ന് ഒരു ചെറു പുഞ്ചിരിയോടെ ആളുകളെ അഭിവാദ്യം ചെയ്തു സ്വീകരിക്കുകയും അവരുടെ കരം ഗ്രഹിക്കുകയും ചെയ്യുമായിരുന്നു. അവർ പറയുന്നതെല്ലാം ശ്രദ്ധയോടെ ക്ഷമാപൂർവം കേൾക്കും. അവരുടെ സഹായാഭ്യർഥനകളിൽ നിന്നോ ആവശ്യങ്ങളിൽ നിന്നോ ഒരിക്കലും മുഖം തിരിച്ചിരുന്നില്ല. ഒരാൾക്ക് കൈകൊടുത്താൽ കൈ പിൻവലിക്കുന്നത് ഒരിക്കലും അദ്ദേഹമായിരിക്കില്ല. അവിടുത്തെ ജീവിതം അത്യന്തം മധുരവും ലളിതവും അത്യന്തം മധുരോദാത്തവുമായിരുന്നു. എത്ര ക്രൂരമായി പെരുമാറിയവർക്കും എത്ര വലിയ തെറ്റ് ചെയ്തവർക്കും മാപ്പു നൽകാനും പൊറുത്തുകൊടുക്കാനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു. അപൂർവം സന്ദർഭങ്ങളിൽ കൊടിയ പാപികളെ മാത്രമേ അദ്ദേഹം ശിക്ഷിച്ചിരുന്നുള്ളൂ. അതും പൊറുമയേക്കാൾ ശിക്ഷയാണ് അയാളിൽ ഏതെങ്കിലും പരിവർത്തനം നടത്തുവാൻ സാധ്യതയു ള്ളത് എന്ന ദൃഢബോദ്ധ്യം വരുന്നുവെങ്കിൽ മാത്രം. അവിടത്തെ ചിന്തയും വാക്കും പ്രവർത്തിയുമെല്ലാം അല്ലാഹുവിന് വേണ്ടിയായിരുന്നു. ജീവിതത്തിൽ മറ്റൊരു ലക്ഷ്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ദൈവത്തിന്റെ തൃപ്തി മാത്രമായിരുന്നു അവിടുന്ന് അന്വേഷിച്ചത്. അദ്ദേഹം ഹുദൈബിയയിൽ ശത്രുക്കളുമായി സന്ധി ചെയ്തെങ്കിൽ അത് അല്ലാഹുവിന് വേണ്ടിയായിരുന്നു. സന്ധിയിലെ കരാർ വ്യവസ്ഥ മുസ്ലിംകളെ സംബന്ധിച്ചിടത്തോളം തീക്ഷ്ണവും അരോചകവുമായിരുന്നു.

അതായത് ഹുദൈബിയ്യാ സന്ധി പ്രകാരം മുസ്‌ലികൾ കഅ്ബ വലം വെക്കുന്നത് തടയപ്പെട്ടിരിന്നു. മുഹമ്മദ് നബി (സ) യുടെ അരികലേക്ക് തങ്ങളുടെ രക്ഷിതാക്കന്മാരുടെ സമ്മതമില്ലാതെ ആർ തന്നെ വന്നാലും അവർ തങ്ങളുടെ രക്ഷിതാക്കളിലേക്ക് മടക്കി തിരിച്ചയക്കപ്പെടുന്നതാണ്. വളരെ വേദനാജനകവും തന്റെ അനുയായികളുടെ വികാരത്തെ വ്രണപ്പെടുത്തുന്നതായി കണ്ടിട്ടുകൂടി അദ്ദേഹം ആ കരാർ സ്വീകരിച്ചു, പാലിച്ചു. പതിനായിരം അനുചരന്മാരോടൊപ്പം തന്നെ തിരസ്ക്കരിച്ച ജന്മഗേഹമായ മക്കയിലേക്ക് ചെന്നു. അതിക്രൂരമായിട്ടായിരുന്നു മക്കക്കാർ അദ്ദേഹത്തോട് പെരുമാറിയത്. പക്ഷേ അദ്ദേഹത്തിന് കീഴടങ്ങിയ മക്കക്കാർക്കെല്ലാം അദ്ദേഹം മാപ്പ് നൽകുകയാണുണ്ടായത്. തന്റെ കാരുണ്യവലയത്തിൽ മക്കക്കാരെ അണച്ചു നിർത്തി. മക്കക്കാർ തന്നെയും, തന്റെ അനുചരന്മാരെയും അതിഭയാനകാം വിധം പീഡിപ്പിച്ചിരുന്നു. ആഫ്രിക്കൻ അടിമയായിരുന്ന തന്റെ പ്രിയപ്പെട്ട അനുചരൻ ബിലാൽ ക്രൂരതയുടെ ഏറ്റവും ഹീനമാർഗങ്ങളിലൂടെയായിരുന്നു പീഡിപ്പിക്കപ്പെട്ടത്. ഒരിക്കൽ പുറത്ത് ചാട്ടവാർ കൊണ്ടടിച്ച് ബിലാൽ (റ) നെ ചുട്ടു പഴുത്ത പൂഴിയിൽ കിടത്തി. അദ്ദേഹത്തിനു മേൽ ഭാരമുള്ള കല്ലുവെച്ചു. ഏക ദൈവത്തിൽ വിശ്വസിക്കുകയും മുഹമ്മദ് നബി(സ)യെ ദൈവ ദൂതനായി സ്വീകരിച്ചതുമായിരുന്നു അദ്ദേഹം ചെയ്ത കുറ്റം. മക്കക്കാരെ സമാധനത്തിന്റെ മാർഗത്തിലേക്ക് ക്ഷണിക്കാനുള്ള പതാക അടിമയായ ആ ആഫ്രിക്കൻ നീഗ്രോയുടെ കൈയിലായിരുന്നു തിരുമേനി (സ) ഏൽപ്പിച്ചത്.

ഇക്‌രിമ, പ്രവാചകനോട് അങ്ങേയറ്റം ക്രൂരത കാട്ടുകയും പകവെ ച്ചു പുലർത്തുകയും ചെയ്ത ഏറ്റവും വലിയ ശത്രുവായ അബൂജ ഹലിന്റെ പുത്രനായിരുന്നു. മക്ക റസൂൽ(സ) തിരുമേനിക്ക് കീഴടങ്ങിയ വിവരമറിഞ്ഞപ്പോൾ ഇക്‌രിമ മക്കയിൽ നിന്നും അബി സീനിയയിലേക്ക് ഓടി രക്ഷപ്പെടുകയായിരുന്നു. ഇക്‌രിമയുടെ പത്നി മനസ്സുകൊണ്ട് മുസ്‌ലിമായിരുന്നു. അവർ തിരുനബി (സ) യോട് ചോദിച്ചു: 'അല്ലയോ തിരുദൂതരെ! താങ്കൾ എന്റെ ഭർത്താവ് ഇക്‌രിമക്ക് പൊറുത്തു കൊടുക്കില്ലേ?'. 'തീർച്ചയായും!'. വീണ്ടും അവർ ചോദിച്ചു. 'അമുസ്‌ലിമായികൊണ്ട് ഈ മക്ക യിൽ താമസിക്കാൻ താങ്കൾ അദ്ദേഹത്തെ അനുവദിക്കില്ലേ?. 'അതെ തീർച്ചയായും.' റസൂൽ തിരുമേനി (സ) മറുപടി പറഞ്ഞു. അവർ തിരിച്ചു പോയി തന്റെ ഭർത്താവിനെ മക്കയിലേക്ക് കൂട്ടിക്കൊണ്ട് വന്നു. ഇക്‌രിമ തന്റെ പത്നിപറഞ്ഞതെല്ലാം തിരുനബി(സ)യുടെ തിരു മുഖത്ത് നിന്നു തന്നെ കേൾക്കണമെന്നായി. അദ്ദേഹം റസൂൽ തിരുമേനി(സ) യുടെ അടുത്തെത്തി ചോദിച്ചു: 'അങ്ങ് എനിക്ക് പോലും പൊറുത്തു തരുന്നതായി എന്റെ ഭാര്യ എന്നോടു പറഞ്ഞു. തിരുനബി(സ) പറഞ്ഞു: 'അതേ, ഇക്‌രിമ'. അദ്ദേഹം അപ്പോൾ തന്നെ ഇസ്‌ലാം മതം സ്വീകരിച്ചു. തിരുമേനി(സ) തന്നെ തന്റെ തിരു വസ്ത്രം കൊണ്ട് ഇക്‌രിമയെ പുതപ്പിച്ചു. അവിടുന്ന് അരുളി 'മുസ്‌ലിമായിക്കൊണ്ട് ആർ എന്റെയടുക്കൽ വന്നാലും അവൻ എന്നോടു കൂടെയുള്ളവനാണ്. എന്റെ വീട് അവന്റെ വീടാണ്.'

ഹബ്ബാർ, തിരുനബി(സ) യുടെ പ്രിയപുത്രിയുടെ മരണത്തിന് കാരണക്കാരനായ ഒരു ശത്രുവായിരുന്നു. ഇറാനിലേക്ക് ഓടിപ്പോവാൻ തീരുമാനിച്ച ഹബ്ബാർ മടങ്ങി വന്ന് റസൂൽ(സ) തിരുമേനിയോട് മാപ്പിന് അപേക്ഷിച്ചു. തിരുമേനി (സ) അദ്ദേഹത്തിന് പൊറുത്തു കൊടുത്തു.

ഹിന്ദ്, അബൂ സുഫിയാന്റെ ഭാര്യയായിരുന്നു. ഹിന്ദും അടിമയായ വഹ്ശിയുമായിരുന്നു തിരുനബി (സ) യുടെ അമ്മാവനും അവിടുന്ന് അത്യധികം സ്നേഹിച്ച വ്യക്തിയുമായ ഹംസാ (റ) യെ ശഹീദാക്കുകയും അദ്ദേഹത്തിന്റെ പാവന ശരീരം വികൃതമാക്കുകയും ചെയ്തത്. ഇവർ രണ്ട് പേർക്കും തിരുനബി (സ) മാപ്പ് നൽകി.

മക്കക്കാരനായ മറ്റൊരു ശത്രുവായിരുന്നു ശൈബ. ഹവാസിന്റെ കൂടെ ചേർന്ന് റസൂൽ തിരുമേനി (സ)യെ വധിക്കാനുള്ള ഒരേയൊരു വിചാരത്തോടെ ജ്വലിക്കുന്ന വിദ്വേഷവുമായി അയാൾ പടക്കൊരുങ്ങി. ശൈബ റസൂൽ തിരുമേനി (സ)യെ സമീപിച്ചപ്പോൾ അദ്ദേഹം ഒരു ശബ്ദം കേട്ടു: 'ശൈബാ വരൂ അരികിലേക്ക് വരു.' പ്രവാചക തിരുമേനി (സ) അരികിലേക്ക് വിളിച്ചു. ആ പവിത്ര കരങ്ങൾ നീട്ടി ശൈബയെ ആലിംഗനം ചെയ്തു. ശൈബാ ആകപ്പാടെ മാറിപ്പോയി. അദ്ദേഹത്തിനിപ്പോൾ ഒരേയൊരു ചിന്ത മാത്രമേയുള്ളു. ആ ചിന്ത എന്താണെന്നോ, തന്റെ ജീവിതം റസൂൽ തിരുമേനി (സ) ക്ക് വേണ്ടി എങ്ങനെയെങ്കിലും സമർപ്പിക്കണമെന്ന ചിന്ത മാത്രം!!.

റസൂൽ തിരുമേനി (സ) ദിവംഗതനാകുന്നതിന് അൽപ്പ ദിവസം മുമ്പ് അദ്ദേഹം അരുളി: 'ഞാൻ ആരോടെങ്കിലും എന്തെ ങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് എന്നോട് പ്രതികാരം ചോദിക്കാനുള്ള സന്ദർഭമാണിത്. കൂടിയിരുന്നവരെല്ലാം ഹൃദായാലുവായ തങ്ങളുടെ പ്രിയപ്പെട്ട പ്രവാചകന്റെ ഈ വാക്കുകൾ കേട്ട് വിതുമ്പിക്കരഞ്ഞു. അപ്പോഴതാ ഒരാൾ മുന്നോട്ട് കടന്ന് വന്ന് അവിടുത്തെ കൈമുട്ട് തട്ടി വന്ന് നിന്നു. തിരുമേനി (സ) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾക്ക് എന്റെ കൈകൊണ്ട് എന്തെങ്കിലും വേദന തട്ടിയിട്ടുണ്ടെങ്കിൽ എന്നോട് പ്രതികാരം ചോദിക്കാം. പകരം എന്നെ വേദനിപ്പിക്കാം. റസൂൽ തിരുമേനി (സ) യോട് പ്രതികാരം തീർക്കാൻ വന്ന ആ മനുഷ്യന്റെ അൽപ്പത്തരത്തിൽ കോപാകുലരായ അനുചരന്മാർ അന്തം വിട്ടുമാറി നിന്നു. ആ മനുഷ്യൻ പറഞ്ഞു: 'എന്റെ നഗ്ന ശരീരത്തിന്റെ പുറത്തായിരുന്നു താങ്കളെന്നെ അടിച്ചത്. താങ്കളുടെ ശരീരമാകട്ടെ വസ്ത്രം കൊണ്ട് മൂടിയിരിക്കുന്നു.' പ്രവാചകൻ തന്റെ കുപ്പായമുയർത്തി. എല്ലാവരും അത്ഭുതസ്തബ്ദരായി. പ്രതി

കാരം ചെയ്യാൻ വന്നുനിന്ന ആ മനുഷ്യന്റെ ശിരസ്സ് കുനിഞ്ഞു. ആ പൂമേനിയിൽ അദ്ദേഹം മുത്തമിട്ടു. തിരുമേനി(സ)യെ അഗാധമായി സ്നേഹിച്ച ആ മനുഷ്യന്റെ ദീർഘ നാളത്തെ ആഗ്രഹമായിരുന്നു നഗ്ന മായ ആ പുണ്യശരീരത്തിൽ ഒന്നു ചുംബിക്കുക എന്നത്!!

തിരുദൂതർ(സ) ശുചിത്വത്തെ അങ്ങേയറ്റം ഇഷ്ടപ്പെട്ടു. വാക്കിലും ചിന്തയിലും പ്രവർത്തിയിലും വസ്ത്ര ധാരണത്തിലും ശരീര ത്തിലും വീട്ടിലും പള്ളിയിലും തെരുവിലും പരിശുദ്ധി കാണാൻ അദ്ദേഹം ആഗ്രഹിച്ചു. ഭക്ഷണം കഴിക്കുന്നതിന് മുമ്പും കഴിച്ചതിന് ശേഷവും പ്രാർഥനക്ക് മുമ്പും അദ്ദേഹം അംഗശുദ്ധി വരുത്തി യിരുന്നു.

എല്ലാവർക്കും സുഖവും ക്ഷേമ വും വന്നുകാണാനായിരുന്നു തിരു മേനി (സ) അഭിലഷിച്ചത്. മിത്രവും ശത്രുവും എല്ലാവരും തിരുനബി (സ)യുടെ കാരുണ്യവലയത്തി ലായിരുന്നു. അനുയായികളും ബ ന്ധുക്കളും അയൽപക്കക്കാരും അപ രിചിതരുമായ എല്ലാവരോടും വളരെ ഹൃദ്യമായിട്ടായിരുന്നു അവിടുന്ന് പെരുമാറിയത്. തിരുമേനി(സ) സ്വയം തന്നെ തന്റെ അതിഥികളുടെ ആവ ശ്യങ്ങൾ തിരക്കുകയും പാവങ്ങ ളുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ ഒരു പ്രാകൃത ഗോത്ര മുഖ്യൻ അവിടുത്തെ സന്ദർശിച്ചു. അപ്പോൾ അവിടെ ഒരു കൂട്ടം ആടുകൾ മേയുന്നതായി അദ്ദേഹം കണ്ടു. അതിലൊന്ന് തിരുമേനി(സ) യുടെ സമ്മാനമായി തനിക്ക് തര ണമെന്ന് അയാൾ പറഞ്ഞു. തിരു മേനി (സ) അദ്ദേഹത്തിന്ന് ഒരു ആടി നെ നൽകി. അദ്ദേഹം തന്റെ ഗോത്ര ത്തിൽ തിരിച്ചെത്തിയപ്പോൾ പറ ഞ്ഞു: 'മുഹമ്മദിന് തന്റെ ദൈവ ത്തിൽ വളരെ വിശ്വാസമുണ്ട്. അദ്ദേഹത്തിന് ദാരിദ്ര്യത്തെ പറ്റി യാതൊരു ഭയവുമില്ല.

തിരുമേനി (സ) എപ്പോഴും തന്റെ വാക്കു പാലിച്ചു. ഒരിക്കലും കരാറു കൾ ലംഘിച്ചില്ല. ഖൈബർ യുദ്ധ വിജയത്തിന് ശേഷം ഒരു ആട്ടിടയൻ ഇസ്‌ലാം മതം സ്വീകരിച്ചു. ഒരു യഹൂദ മുഖ്യന്റെ ആടുകളെ യായിരുന്നു അയാൾ നോക്കി നടത്തിയിരുന്നത്. പ്രവാചകനോട് അദ്ദേഹം പറഞ്ഞു: 'എനിക്ക് എന്റെ ജനതയുടെ അടുത്തേക്ക് ഇപ്പോൾ പോകാൻ സാദ്ധ്യമല്ല. എന്റെ പഴയ യജമാനന്റെ ആടുകളെയും കൊണ്ട് ഞാനെന്തു ചെയ്യും? റസൂൽ തിരുമേനി(സ) അദ്ദേഹത്തോട് പറഞ്ഞു: ഖൈബറിന് അഭിമുഖമായി നിർത്തി ആ ആട്ടിൻ പറ്റങ്ങളെ തെളിക്കുക. അവ തങ്ങളുടെ ഉടമ സ്ഥന്റെ അടുക്കൽ എത്തിക്കൊ ള്ളും. അപ്രകാരം തന്നെ അവ തങ്ങളുടെ ഉടമസ്ഥന്റെ അടുക്കൽ എത്തി ചേരുകയും ചെയ്തു.!!

ഹുദൈബിയ്യ സന്ധിക്ക് ശേഷം എതിർ പക്ഷത്തുള്ള ഒരാൾ ഇസ്‌ലാം മതം ആശ്ലേഷിക്കുകയുണ്ടായി. മുസ്‌ലിംകളോട് സംരക്ഷണം ആവശ്യപ്പെട്ടു. അയാളെ വീണ്ടും സ്വന്തം ഗോത്രത്തിലേക്ക് തിരിച്ചയ ച്ചാൽ അയാൾ മർദിക്കപ്പെടു മെന്നുറപ്പായിരുന്നു. മക്കക്കാരു മായുണ്ടാക്കിയ കരാറിന്റെ അടി സ്ഥാനത്തിൽ ഇസ്‌ലാം മതം സ്വീക രിച്ചിട്ടും നബി (സ) അയാളെ തിരിച്ച യച്ചു. ദൈവത്തിൽ വിശ്വാസ മർപ്പിച്ച് സ്വന്തം ഗോത്രത്തിലേക്ക് തിരിച്ച് പോകാനായിരുന്നു റസൂൽ തിരുമനി (സ) യുടെ കൽപ്പന.

റസൂൽ തിരുമേനി(സ)യുടെ ശത്രുക്കൾ പോലും അവിടുത്തെ ഉന്നതമായ ധാർമിക മൂല്യങ്ങളെ ക്കുറിച്ച് നല്ലത് മാത്രമേ സംസാരി ച്ചിട്ടുള്ളൂ. ബൈസാന്റിയം ചക്രവർ ത്തിയായിരുന്ന ഹെറാക്ലീയസ്സിന് തിരുദൂതർ (സ) ഒരു എഴുത്തയക്കു കയുണ്ടായി. അപ്പോൾ നഗരത്തിലു ണ്ടായിരുന്ന ഒരു അറബി കച്ചവട സംഘത്തെ രാജാവ് കൊട്ടാരത്തി ലേക്ക് വിളിപ്പിച്ചു. അതിന്റെ നേതാവ് അപ്പോൾ നബി തിരുമേനി(സ) യുടെ കഠിന ശത്രുവായിരുന്ന അബൂസു ഫിയാനായിരുന്നു. അവരിൽ നിന്നും നബി(സ)തിരുമേനിയെ പറ്റിഅറിയു കയായിരുന്നു രാജാവിന്റെ ഉദ്ദേശ്യം. രാജാവ് അബൂ സുഫിയാനോട് ചില ചോദ്യങ്ങൾ ചോദിക്കുകയും അദ്ദേ ഹം അതിന് ഉത്തരം നൽകുകയും ചെയ്തു. അത് ഇപ്രകാരം രേഖപ്പെടു ത്തിയിരിക്കുന്നു.

ഹിറാക്ലിയസ്: സ്വയം പ്രവാച കനാണെന്ന് അവകാശപ്പെടുന്ന ഒരാളെ താങ്കൾ അറിയുമോ? അദ്ദേ ഹം ഏത് കുടുംബത്തിൽ നിന്നാണ് വരുന്നതെന്ന് താങ്കളറിയുമോ?

**അബൂസുഫിയാൻ:** അറിയാം. അദ്ദേഹത്തിന്റേത് വളരെ കുലീന മായ ഒരു കുടുംബമാണ്.

**ഹിറാ:** ഇതിന് മുമ്പ് ഏതെങ്കിലും അറബികൾ ഇത്തരത്തിലുള്ള അവ കാശ വാദം പുറപ്പെടുവിക്കുക യുണ്ടായിരുന്നോ?

**അബു:** ഇല്ല.

**ഹെറാ:** അദ്ദേഹത്തിന്റെ പൂർവിക രിൽ ആരെങ്കിലും രാജാക്കന്മാരോ ഭരണാധികാരികളോ ഉണ്ടായിരു ന്നോ?

**അബൂ:** ഇല്ല.

**ഹെറാ:** അദ്ദേഹത്തിന്റെ അനു യായികൾ സമ്പന്നരും ശക്തന്മാരു മാണോ? അതോ പാവങ്ങളും സാധു ക്കളുമാണോ?

**അബൂ:** അവരിൽ അധിക പേരും താഴെക്കിടയിലുള്ള പാവങ്ങളാണ്.

**ഹെറാ:** അവരുടെ എണ്ണം കൂടി വരുന്നോ, കുറയുന്നുവോ?

**അബൂ:** അവരുടെ എണ്ണം കൂടി വരുന്നു.

**ഹിറാ:** എപ്പോഴെങ്കിലും അദ്ദേഹം കരാർ ലംഘിച്ചിട്ടുണ്ടോ?

**അബൂ:** ഇല്ല, ഇന്ന് വരെ ലംഘി ച്ചിട്ടില്ല.

**ഹെറാ:** അദ്ദേഹം എന്താണ് പഠിപ്പിക്കുന്നത്?

**അബൂ:** നാം ഒരു ദൈവത്തെ മാത്രമേ ആരാധിക്കാവു എന്നും അവനോട് സമന്മാരെ ചേർക്ക രുതെന്നും അദ്ദേഹം ഉപദേശി ക്കുന്നു. നാം സത്യം പറയണമെന്നും ദുരാചാരങ്ങളുപേക്ഷിക്കണമെന്നും നാം മറ്റുള്ളവരെ ബഹുമാനിക്കണ മെന്നും അവർക്ക് നന്മ ചെയ്യണ മെന്നും കരാറുകൾ പാലിക്കണ മെന്നും പഠിപ്പിക്കുന്നു.

ഉപസംഹരിച്ചു കൊണ്ട് ഹെരാക്ലി യസ്സ് രാജാവ് പറഞ്ഞു. ഞാൻ

ആദ്യം അദ്ദേഹത്തിന്റെ കുടുംബത്തെ പറ്റിയാണ് നിങ്ങളോട് ചോദിച്ചത്. പ്രവാചകന്മാർ എപ്പോഴും കുലീന കുടുംബത്തിൽ നിന്നാണ് വരിക. ഞാൻ പിന്നീട് നിങ്ങളോട് ചോദിച്ചത് അദ്ദേഹത്തിന് മുമ്പ് വല്ലവരും ഇത്തരത്തിൽ പ്രവാചകത്വം വാദിച്ചിട്ടുണ്ടോയെന്നാണ്. ഇല്ല എന്നാണ് നിങ്ങൾ പറഞ്ഞത്. ഞാൻ ഈ ചോദ്യം ചോദിക്കാൻ കാരണം വല്ലവരും ഇതിന് മുമ്പ് ഇത്തരം വാദവുമായി വന്നിട്ടുണ്ടെങ്കിൽ അയാളെ പോലെ ഇദ്ദേഹവും ആ പാത പിന്തുടരുന്നുവെന്ന് പറയാമായിരുന്നു. ഞാൻ പിന്നീട് നിങ്ങളോട് ചോദിച്ചത് അദ്ദേഹം കളവ് പറയാറുണ്ടോ എന്നാണ്. നിങ്ങൾ പറഞ്ഞു ഇല്ല എന്ന്. ദൈവം അയച്ച ഒരാൾ കളവ് പറയില്ല എന്ന് എനിക്ക് ഉത്തമ വിശ്വാസം ഉണ്ടായിരുന്നു. എന്റെ അടുത്ത ചോദ്യം അദ്ദേഹത്തിന്റെ പൂർവ പിതാക്കളിലാരെങ്കിലും ഭരണാധികാരം കൈയാളിയിരുന്നോ എന്നായിരുന്നു. നിങ്ങളുടെ മറുപടി ഇല്ല എന്നായിരുന്നു. ഇതിൽ നിന്നും അദ്ദേഹത്തിന്റെ വിനഷ്ടമായ സാമ്രാജ്യം വീണ്ടെടുക്കാനല്ല അദ്ദേഹത്തിന്റെ അവകാശവാദം എന്ന് എനിക്ക് മനസ്സിലായി. എന്റെ അടുത്ത ചോദ്യം അദ്ദേഹത്തിന്റെ അനുയായികൾ സമ്പന്നരും ശക്തരുമാണോ എന്നാണ്. നിങ്ങളുടെ മറുപടി അവരിൽ അധികംപേരും പാവങ്ങളും താഴെക്കിടയിലുള്ള ആളുകളുമാണെന്നായിരുന്നു. അത്തരക്കാർ തന്നെയാണ് ഒരു പ്രവാചകന്റെ അനുയായികൾ. എന്റെ മറ്റൊരു ചോദ്യം അദ്ദേഹത്തിന്റെ അനുയായികൾ കൂടി വരുന്നോ കുറഞ്ഞു വരുന്നോ എന്നായിരുന്നു. നിങ്ങളുടെ ഉത്തരം കൂടി വരുന്നു എന്നായിരുന്നു. പ്രവാചകന്മാരുടെ അനുയായികൾ കൂടിവരികയാണ് ചെയ്യുക. അദ്ദേഹം എപ്പോഴെങ്കിലും ആളുകളെ വഞ്ചിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നായിരുന്നു നിങ്ങളുടെ മറുപടി. ഇത് സാത്വികരുടെ ഭാവമാണ്. ഇദ്ദേഹം ഒരു സത്യ പ്രവാചകനാണെന്ന് ഞാൻ കരുതുന്നു. ഇദ്ദേഹം നമ്മുടെ കാലത്ത് തന്നെ പ്രത്യക്ഷപ്പെടുന്ന ഒരു പ്രവാചകനാണെന്ന് എനിക്കിങ്ങനെ അർധ പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷേ അദ്ദേഹം അറേബ്യയിലായിരിക്കുമെന്ന് നാം കരുതിയില്ല. നിങ്ങൾ പറഞ്ഞത് ശരിയാണെങ്കിൽ അദ്ദേഹത്തിന്റെ സാമ്രാജ്യം ഈ രാജ്യത്തെയും കവിഞ്ഞ് നിൽക്കും!.

തിരുമേനി (സ) ദൈവത്തിൽ മാത്രം വിശ്വസിക്കുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്തു. അദ്ദേഹത്തിന് തന്റെ ദൗത്യത്തിൽ സമ്പൂർണ വിശ്വാസമുണ്ടായിരുന്നു. തന്റെ എല്ലാ വിജയ പ്രതീക്ഷകളും ദൈവത്തിൽ മാത്രമാണ് അർപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിലെ ഓരോ ദിവസവും ഓരോ മണിക്കൂറും ഓരോ നിമിഷവും ദൈവത്തെ സൂക്ഷിച്ചിരുന്നു. അദ്ദേഹം ഇരിക്കുമ്പോഴും നിൽക്കുമ്പോഴും നടക്കുമ്പോഴും ഉറങ്ങാൻ പോവുമ്പോഴും ഉണർന്നാലും, ആഹരിക്കുമ്പോഴും വിശ്രമിക്കുമ്പോഴും വീട്ടിൽ നിന്ന് ഇറങ്ങുമ്പോഴും വീട്ടിലേക്ക് തിരിച്ചു വരുമ്പോഴും പള്ളിയിൽ നിന്ന് ഇറങ്ങുമ്പോഴും സുഹൃത്തുക്കളെ കാണുമ്പോഴും വേർപിരിയുമ്പോഴും സുവാർത്തകൾ കേൾക്കുമ്പോഴും പുതു വസ്ത്രം ധരിക്കുമ്പോഴും മലമൂത്ര വിസർജനത്തിന് പോകുമ്പേഴും ചുരുക്കത്തിൽ ജീവിതത്തിന്റെ എല്ലാ അടക്കങ്ങളിലും അനക്കങ്ങളിലും പ്രത്യേകമായ പ്രാർഥനകൾ നടത്തിയിരുന്നു. സുദീർഘമായും സ്ഥിരമായും അദ്ദേഹം പ്രാർഥിക്കാറുണ്ടായിരുന്നു. ചിലപ്പോൾ രാത്രി മുഴുവനും അദ്ദേഹം പ്രാർഥനയിൽ മുഴുകി. വാസ്തവത്തിൽ അദ്ദേഹത്തിന്റെ മുഴുജീവിതവും ദൈവസ്മരണയിൽ നിമഗ്നനായിരുന്നു.

പ്രവാചകൻ ദൈവത്തെ മാത്രമാണ് ഭയപ്പെട്ടിരുന്നത്. ഹവാസില യുദ്ധത്തിൽ മുസ്‌ലിം സൈന്യം ചിന്നഭിന്നമായി. യുദ്ധക്കളത്തിൽ പ്രവാചകനും വിരലിലെണ്ണാവുന്ന ഏതാനും സഹാബികളും മാത്രം. എതിരാളികൾ ഇരുവശത്ത് നിന്നും ശരവർഷം ആരംഭിച്ചു. പ്രവാചകൻ അബൂബക്കറിനോട് തന്റെ കോവർ കഴുതയെ വിട്ടുതരാൻ പറഞ്ഞു. അതിന് പുറത്ത് കയറികുതിമുള്ളടിച്ചുകൊണ്ട് അദ്ദേഹം മുന്നോട്ട് കുതിച്ചു. അദ്ദേഹം ഇപ്രകാരം ഉരുവിട്ടു. **'ഞാൻ പ്രവാചകനാണ് ഞാൻ കള്ളവാദിയല്ല. ഞാൻ അബ്ദുൾ മുത്തലിബിന്റെ മകനാകുന്നു.'**

ഒരിക്കൽ മദീനയിലെ മുസ്‌ലിംകൾ ഭീകരമായ ഒരു ആക്രമണം പ്രതീക്ഷിച്ചിരിക്കയായിരുന്നു. അവർ രാത്രി മുഴുവനും ഉറക്കമൊഴിച്ചിരുന്നു. ഒരു രാത്രിയിൽ ഒരു അപായ വെളിച്ചം പുറത്ത് കാണുകയുണ്ടായി. മുസ്‌ലിംകളിൽ ചിലർ ആ വെളിച്ചം കണ്ട ഭാഗത്ത് അന്വേഷിക്കാൻ പോയി. ഉടൻ തന്നെ കുതിരപ്പുറത്ത് ഒരാൾ കുതിച്ച് വരുന്നതായി കണ്ടു. അത് തിരുനബി (സ) ആയിരുന്നു. അദ്ദേഹം പറഞ്ഞു: 'ഭയപ്പെടാനൊന്നുമില്ല, അദ്ദേഹം ഏകനായി ഒറ്റക്ക് കുതിരപ്പുറത്ത് അപായ സൂചന ലഭിച്ച സ്ഥലം സന്ദർശിച്ച് വരികയായിരുന്നു.

ദരിദ്രരോട് അങ്ങേയറ്റം കാരുണ്യം കാട്ടിയ ആളായിരുന്നു തിരുദൂതർ (സ). പണക്കാർ പാവങ്ങളെ അക്കാലത്ത് തീരെ ശ്രദ്ധിച്ചിരുന്നില്ല. സമ്പന്നന്മാരുടെ സ്വത്തിൽ ഒരു പങ്ക് ദരിദ്രർക്കുള്ളതാണെന്ന് അദ്ദേഹം താക്കീത് ചെയ്തു. പണക്കാർ പണക്കാരായിരിക്കുന്നത് പാവങ്ങളുടെ ചെലവിലാണെന്നോർക്കണമെന്നാ കൂടി അദ്ദേഹം പറഞ്ഞു. അവിടുന്ന് ഒരിക്കലും സ്വർണമോ, വെള്ളിയോ വീട്ടിൽ സൂക്ഷിച്ചിരുന്നില്ല. അതെല്ലാം കിട്ടിയ മുറക്ക് അവിടുന്ന് പാവങ്ങൾക്ക് വിതരണം ചെയ്യുമായിരുന്നു.

ഒരിക്കൽ മദീനയിൽ ഒരു ഗോത്രം വരികയുണ്ടായി. അവരെല്ലാം ദരിദ്രരായിരുന്നു. പട്ടിണി ക്കോലങ്ങളായ അവരുടെ മുഖം അവരനുഭവിക്കുന്ന ദാരിദ്ര്യത്തിന്റെ തീവ്രത വിളിച്ചു പറയുന്നവയായിരുന്നു. അവരെ കണ്ട് പ്രവാചകന്റെ ഹൃദയം വല്ലാതെ വേദനിച്ചു. അദ്ദേഹം അസ്വസ്ഥചിത്തനായി. അവിടുന്ന് മുസ്‌ലിം

കളെ മുഴുവൻ പള്ളിയിലേക്ക് വിളിപ്പിച്ചു. പണമോ വസ്ത്രമോ ധാന്യമോ ഈത്തപ്പഴമോ എന്താണോ നിങ്ങളുടെ കൈയിലുള്ളത് അതെല്ലാം കൊണ്ടു വരിക. എന്ന് ആജ്ഞാപിച്ചു. ചിലർ വസ്ത്രങ്ങളും ആഹാരവും ധാന്യങ്ങളും കൊണ്ടു വന്നു. അതിൽ ഒരാൾ വലിയ സ്വർണ നാണയങ്ങൾ കൊണ്ടു വന്നു എല്ലാം അവിടുത്തെ മുമ്പിൽ കമിഞ്ഞു കൂടി. അവിടുത്തെ വദനം പൂർണ ചന്ദ്രനെപോലെ സംതൃപ്തിയാൽ പ്രകാശ പൂർണമായി. എല്ലാം തന്നെ ആ പാവങ്ങൾക്ക് വിതരണം ചെയ്തു.

അന്യരെ അകമഴിഞ്ഞ് സ്നേഹിക്കാൻ പ്രവാചകൻ (സ) അനുയായികളെ ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്നു. ഒരാൾ തനിക്ക് എന്തൊന്നാണോ ഇഷ്ടപ്പെടുന്നത് അത് തന്റെ സഹോദരന് വേണ്ടിയും ഇഷ്ടപ്പെടണം എന്നായിരുന്നു തിരുമേനി(സ)യുടെ ഉപദേശം. അദ്ദേഹം ഒരിക്കൽ പറഞ്ഞു: ഒരു മുസ്‌ലിമിനോട് മറ്റൊരു മുസ്‌ലിം യുദ്ധം ചെയ്യുക എന്നത് കുഫ്ർ ആണ്. (അനിസ്ലാമികം) മുസ്‌ലിം സഹോദരനെ ചീത്ത പറയുക എന്നത് മറ്റൊരു മുസ്‌ലിമിന് പാപമാണ്. ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിന്നോട് മൂന്ന് ദിവസത്തോളം വെറുപ്പ് വെച്ചു പുലർത്തുക എന്നത് നിഷിദ്ധമാണ്.

മുസ്‌ലിംകളിലെരാൾ മറ്റൊരാൾക്ക് അഭിവാദ്യം ചെയ്യണമെന്നും കൈകൊടുക്കണമെന്നും ഉപഹാരം നൽകണമെന്നും ഭക്ഷണത്തിന് ക്ഷണിക്കണമെന്നും രോഗികളെ ശുശ്രൂഷിക്കണമെന്നും മരണ ശുശ്രൂഷകളിൽ പങ്കെടുക്കണ മെന്നും ഉപദേശിക്കുകയുണ്ടായി. മനുഷ്യവംശത്തോട് എപ്പോഴും അനുകമ്പയുണ്ടാകണമെന്ന് തിരുദൂതർ(സ) ഉപദേശിച്ചു. ശത്രുവിനോട് പോലും നീതി പൂർവമല്ലാതെ പെരുമാറരുത്. സമൂഹത്തിൽ ശുദ്ധി പരത്തണമെന്നും പാവങ്ങളെ ഊട്ടുകയും ചെയ്യണമെന്ന് അദ്ദേഹം അനുയായികളെ ഉദ്ബോധിപ്പിച്ചു.

ഒരു നിയമം പരസ്യമായി ലംഘിക്കുന്നവരോടല്ലാതെ തിരുമേനി(സ) ആരോടും ഒരിക്കലും പരുഷമായി പെരുമാറിയിരുന്നില്ല. അവിടുത്തെ ഹൃദയം എപ്പോഴും പാവങ്ങൾക്ക് നേരെയും ദരിദ്രർക്ക് നേരെയും അനുഭാവ പൂർവം തിരിഞ്ഞിരുന്നു. ഒരിക്കൽ ഇബാദുബ്നു ഷാർജിൽ എന്നാരാൾ ഒരു തോട്ടത്തിൽ നിന്നു മൊരു ഫലം പറിച്ചെടുത്തു. അതൊരു ക്ഷാമകാലമായിരുന്നു. തോട്ടമുടമ അദ്ദേഹത്തെ പിടികൂടുകയും മർദിക്കുകയും ചെയ്തു. അദ്ദേഹ ത്തിന്റെ വസ്ത്രം ഊരിയെടുക്കുകയും ചെയ്തു. അവർ രണ്ടു പേരും ദൈവദൂതന്റെ അടുക്കൽ ഹാജരാക്കപ്പെട്ടു. റസൂൽ തിരുമേനി(സ) തോട്ടമുടമയോടു പറഞ്ഞു: 'ഈ മനുഷ്യൻ അറിവില്ലാത്തവനാണ്. താങ്കൾ അദ്ദേഹത്തിന് നല്ല ശീലം പഠിപ്പിക്കണം. അദ്ദേഹം വളരെ യേറെ വിശന്നിരിക്കുന്നു. താങ്കൾ അദ്ദേഹത്തിന്റെ വിശപ്പടക്കണം. തോട്ടമുടമക്ക് തിരുമേനി(സ) അൽപ്പം ധാന്യം നൽകി. അദ്ദേഹത്തിന്റെ വസ്ത്രം തിരികെ വാങ്ങിക്കൊടുത്തു.

പ്രവാചകൻ ഒരിക്കലും സമ്പന്നരായ കുറ്റവാളികളോട് ദാക്ഷിണ്യം കാട്ടിയിരുന്നില്ല. ഒരിക്കൽ ശക്തരായ ഗോത്രത്തിൽ പെട്ട ഒരു സ്ത്രീ മോഷ്ടിച്ചു. നിയമ പ്രകാരം അവരെ ശിക്ഷിക്കാൻ പ്രവാചകൻ തീരുമാനിച്ചു. അവർ പ്രബലമായ ഒരു ഗോത്രത്തിൽ പെട്ടവരാണെന്നും അതുകൊണ്ട് അവരെ വെറുതെ വിടണമെന്നും ചിലർ അവിടത്തോട് ശുപാർശ ചെയ്തു. അപ്പോൾ തിരുമേനി(സ)ദ്വേഷ്യപ്പെട്ടു കൊണ്ട് പറഞ്ഞു: ഇസ് റ യേലികൾ നശിച്ചത് അവർ പാവങ്ങളെ മാത്രം ശിക്ഷിക്കുകയും സമ്പന്നരെ വെറുതെ വിടുകയും ചെയ്തതു കൊണ്ടാണെന്ന് ഓർത്തുകൊള്ളുക.

സ്വയം അദ്ധ്വാനിച്ച് ഉപജീവനം കഴിക്കുന്നവരെ നബി (സ)തിരുമേനി വളരെ ആദരിച്ചിരുന്നു. അവിടുന്ന് അരുൾ ചെയ്തു: 'ഒരാൾ തന്റെ പുറത്ത് ഒരു ചുമട് വിറക് കയറ്റി അങ്ങാടിയിൽ കൊണ്ടു പോയിവിറ്റ് ജീവിച്ച് കൊണ്ട് തന്റെ മാനം രക്ഷിക്കുന്നുവെങ്കിൽ യാചിക്കുന്നതിനേക്കാളും ഉത്തമം അയാൾക്കതാണ്'

ഒരിക്കലും മറ്റുള്ളവരെക്കാൾ താൻ വലിയവനാണെന്ന് റസൂൽ തിരുമേനി (സ) കരുതിയിരുന്നില്ല. യുദ്ധകാലത്താകട്ടെ സമാധാന കാലത്താകട്ടെ റസൂൽ തിരുമേനി (സ) മറ്റുള്ളവർക്ക് സമനാണ് താനെന്ന് കരുതി. അവിടുത്തേക്ക് ഇരിക്കാൻ പ്രത്യേകം ഇരിപ്പിടമില്ലായിരുന്നു. തന്റെ സഹചരർ ഇരിക്കുന്നിടത്ത് തന്നെയാണ് അവിടുന്ന് ഉപവിഷ്ടനായിരുന്നത്. ഒരു അപരിചിതൻ, ആരാണ് പ്രവാചകനെന്ന് ഒരിക്കലും തിരിച്ചറിഞ്ഞിരുന്നില്ല. ഒരിക്കൽ ഒരു യാത്രക്കിടയിൽ തന്റെ സഹചരർക്കിടയിൽ എല്ലാവർക്കുമിടയിൽ ഒരോ പ്രവർത്തികൾ വീതിച്ചു നൽകി. തിരുമേനി(സ)ക്ക് നൽകിയ ജോലി പാചകം ചെയ്യുന്നതിന് വിറക് ശേഖരിക്കലായിരുന്നു. തന്റെ അനുയായികൾ അവിടുന്ന് ആ പ്രവൃത്തി ചെയ്യാനനുവദിച്ചിരുന്നില്ല. അവർ പറഞ്ഞു: 'അങ്ങേക്ക് വേണ്ടി ഞങ്ങൾ ആ പ്രവൃത്തി ചെയ്യാം.' തിരുമേനി(സ) പറഞ്ഞു: ഞാൻ ഒരിക്കലും പ്രത്യേക പരിഗണന ഇഷ്ടപ്പെടുന്നില്ല. തന്റെ സഹോദരനെക്കാൾ വലിയ വനാണ് എന്ന് കരുതുന്ന ഒരാളേയും ദൈവം ഇഷ്ടപ്പെടുന്നില്ല.

ബദറിലേക്കുള്ള യാത്രയിൽ മുസ്‌ലിംകൾക്ക് വളരെ കുറച്ച് സവാരി മൃഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. മൂന്ന് പേർ ഇടവിട്ട് ഒട്ടക പുറത്ത് യാത്ര ചെയ്തിരുന്നു. തിരുമേനി(സ) അവരെ പോലെ തന്നെ ഊഴമെത്തുന്നത് വരെ നടക്കുമായിരുന്നു. ഇത് കണ്ട് സഹിക്കാൻ വയ്യാതെ തന്റെ അനുചരന്മാർ ഒട്ടകപ്പുറത്ത് കയറാൻ അഭ്യർഥിച്ചപ്പോൾ സ്നേഹ പൂർവം അത് നിരസിച്ചു കൊണ്ട് റസൂൽ തിരുമേനി (സ) പറഞ്ഞു. എന്നേക്കാൾ വേഗത്തിൽ നിങ്ങൾക്ക് നടക്കാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ പക്കൽ നിന്ന് നിങ്ങളേക്കാൾ പ്രതിഫലം കിട്ടാൻ ഞാൻ ആഗ്രഹിക്കുന്നു.

തിരുമേനി(സ) വീട്ടു ജോലികളിൽ തന്റെ ഭാര്യന്മാരെ സഹായി

ച്ചിരുന്നു. കീറിയ വസ്ത്രങ്ങൾ താൻ തന്നെ തുന്നി. നിലം അവിടുന്ന് സ്വയം തന്നെ വൃത്തിയാക്കി. ആടിന്റെ പാൽ കറക്കുകയും അങ്ങാടിയിൽ, താൻ തന്നെ പോയി സാധനങ്ങൾ വാങ്ങുകയും ചെയ്തു. അവിടത്തെ പാദരക്ഷകൾ സ്വയം നന്നാക്കുകയും ചെയ്തു. ഒട്ടകത്തെ ശുശ്രൂഷിക്കുകയും അതിന് തീറ്റ നൽകുകയും വെള്ളം കുടിപ്പിക്കുകയും ചെയ്യുമായിരുന്നു.

മദീനയിലെ ഏറ്റവും അവഗണിതരായ അടിമകൾക്ക് പോലും റസൂൽ തിരുമേനി(സ) യെ സമീപിക്കാൻ യാതൊരു പ്രതിബന്ധവുമില്ലായിരുന്നു. തിരുമേനി (സ) ചെറുപ്പം മുതൽക്കേ അറിയാമായിരുന്ന ഹിന്ദ് ഇബ്നു ഹാല പറയുന്നു: ' അദ്ദേഹം വളരെ മൃദുല സ്വഭാവിയായിരുന്നു. ഒരിക്കലും പരുഷമായി പെരുമാറിയിരുന്നില്ല. ജീവിതത്തിൽ ഒരാളെയും അപമാനിച്ചിരുന്നില്ല. ചെറിയ സേവനത്തിന് പോലും വലിയ തോതിൽ നന്ദി പ്രകടിപ്പിച്ചിരുന്നു. ഒന്നിനും യാതൊരു കുറ്റവും കണ്ടിരുന്നില്ല. തനിക്ക് മുമ്പിൽ കൊണ്ടുവരപ്പെട്ട ഏത് തരത്തിലുള്ള ഭക്ഷണമായാലും സംതൃപ്തിയോടെ അത് ഭക്ഷിക്കുമായിരുന്നു. മോശമായി ഒരഭിപ്രായവും അദ്ദേഹം അതിനെ പറ്റി പറഞ്ഞിരുന്നില്ല. സത്യത്തെ ആരെങ്കിലും എതിർത്താലല്ലാതെ അദ്ദേഹം ആരോടും കോപകുലനായിരുന്നില്ല. അദ്ദേഹത്തിന്റെ സ്വന്തം കാര്യത്തിനായി ഒരിക്കലും ആരോടും ദ്വേഷ്യപ്പെട്ടിരുന്നില്ല. ആരോടും അദ്ദേഹത്തിന് പ്രതികാരമില്ലായിരുന്നു.' ആയിശാ(റ) അദ്ദേഹത്തെ പറ്റി പറയുന്നു:

'പ്രവാചക തിരുമേനി (സ) ആരേ പറ്റിയും ഒരിക്കലും കുറ്റം പറയുമായിരുന്നില്ല. തിന്മക്ക് പകരമായി ഒരിക്കലും അവിടുന്ന് തിന്മ നൽകിയിരുന്നില്ല. എപ്പോഴും പൊറുത്തുകൊടുക്കാനും മാപ്പ് നൽകാനുമായിരുന്നു അവിടുന്ന് ഇഷ്ടപ്പെട്ടിരുന്നത്. അദ്ദേഹത്തിന് എന്തെങ്കിലും തിരഞ്ഞെടുക്കേണ്ട സന്ദർഭംവരുകയാണെങ്കിൽ ദോഷമുള്ളതല്ലെങ്കിൽ എളുപ്പമുള്ളതായിരുന്നു അദ്ദേഹം തിരഞ്ഞെടുത്തിരുന്നത്. പാപകൃത്യങ്ങളിൽ നിന്ന് അദ്ദേഹം ബഹുദൂരം അകന്ന് സഞ്ചരിച്ചു. അദ്ദേഹത്തിന്റെ സ്വന്തം കാര്യങ്ങൾക്ക് വേണ്ടി അദ്ദേഹം ആരോടും പക വെച്ചു പുലർത്തിയിരുന്നില്ല. ആരെങ്കിലും നിയമം ലംഘിച്ചാൽ ദൈവവിധി പ്രകാരം അദ്ദേഹം ശിക്ഷിക്കുമായുന്നു. അവിടുന്ന് യാതൊരു മുസ്ലിമിനേയും പേരെടുത്ത് പറഞ്ഞ് ശപിച്ചിരുന്നില്ല. അവിടുന്ന് അടിമയായ യാതൊരു സ്ത്രീയേയോ പുരുഷനേയോ സേവനകനെയോ അടിച്ചിട്ടില്ല. ഒരു മൃഗത്തേയും അവിടുന്ന് ഒരിക്കലും നോവിച്ചിട്ടില്ല. ആരോടും തന്നെ ഒരഭ്യർഥനയും നടത്തിയിട്ടില്ല. പുഞ്ചിരിച്ചു കൊണ്ടായിരുന്നു അവിടുന്ന് എപ്പോഴും വീട്ടിലേക്ക് കയറിവന്നത്. ഇരിക്കുമ്പോളൊരിക്കലും അദ്ദേഹം തന്റെ സഹചരർക്ക് നേരെ കാൽ നീട്ടിവച്ചിരുന്നില്ല. അവിടുത്തെ വാക്കുകൾ ആർക്കെങ്കിലും ഹൃദിസ്ഥമാക്കണമെങ്കിൽ വാക്കുകൾ വളരെ പതുക്കെ സാവധാനത്തിൽ അദ്ദേഹം ഉരുവിടുമായിരുന്നു.

അലി(റ) റസൂൽ തിരുമേനി (സ) കുറിച്ച് പറഞ്ഞു:

'അവിടുന്ന് എപ്പോഴും സുസ്മേര വദനനായിരുന്നു. വളരെ മൃദുല സ്വഭാവിയായിരുന്നു. എപ്പോഴും കാരുണ്യം വഴിഞ്ഞൊഴുകുന്നതായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ഒരിക്കലും സങ്കുചിതമോ പരുക്കനോ ആയിരുന്നില്ല. ഒരിക്കലും ഉച്ചത്തിൽ സംസാരിച്ചിരുന്നില്ല. ദ്വേഷ്യത്തോടു കൂടി ഒരു വാക്കു പോലും ഉച്ചരിച്ചിരുന്നില്ല. ആരുടെ പ്രവർത്തിയിലും ഒരു കുറ്റവും കണ്ടിരുന്നില്ല. ആരെയും കഠിനമായ ജോലിഏൽപ്പിച്ചിരുന്നില്ല അവിടുത്തേക്ക് എന്തെങ്കിലും അനിഷ്ടമായിട്ടുണ്ടെങ്കിൽ നിശ്ശബ്ദനായി അത് നോക്കി നിൽക്കും. ഇങ്ങനെ കണ്ടാൽ തിരുമേനി (സ)യെ അടുത്തറിഞ്ഞവർക്കെല്ലാമറിയാം അവിടുത്തേക്ക് അത് ഇഷ്ടമായിട്ടില്ല എന്ന്. റസൂൽ തിരുമേനി(സ) സ്വയം മൂന്ന് കാര്യങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല. തർക്കിക്കൽ, നിഷ്പ്രയോജനകരമായ സംസാരം, അന്യരുടെ കാര്യങ്ങളിൽ താൽപര്യം കാണിക്കൽ. അവിടുന്ന് ഒരിക്കലും മറ്റുള്ളവരെ കുറ്റപ്പെടുത്തി സംസാരിക്കുകയോ അവരുടെ സ്വകാര്യങ്ങളന്വേഷിക്കുകയോ ചെയ്തിരുന്നില്ല. എപ്പോഴും ഉപകാരമുള്ള കാര്യങ്ങൾ മാത്രമേ സംസാരിച്ചിരുന്നുള്ളു. സംസാരിക്കുമ്പോൾ അനുചരന്മാർ ശ്രദ്ധാപൂർവം അത് ശ്രവിക്കുമായിരുന്നു. അപ്പോൾ പക്ഷികൾക്ക് അവരുടെ തലയിൽ വന്നു നിൽക്കാമായിരുന്നു. അത്രയും ശ്രദ്ധയോടെ അവർ അത് ശ്രവിക്കുമായിരുന്നു. അവിടുന്ന് നിശ്ശബ്ദനായാൽ മാത്രമേ അനുചരന്മാർ എന്തെങ്കിലും സംസാരിക്കൂ. ആരെങ്കിലും അദ്ദേഹത്തോട് സംസാരിക്കുകയാണെങ്കിൽ ശ്രദ്ധാപൂർവം അത് കേൾക്കും. അനുചരന്മാർ എന്തെങ്കിലും കാര്യം കണ്ട് ചിരിക്കുകയാണെങ്കിൽ അദ്ദേഹവും ആ ചിരിയിൽ പങ്ക്ചേരും. പുറമേനിന്ന് വന്ന ആരെങ്കിലും പരുഷമായി സംസാരിക്കുകയാണെങ്കിൽ അദ്ദേഹം ശാന്തനായിരുന്ന് ക്ഷമാപൂർവം അത് കേൾക്കുമായിരുന്നു. സംസാരത്തിൽ ഇടക്ക് കയറി അദ്ദേഹംയാതൊന്നും പറയുമായിരുന്നില്ല. തിരുമേനി(സ)യിൽ നിന്ന് ലഭിച്ച എന്തെങ്കിലും ഉപകാരത്തിന്റെ പേരിൽ ആരെങ്കിലും നന്ദി പ്രകാശിപ്പിക്കുകയാണെങ്കിൽ അവിടുന്ന് അത് സ്വീകരിക്കുമായിരുന്നു. ഒരിക്കലും തന്നെ സ്തുതിച്ച് പറയുന്നത് അദ്ദേഹം. ഇഷ്ടപ്പെട്ടിരുന്നില്ല. അളക്കാൻ കഴിയാത്തയത്ര വിശാല ഹൃദയ നായിരുന്നു അദ്ദേഹം. ഏറ്റവും സത്യസന്ധൻ, പരമദയാലു, ഏറ്റവും നല്ല ചങ്ങാതി.'

റസൂൽ തിരുമേനി(സ)ക്ക് ഒരുപാട് സന്താനങ്ങളുണ്ടായിരുന്നു. ഫാത്തിമ (റ) ഒഴികെ മറ്റെല്ലാവരും അവിടുത്തെ ജീവിതകാലത്ത് തന്നെ കാലഗതി പ്രാപിച്ചു. അവരിൽ മിക്കപേരും ശൈശവ ഘട്ടത്തിൽ തന്നെയാണ് വേർപിരിഞ്ഞത്. അവിടുത്തെ മൂത്തപുത്രി വേർപിരിഞ്ഞത് ഹിജ്റ എട്ടാം

വർഷത്തിലായിരുന്നു. അബുൽ ആസ് ഇബ്നു റാബി (റ) എന്നിവരായിരുന്നു അവരെ വിവാഹം കഴിച്ചത്. രണ്ട് പിഞ്ചു കുട്ടികളേയും ബാക്കി വെച്ചായിരുന്നു പ്രവാചക പുത്രി പരലോകം പൂകിയത്. ഒരു ആൺ കുട്ടിയും ഒരു പെൺകുട്ടിയും. അവിടുന്ന് തന്റെ പേരക്കിടാങ്ങളെ അഗാധമായി സ്നേഹിച്ചു. പെൺകുട്ടിയുടെ പേർ ഇമാമ എന്നായിരുന്നു. ഫാത്തിമ (റ) യുടെ മരണത്തിന് ശേഷം അലി (റ) അവരെ വിവാഹം കഴിച്ചു.

റുഖിയ്യയെയും അവരുടെ മരണശേഷം ഉമ്മുകുൽസും (റ)യെയും ഉസ്മാൻ (റ) ആണ് വിവാഹം കഴിച്ചത്. ഉസ്മാൻ(റ) റുഖിയ്യയോടൊപ്പം കുറച്ച് നാൾ അബിസീനിയായിൽ താമസിക്കുകയുണ്ടായി. ഫാത്തിമയെ അലി(റ) വിവാഹം കഴിച്ചത് ഹിജ്റ രണ്ടാം വർഷത്തിലായിരുന്നു. നബി (സ) വഫാത്തായതിന് ശേഷം ആറു മാസം കഴിഞ്ഞപ്പോൾ ഫാത്തിമയും ദിവംഗതയായി. അവർക്ക് ഹസൻ, ഹുസൈൻ എന്നീ രണ്ട് പുത്രന്മാരും ഉമ്മുകുൽസൂം, സൈനബ് എന്നീ രണ്ട് പുത്രിമാരും ഉണ്ടായിരുന്നു.

കുടുംബാംഗങ്ങളോടെല്ലാം വളരെ ദയാപൂർവമായിരുന്നു നബി (സ) പെരുമാറിയിരുന്നത്. അവിടുന്ന് ഒരിക്കലും തന്റെ പ്രഥമ പത്നി ഖദീജയെ വിസ്മരിച്ചിരുന്നില്ല. അവരായിരുന്നു തിരുമേനി (സ) ആദ്യമായി പ്രവാചകനായി വിശ്വസിച്ചത്. അവിടുന്ന് സ്നേഹനിധിയായ ഭർത്താവും സ്നേഹധനനായ പിതാവുമായിരുന്നു. എല്ലാറ്റിനുമുപരിയായി അവിടുന്ന് ദൈവത്തിന്റെ വിനീത ദാസനുമായിരുന്നു. അവിടുന്ന് സഹിച്ച എല്ലാ പ്രയാസങ്ങളും ദൈവത്തിന് വേണ്ടിയായിരുന്നു. ഗൃഹാംഗങ്ങളെല്ലാം തിരുമേനി (സ)യെ അങ്ങേയറ്റം വിശ്വസ്തതയോടെ പിന്തുടർന്നു. അവർ തങ്ങളുടെ ജീവിത സുഖങ്ങളെല്ലാം പരിത്യജിച്ചു. ഏറ്റവും പ്രയാസമേറിയ ജീവിതം അവിടത്തോടൊപ്പം അവർ സ്വയം തിരഞ്ഞെടുക്കുകയായിരുന്നു. ഈ ലോകത്തോട് വിട പറയുമ്പോൾ മുഴുവൻ അറേബ്യയും തിരുമേനി(സ) യുടെ കാൽ കീഴിലായി. പക്ഷേ തന്റെ കുടുംബത്തിനായി സ്വത്തോ ഒരു തരി സ്വർണമോ പണമോ വിലയേറിയ എന്തെങ്കിലും സാധനങ്ങളോ തിരുമേനി(സ) സമ്പാദിച്ചിരുന്നില്ല. ലോകത്തിന് വിശുദ്ധ ഖുർആനും തന്റെ പരിശുദ്ധ ജീവിതവും മാത്രമാണ് അവിടുന്ന് സമ്മാനിച്ചത്. മനുഷ്യ ജീവിതം ക്രമപ്പെടുത്തുവാൻ മാനവരാശിക്ക് ദൈവത്തിൽ നിന്ന് ലഭിച്ച രണ്ട് മഹത്തായ സമ്മാനങ്ങളായിരുന്നു അവ. റസൂൽ തിരുമേനി(സ) മനുഷ്യന് സത്യം, വിശ്വസ്തത, സഹനം, ആത്മ നിയന്ത്രണം, അനുകമ്പ, നീതി, അയൽ പക്കവുമായുള്ള നല്ല ബന്ധം, ശാന്തി, ദൈവത്തിലുള്ള വിശ്വാസം, കഠിനാദ്ധ്വാനം എന്നീ മൂല്യങ്ങൾ പഠിപ്പിക്കുകയുണ്ടായി. അത്യുന്നതമായ ആത്മീയ പദവിയിലേക്ക് മനുഷ്യനെ കൈപിടിച്ചുയർത്തിയപ്പോഴും അവിടുന്ന് പറഞ്ഞത് **'ഞാൻ നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്' എന്നായിരുന്നു.**

കാട്ടുജന്തുക്കളെ പോലെ കലഹപ്രിയരും മദ്യപന്മാരും കൊള്ളക്കാരും മർദകരുമായ ഒരു ജനതയായിരുന്നു അറബികൾ. ആ അറബ് ജനതയെ റസൂൽ തിരുമേനി (സ) പുണ്യാത്മാക്കളുടെയും ശുഹദാക്കന്മാരുടെയും സമൂഹമാക്കി. ദൈവഭയമുള്ളവരും വിധവകളുടെയും അനാഥകളുടേയും സംരക്ഷകരുമാക്കിമാറ്റി. അവരെ ദൈവത്തെ ആരാധിക്കുന്നവരും വ്രതമനുഷ്ഠിക്കുന്ന വരുമാക്കി പരിവർത്തിപ്പിച്ചു.

മക്കയിലെ ഖുറൈശികളെ റസൂൽ തിരുമേനി (സ) ആദ്യമായി ദൈവത്തിലേക്ക് ക്ഷണിച്ചപ്പോൾ അവർ അദ്ദേഹത്തെ പരിഹസിച്ചു. പുച്ഛിച്ചു. പിന്നീട് അവിടുത്തെ വധിക്കുവാൻ ഗൂഢാലോചന നടത്തി. വിദൂരമായ മദീനയിലേക്ക് അഭയാർഥിയായി പോവാൻ അദ്ദേഹം നിർബന്ധിതനായി. അവസാനം ഖുറൈശികളടക്കമുള്ള മുഴുവൻ അറേബ്യയുടെയും രാജാധിരാജനായിട്ടാണ് റസൂൽ തിരുമേനി (സ) ലോകത്തോട് വിടപറഞ്ഞത്. അല്ലാഹു അവിടുത്തെ ഏറ്റവും ഉത്തമമായ രീതിയിൽ അനുഗ്രഹിക്കുകയായിരുന്നു.

(*വിവ: എ.എം*)


Humanity First




Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

# ഒരു വൈമാനികന്റെ വിഭജനകാല സ്മരണകൾ –3

വിമാനവുമായി ബന്ധപ്പെട്ട ചില അത്ഭുത സംഭവങ്ങൾ ലേഖകൻ അനാവരണം ചെയ്യുന്നു.

സ്ക്വാഡ്രൻ ലീഡർ മീർ മുഹമ്മദ് അഹ്മദ്

അല്ലാഹുവിൽ നിന്നുള്ള മൂന്നാമത്തെ മുഅ്ജിസ (അത്ഭുത ദൃഷ്ടാന്തം) ഹുസൂർ ലാഹോറിൽ എത്തിയതിന് കുറേ ദിവസങ്ങൾക്ക് ശേഷമാണ് ഉണ്ടായത്. എന്റെ ഓർമ ശരിയാണെങ്കിൽ സെപ്റ്റംബറിന്റെ മൂന്നാം വാരത്തിലാണ് ഇത് സംഭവിച്ചത്. അന്ന് ദിവസവും ഖാദിയാനിൽ നിന്നും ഹിജ്റത്ത് (പാലായനം) ചെയ്തുകൊണ്ട് ഖാഫില (യാത്ര സംഘം)കൾ ലാഹോറിൽ എത്താറുണ്ടായിരുന്നു. ഓരോ സംഘത്തിലും നൂറുകണക്കിന് പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉണ്ടാകും. അവർ രാവിലെ ഖാദിയാനിൽ നിന്ന് പുറപ്പെടുകയും വൈകുന്നേരമാകുമ്പോഴേക്കും ലാഹോറിൽ എത്തുകയുമാണ് പതിവ്.

അന്നൊരു ദിവസം വൈകുന്നേരമായിട്ടും ഖാഫില ലാഹോറിൽ എത്തിയില്ല. ഹുസൂർ ആകെ ചിന്താമഗ്നനായി. കുറെ കാത്തിരുന്നു, ഏറെ വൈകീട്ടും ഖാഫിലയെക്കുറിച്ച് ഒരറിവും ലഭിച്ചില്ല. ഖാഫില എവിടെ തങ്ങിയെന്നോ അല്ലെങ്കിൽ വല്ല സ്ഥലത്തും തടഞ്ഞു വെക്കപ്പെട്ടോ എന്നും മറ്റുമറിയാനുള്ള ഒരു മാർഗവും ഇല്ലാതായപ്പോൾ ഹുസൂർ രാത്രി ഒരു മീറ്റിംഗ് വിളിപ്പിച്ചു. കാണാതായ ഖാഫിലയെ എങ്ങനെഅന്വേഷിക്കും അതാണ് ചർച്ചാ വിഷയം. നമ്മുടെ വിമാനം അയച്ചുകൊണ്ട് മുകളിൽ നിന്ന് സാധാരണ ടോർച്ചിന്റെ സഹായത്തോടെ അവരെ തിരയണമെന്ന് ഒരാൾ അഭിപ്രായപ്പെട്ടു. രാത്രി ആയതുകൊണ്ട് 500 അടി ഉയരത്തിലെങ്കിലും പറക്കേണ്ടിവരുമെന്നും അത്ര ഉയരത്തിൽ നിന്ന് ഭൂമിയിൽ സാധാരണ ടോർച്ചിന്റെ പ്രകാശം കൊണ്ട് ഒന്നുംതന്നെ കാണാൻ സാധിക്കുകയില്ലെന്നും ഞാൻ അദ്ദേഹത്തോട് പറഞ്ഞു.

വിമാനത്താവളത്തിൽ രാത്രി സമയത്ത് ലാന്റ് ചെയ്യുന്ന വിമാനം നിങ്ങൾ കണ്ടിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് ഒരു കാര്യം മനസ്സിലാകും. അത് അതിന്റെ നാല് ലാന്റിംഗ് ലൈറ്റുകൾ ഓൺ ചെയ്തിരിക്കും. അതിന്റെ പ്രകാശ ശക്തി 20 മില്ല്യൺ (രണ്ട് കോടി) കാന്റിൽ പവർ അഥവാ മെഴുകുതിരിക്ക് തുല്യ ശക്തിയാണ്. (കത്തിജ്വലിക്കുന്ന വസ്തുക്കളുടെ ദീപ്തി അളക്കുന്നതിന് തോതായി എടുക്കുന്ന പ്രകാശ ഏകകത്തെയാണ് കാന്റിൽ പവർ (candle power) എന്ന് പറയുന്നത്. അതായത് വെളിച്ചം അളക്കുന്നതിനുള്ള മാത്ര അല്ലെങ്കിൽ ദീപമാപനപ്രമാണം –വിവർത്തകൻ)

സാധാരണ ടോർച്ചിന് കേവലം 50, 60 കാന്റിൽ പവർ (candle power) മാത്രമേ ഉള്ളൂ. മറ്റൊന്ന് രാത്രി നമ്മുടെ L5 വിമാനത്തിൽ ടെയ്ക്ക്ഓഫും ലാന്റിങ്ങും (takeoff & landing) സാധ്യമാണെങ്കിലും റൺവേയിൽ വെളിച്ചം നിർബന്ധമായും ഉണ്ടായിരിക്കണം. വേറൊരു കാര്യം രാത്രികാലങ്ങളിൽ ദിക്ക് അറിയുവാനുള്ള യാതൊരു ഇലക്ട്രോണിക് സംവിധാനവും നമ്മുടെ



സ്ക്വാഡ്രൻ ലീഡർ മീർ മുഹമ്മദ് അഹ്മദ്

വിമാനത്തിലില്ല. അന്ന് ഇരുട്ടാണെങ്കിൽ അൽപം പോലും കാണാൻ സാധിക്കാത്ത തരത്തിലുള്ള കൂരിരുട്ട്.

ഇത്രയും പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും ഞാനവരെ അന്വേഷിച്ചു കണ്ടെത്താൻ തീരുമാനിച്ചു. ഖാഫിലയെ കാണാത്ത തിലുള്ള ഹുസൂറിന്റെ വേവലാതിയും പരിഭ്രമവും എനിക്ക് കണ്ടുനിൽക്കാനാവാത്ത തുകൊണ്ടായിരുന്നു ഞാൻ ഈ സാഹസത്തിന് മുതിർന്നത്. ഞാൻ ഈ തീരുമാനമെടുത്തപ്പോൾ സാഹിബ് സാദാ മീർസാ മുനീർ അഹ്മദ് സാഹിബും എന്നോടൊപ്പം ഈ ദൗത്യത്തിനായി വരാൻ തയ്യാറായി. ഏതാനും വർഷം മുമ്പ് വിമാനം പറത്താനുള്ള പരിശീലനം (Flaying training) പൂർത്തിയാക്കിയ ആളാണദ്ദേഹം. പൂർണമായ രീതിയിൽ ഒരു വൈമാനികനായിട്ടും

അദ്ദേഹം കച്ചവടത്തിലേക്കും വ്യവസായത്തിലേക്കും തിരിഞ്ഞുകൊണ്ട് ആ ജോലി സ്വായത്തമാക്കുകയാണ് ചെയ്തത്.

പിന്നെ ഒട്ടും താമസിച്ചില്ല. ഞങ്ങൾ രണ്ട് പേരും ജമാഅത്തിന്റെ ജീപ്പിൽ ഡ്രൈവറോടൊപ്പം ലാഹോർ വാൾട്ടൻ വിമാനത്താവളത്തിലേക്ക് തിരിച്ചു. നേരെ വിമാനത്താവളത്തിന്റെ മാനേജറുടെ വീട്ടിൽ ചെന്ന് ഞങ്ങൾ ഞങ്ങളുടെ ആവശ്യം അദ്ദേഹത്തെ അറിയിച്ചു. വിമാനത്താവളം ഈ സമയം പൂട്ടിയിരിക്കയാൽ സർക്കാർ നിയമപ്രകാരം ഇവിടെ നിന്ന് പറക്കാൻ പറ്റുകയില്ലെന്നും എയർ ട്രാഫിക്ക് കൺട്രോളും അടച്ചിരിക്കുകയാണെന്നും എന്നാൽ നിങ്ങൾ സ്വന്തം റിസ്ക്കിൽ പറക്കാൻ വിചാരിക്കുകയാണെങ്കിൽ റൺവേയുടെ ഇരുവശവും ടെയ്ക്കോഫിനും ലാന്റിങ്ങിനും ഒഴിച്ചുകൂടാനാവാത്ത ലൈറ്റുകൾ (Flares) കൊണ്ടുവന്ന് പിടിപ്പിക്കേണ്ടി വരുമെന്നും അദ്ദേഹം ഞങ്ങളോട് പറഞ്ഞു. ഈ ലൈറ്റുകൾ വിമാനത്താവളത്തിന്റെ ഇന്ന ഭാഗത്തുള്ള ഗോഡൗണിലാണ് ഉള്ളതെന്നും അവിടെ നിന്നെടുത്തു ആവശ്യം കഴിഞ്ഞാൽ നിങ്ങൾ തന്നെ അത് യഥാസ്ഥാനത്ത് കൊണ്ടു വെക്കണമെന്നും ഞങ്ങളെ അദ്ദേഹം ഓർമിപ്പിക്കാതിരുന്നില്ല.

ഞങ്ങൾ മൂന്ന് പേരും നമ്മുടെ ജീപ്പിൽ കയറി ലൈറ്റുകൾ വെച്ചിരിക്കുന്ന ഗോഡൗണിൽ പോയി കുറച്ച് ലൈറ്റുകൾ എടുത്ത് വിമാനത്താവളത്തിന്റെ ചെറിയ റൺവേ ആരംഭിക്കുന്ന ഭാഗത്ത് വന്നു. ഇക്കാലത്താണെങ്കിൽ എല്ലാ വിമാനത്താവളങ്ങളിലും സ്ഥിരമായി വൈദ്യുത വിളക്കുകൾ റൺവേയുടെ ഇരുവശവും ഉണ്ടാകുമെന്ന് മാത്രമല്ല ഈ വിളക്കുകൾ മുഖേന റൺവേയുടെ സെന്റർ ലൈനും അതിന്റെ അറ്റവും അതിനോട് ചേർന്ന അപ്രോച്ച് ഭാഗങ്ങളും നിമിഷം കൊണ്ട് പ്രഭാപൂരിതമാക്കാൻ സാധിക്കും.

ആ കാലത്തെ ഫ്ളേർസ് കഥകളിൽ വായിച്ച അലാവുദ്ദീന്റെ അത്ഭുത വിളക്കിനെ ഓർമപ്പെടുത്തുന്ന തരത്തിലുള്ള കിണ്ടി രൂപത്തിലുള്ള വലിയൊരു പാത്രമാണ്. കിണ്ടിയുടെ വാലിൽ പരുത്തികൊണ്ടുള്ള തടിച്ച തിരിയുണ്ടാകും. പാത്രത്തിൽ മണ്ണെണ്ണ നിറച്ചിരിക്കും. നമ്മുടെ നാടൻ റാന്തൽ കത്തിക്കുന്നത് പോലെ തീപ്പെട്ടി ഉപയോഗിച്ച് തിരിക്ക് തീകൊളുത്തും. രാത്രി എത്ര ശക്തമായ കാറ്റുണ്ടായാലും ഇത് തനിയെ അണഞ്ഞുപോവുകയില്ല എന്നതാണ് ഇതിന്റെ പ്രത്യേകത. അതുകൊണ്ട് ആവശ്യം കഴിഞ്ഞാൽ നമ്മൾതന്നെ അണക്കേണ്ടിവരും. ആ രാത്രി ഭയങ്കര ഇരുട്ടായി രുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലോ. ജീപ്പിന്റെ ഹെഡ്ലൈറ്റ് കൊണ്ട് പോലും വഴികാണാൻ വളരെ പ്രയാസമായിരുന്നു. മൂന്ന് പേരുടേയും ഒരു മണിക്കൂർ നേരത്തെ ശ്രമഫലമായി നമ്മുടെ L5 വിമാനത്തിന്റെ ടേയ്ക്ക് ഓഫിനും ലാന്റിങ്ങിനും ആവശ്യമായ ഫ്ളെയറുകൾ ഞങ്ങൾ പിടിപ്പിച്ചു. ഈ റൺവേയുടെ മദ്ധ്യഭാഗത്ത് ഡക്കോട്ട (Dekota) ഇനത്തിൽപെട്ട ഒരു ചെറുതരം വിമാനം പാർക്ക് ചെയ്യുന്നുണ്ടായിരുന്നു. ആശ്ചര്യകരമെന്ന് പറയട്ടെ എയർപോർട്ട് മാനേജർ അക്കാര്യം ഞങ്ങളോട് പറഞ്ഞതേയില്ല. ഞങ്ങളുടെ ഭാഗ്യക്കേട് എന്നല്ലാതെ എന്ത് പറയാൻ, ആ റൺവേയുടെ ആരംഭത്തിന്റെ കുറച്ച് ഭാഗത്ത് മാത്രമേ ഞങ്ങൾ ഫ്ളേർസ് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നുള്ളൂ. അത് നമ്മുടെ വിമാനത്തിന്റെ ടേയ്ക്ക് ഓഫിനും ലാന്റിങ്ങിനും എന്റെ കണക്ക് കൂട്ടലിൽ മതിയാകുമായിരുന്നു.

ആ ദിവസങ്ങളിൽ പാകിസ്താൻ ഗവൺമെന്റ് ജീവനക്കാരേയും അവരുടെ കുടുംബങ്ങളേയും ദിവസവും രാവിലെ ഡൽഹിയിൽ നിന്നും ലാഹോറിലേക്ക് കൊണ്ടുവരാനായി ബ്രിട്ടീഷ് ഓവർസീസ് എയർ വേയ്സ് കോർപറേഷന്റെ (ഇപ്പോഴത്തെ ബ്രിട്ടീഷ് എയർവേയ്സ്) 12 ഡക്കോട്ട വിമാനങ്ങൾ ചാർട്ടർ ചെയ്തിട്ടുണ്ടായിരുന്നു. ഈ വിമാനങ്ങൾ രാവിലെ വന്ന് വൈകുന്നേരം ഡൽഹിക്ക് തിരിച്ച് പോകാറാണ് പതിവ്. ഏതാനും ആഴ്ചകൾകൊണ്ട് ഈ ദൗത്യം അവർ പൂർത്തിയാക്കുകയും ചെയ്തു. അന്നേ ദിവസം ഈ വിമാനങ്ങളിൽ ഒന്നിന് യന്ത്രതകരാറ് കാരണം തിരിച്ച് പോകാൻ സാധിച്ചില്ല. അതുകൊണ്ട് രാത്രി വാൾട്ടൻ വിമാനത്താവളത്തിൽ തന്നെ അതു തങ്ങി. അതു പാർക്ക് ചെയ്തതാണെങ്കിൽ ചെറിയ റൺവേയുടെ ഒത്ത മദ്ധ്യഭാഗത്തും. ഞങ്ങൾ ഈ കാര്യ ങ്ങൾ ഒന്നും അറിഞ്ഞതേയില്ല.

ഞങ്ങൾ വിമാനത്താവളത്തിന്റെ പ്രധാനറൺവേ ആയ നീളംകൂടിയ റൺവേയിൽ നിന്നായിരിക്കാം ടേയ്ക്കോഫ് ചെയ്യുക എന്ന നിലക്കായിരിക്കാം ഡക്കോട്ട പാർക്ക് ചെയ്യുന്ന വിവരം ഞങ്ങളെ എയർപോർട്ട് മാനേജർ അറിയിക്കാതിരുന്നത്. ആ റൺവേയുടെ തുടക്കത്തിന്റെഅടുത്തായിരുന്നു ഫ്ളേർസ് സൂക്ഷിച്ചിരിക്കുന്ന ഗോഡൗൺ ഉണ്ടായിരുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് കുറെ സമയവും അദ്ധ്വാനവും ലാഭിക്കാൻ സാധിച്ചിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ ഈ റൺവേ തിരഞ്ഞെടുക്കാൻ കാരണം. മെയിൻ റൺവേ തിരഞ്ഞെടുത്തിരുന്നുവെങ്കിൽ അതിന്റെ ഒരറ്റത്ത് ഫ്ളേർസ് എത്തിക്കാൻ തന്നെ കുറെ സമയം വേണ്ടിവന്നേനെ. കൂരിരുട്ടിന്റെ കട്ടികാരണം ജീപ്പിന്റെ ഹെഡ് ലൈറ്റ് കൊണ്ട്പോലും ഡക്കോട്ട കാണാൻ സാധിച്ചില്ല. ഇതല്ലാതെ മറ്റൊരു അപകടം കൂടി ഞങ്ങളെ കാത്തിരിക്കുന്നുണ്ടായിരുന്നു.

ആ ദിവസങ്ങളിൽ ആയിരക്കണക്കിന് മുസ്ലിം അഭയാർഥികൾ അങ്ങേയറ്റം ശോചനീയാവസ്ഥയിൽ പാകിസ്താനിൽ എത്തികൊണ്ടിരിക്കുന്നുണ്ടായിരുന്നു. അവരിലധികവും കിഴക്കൻ പഞ്ചാബിൽ നിന്നുള്ളവരാണ്. ഇവർ വാൾട്ടൻ വിമാനത്താവളത്തിന്റെ സമീപത്തുള്ള കറാച്ചിക്ക് പോകുന്ന റെയിൽവേ ലൈനിന്റെ മറുഭാഗത്തുള്ള ബാബെ പാകിസ്താൻ (പാകിസ്താൻ കവാടം) എന്ന് ഇപ്പോൾ വിളിക്കപ്പെടുന്ന വലിയൊരു അഭയാർഥി ക്യാമ്പിലായിരുന്നു താമസിച്ചിരുന്നത്. ഈ അഭയാർഥികൾ തങ്ങളോടൊപ്പം അവരുട എണ്ണമറ്റ വളർത്തു മൃഗങ്ങളേയും കൂടെ കൊണ്ടുവന്നിരുന്നു.

ആയിരക്കണക്കിന് വരുന്ന ഈ വളർത്തു മൃഗങ്ങൾ റെയിൽവേ ലൈനിന്റെ ഇരുവശത്തുമുള്ള പ്രദേശത്തായിരുന്നു മേഞ്ഞ് നടന്നിരുന്നത്. ധാരാളം മൃഗങ്ങൾ റെയിൽവേ ലൈൻ മുറിച്ചു കടന്ന് വാൾട്ടൻ വിമാനത്താവളത്തിന്റെ ഇരു റൺവേക്കും ഇടയിലുള്ള വിശാലമായ പുൽ മൈതാനത്തും യഥേഷ്ടം മേഞ്ഞ് നടക്കാറുണ്ടായിരുന്നു. ഈ മൃഗങ്ങളെ നിയന്ത്രിക്കാനോ നിരീക്ഷിക്കാനോ ഉള്ള യാതൊരു സംവിധാനവും ഇല്ലായിരുന്നു.

കാത്തിരിക്കുന്ന ഈ രണ്ട് അപകടങ്ങളേയും കുറിച്ച് അറിയാത്ത ഞാനും കൂടെയുള്ള മുനീർ സാഹിബും യാത്ര ആരംഭിക്കാൻ വിമാനത്തിൽ കയറി ഇരുന്നു. വിമാനത്തിന്റെ എൻജിൻ സ്റ്റാർട്ട് ചെയ്തുകൊണ്ട് ടെയ്ക്കോഫ് ചെയ്യുവാനായി ചെറിയ റൺവേയിൽ പ്രവേശിച്ചു. പിന്നീട് എല്ലാം പരിശോധിച്ചശേഷം പറക്കാനായി ഫുൾ ത്രോട്ട്ൽ (എൻജിന് പറക്കാനുള്ള ശക്തി) നൽകികൊണ്ട് റൺവേയിലൂടെ ഓടാൻ തുടങ്ങി. വിമാനം ഏകദേശം ഒരു 150 വാര ഓടിയിരിക്കും. അപ്പോഴേക്കും വിമാനം പൊട്ടിത്തെറിയുടെ അതിഭീകര ശബ്ദത്തോടെ എന്തോ ഒരു വസ്തുവുമായി കൂട്ടിയിടിച്ചു. ആ ഭീകരമായ ഇടിയിൽ വിമാനത്തിന്റെ മുൻഭാഗം താഴ്ന്നു കൊണ്ട് റൺവേയിൽ മൂക്ക് കുത്തി. വാലിന്റെ ഭാഗം മുകളിലേക്ക് പൊങ്ങിക്കൊണ്ട് മുന്നോട്ടേക്ക് മലക്കം മറിഞ്ഞു. എന്നിട്ട് വിമാനം കീഴ്മേൽ മറിഞ്ഞ അവസ്ഥയിൽ മുന്നോട്ടേക്ക് വലിച്ചിഴച്ച് കൊണ്ട് പോയി എന്നിട്ടുനിന്നു. വിമാനം മറിഞ്ഞതോടുകൂടി പെട്രോൾ ടാങ്കിൽ നിന്നും പെട്രോൾ പുറത്തേക്കൊഴുകുന്ന ശബ്ദം ഞാൻ കേട്ടു. മാത്രവുമല്ല പെട്രോളിന്റെ മണവും എനിക്കനുഭവപ്പെട്ടിരുന്നു. എന്റെ രണ്ട് കാൽമുട്ടുകൾക്കും പരിക്ക് പറ്റിയെങ്കിലും ആ സ്ഥിതിയിൽ വിമാനത്തിന് തീപിടിച്ചേക്കാമെന്ന ഭയത്താൽ സീറ്റ് ബെൽറ്റഴിച്ച് ഞാനിറങ്ങി ഓടി. കുറച്ച് ദൂരം ഓടിയ ശേഷമാണ് എനിക്ക് ബോധോദയമുണ്ടായത്. ഉടനെതന്നെ വിമാനത്തിനടുത്തേക്ക് തിരിച്ച് ഓടി. അവിടെ നമ്മുടെ സഹോദരൻ മീർസാ മുനീർ അഹ്മദ് സാഹിബ് സീറ്റ് ബെൽറ്റിൽ കെണിഞ്ഞ് തലകീഴായി കുടുങ്ങി കിടപ്പുണ്ടായിരുന്നു. വിമാനം കീഴ്മേൽ മറിഞ്ഞതുകാരണം അദ്ദേഹത്തിന്റെ സീറ്റ് റൺവേയിൽ നിന്നും ഏകദേശം 10 അടി ഉയരത്തിൽ പൊങ്ങിപോയിരുന്നു. ആ അവസ്ഥയിൽ അദ്ദേഹത്തിന് സീറ്റ് ബെൽറ്റഴിക്കാൻ സാധിക്കുന്നില്ലായിരുന്നു. ഞാൻ സഹായിച്ചു. കുറച്ച് ബുദ്ധിമുട്ടി സീറ്റ് ബെൽറ്റ് അഴിക്കേണ്ട താമസം അദ്ദേഹം നേരേ താഴെ ടർമാക്കിലേക്ക് (tarmac) വീണു. വിമാനം പരിപൂർണമായും തകർന്നു തരിപ്പണമായിരിക്കുന്നു. ഞങ്ങളുടെ വിമാനം എന്ത് വസ്തുവുമായിട്ടാണ് കൂട്ടിയിടിച്ചത് എന്ന് അറിയുവാനായി ഞാൻ ടോർച്ച് എടുത്തു തെളിയിച്ചു നോക്കി. അപ്പോഴാണ് ആ ചെറിയ റൺവേയുടെ മദ്ധ്യഭാഗത്ത് നിൽക്കുകയായിരുന്ന ഒരു പശുവിനെയാണ് ഇടിച്ചത് എന്ന് മനസ്സിലായത്. പശു നേരെ രണ്ട് കഷ്ണമായിരിക്കുന്നു. അതിന്റെ ഒരു പകുതി ഞങ്ങൾ നിന്ന സ്ഥലത്തും മറ്റോരു പകുതി 50 വാര പുറകിൽ ഇടിച്ച സ്ഥലത്തും കിടപ്പുണ്ടായിരുന്നു.

അതിനു ശേഷം ഞങ്ങൾ റൺവേയിലൂടെ മുന്നോട്ട് നീങ്ങി. ഒരു 100വാര ഞങ്ങൾ പോയിരിക്കാം ഹാൾട്ട് (halt) എന്ന് അട്ടഹസിച്ചുകൊണ്ട് ഞങ്ങളുടെ നേരെ ഒരാൾ പാഞ്ഞടുത്തു. ഞാൻ ടോർച്ച് തെളിയിച്ചു നോക്കി. ബി.ഒ.എ.സി (BOAC) യുടെ ഒരു യാത്രാവിമാനം റൺവേയുടെ ഒത്ത മദ്ധ്യഭാഗത്ത് തന്നെ പാർക്ക് ചെയ്തിരിക്കുന്നു. ആ വിമാനത്തിന്റെ പാറാവുകാരനാണ് ഞങ്ങളുടെ നേരെ ഹാൾട്ട് എന്ന് അട്ടഹസിച്ചത്. ഞാനും മീർസാ മുനീർ അഹ്മദ് സാഹിബും ആ കാഴ്ച്ചകണ്ട് ഞെട്ടിത്തരിച്ചു പോയി. ഞങ്ങളുടെ ജീവൻ രക്ഷിക്കു വാനായി അല്ലാഹു ആ പാവം പശുവിനെ അയച്ചില്ലായിരു ന്നെങ്കിൽ ഞങ്ങൾ ഡക്കോട്ട വിമാനത്തെ ഇടിക്കുമായിരുന്നു. ഡക്കോട്ട വിമാനം പാർക്ക് ചെയ്ത സ്ഥലത്ത് നമ്മുടെ വിമാനം ഓടി എത്തുമ്പോഴേക്കും വിമാനത്തിന്റെ വേഗത മണിക്കൂറിൽ 100 മൈൽ (160 കി.മി)ആയിട്ടുണ്ടാവും. അപ്പോൾ ആ വേഗതയോടു കൂടിയ ഇടിയുടെ ആഘാതത്തിൽ രണ്ട് വിമാനങ്ങളും ഞങ്ങൾ രണ്ടുപേരും പൊടിപൊടിയായിത്തീരുമായിരുന്നു. ആ രാത്രി അല്ലാഹു ഞങ്ങൾ രണ്ട് പേരേയും അത്ഭുതകരമായി രക്ഷപ്പെടുത്തി. അൽഹംദുലില്ലാഹ്.

പ്രശ്നങ്ങൾ വേറേയും തലപൊക്കിത്തുടങ്ങി. അപകട സമയത്തുണ്ടായ ഇടിയുടെ നടുക്കുന്ന ശബ്ദം കേട്ട് വിമാനത്താവളത്തിലെ കുറച്ച് ജീവനക്കാർ അവിടെ ഓടി എത്തി. എയർപോർട്ട് മാനേജർ തികച്ചും നിയമവിരുദ്ധവും അനുവാദമില്ലാതെയും വിമാനം പറത്താൻ ശ്രമിച്ചു എന്നും മറ്റും പറഞ്ഞുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കി. ആ അവസ്ഥയിൽ അതല്ലാതെ മറ്റൊന്നും തന്നെ അദ്ദേഹത്തിന് ചെയ്യാൻ സാധിക്കുമായിരുന്നില്ല. ലൈറ്റുകളും (Flares) മറ്റുസാധനസാമഗ്രികളും എടുത്ത സ്ഥലത്തു തന്നെ തിരിച്ചെത്തിക്കാനായി ഞങ്ങൾക്ക് വളരെ നേരം വരെ അദ്ധ്വാനിക്കേണ്ടിവന്നു. ആ കാരണത്താൽ രാത്രി വളരെ വൈകിരത്തൻ ബാഗിൽ (വിഭജനത്തിനു ശേഷം ജമാഅത്തിന്റെ താൽകാലിക ആസ്ഥാനം. ഇവിടെയായിരുന്നു. ഹുസൂർ തിരുമനസ്സ് സാനി (റ) താമസിച്ചതും ഇവിടെയാണ്- വിവർത്തകൻ) തിരിച്ചെത്തി.

പിറ്റെ ദിവസം രാവിലെ സംഭവത്തിന്റെ മുഴുവൻ വിവരവും ഹുസൂറിനെ ധരിപ്പിച്ചു. ഞങ്ങൾ രണ്ട് പേരുടേയും ജീവൻ രക്ഷപ്പെട്ടുവെന്ന നിലക്ക് ഹുസൂർ തീർച്ചയായും സന്തോഷിച്ചിരിക്കാം. പക്ഷേ അന്ന് രാത്രി ഞങ്ങളിൽ നിന്നും വന്ന് പോയ കുറ്റകരമായ അനാസ്ഥ കാരണത്താലും ജമാഅത്തിന്റെ അച്ചടക്കത്തിനും അനുസരണത്തിനും വിരുദ്ധമായി പ്രവർത്തിച്ചു എന്ന കാരണത്താലും ഹുസൂർ വളരെ കോപിഷ്ടനായി. ഞങ്ങളോട് വളരെയധികം ദേഷ്യപ്പെട്ടു.

വിമാനത്താവളത്തിലേക്ക് പോ

കുന്ന വഴി ആദ്യം ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബി(റ)ന്റെ താമസ സ്ഥലത്തു പോയി കാണാതായ ഖാഫിലയെക്കുറിച്ച് വല്ലവിവരവും ലഭിച്ചിരുന്നുവോ എന്ന കാര്യം അദ്ദേഹത്തോടു അന്വേഷിച്ചശേഷം മാത്രമേ ഈ ദൗത്യത്തിനായി വിമാനത്താവളത്തിലേക്കായി പോകാവൂയെന്ന് ഞങ്ങളോട് ഹുസൂർ കൽപിച്ചിട്ടുണ്ടായിരുന്നു. വല്ല വിവരവും ലഭിച്ചിട്ടുണ്ടെങ്കിൽ ഈ ദൗത്യം ഉപേക്ഷിക്കണമെന്നും ഹുസൂർ ഞങ്ങളോട് ആവശ്യപ്പെട്ടിരുന്നു.

ഞങ്ങൾ ഇവിടെ നിന്ന് പുറപ്പെട്ട് കുറച്ച് കഴിഞ്ഞപ്പോൾ തന്നെ ഹുസൂറിനെ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് ഫോൺ ചെയ്തു കൊണ്ട് ഖാഫില സുരക്ഷിതമായി ഒരു സ്ഥലത്ത് തങ്ങീട്ടുണ്ടെന്നും പിറ്റെ ദിവസം ഉച്ചയോടെ ലാഹോറിൽ എത്തുമെന്നും ഹുസൂറിനോട് പറഞ്ഞതായും അതുകൊണ്ട് ഖാഫിലയെ അന്വേഷിച്ച് കൊണ്ടുള്ള ഞങ്ങളുടെ യാത്ര തികച്ചും അനാവശ്യമായിപ്പോയെന്നും വളരെ ദേഷ്യത്തോടെ ഹുസൂർ ഞങ്ങളോട് പറയുകയുണ്ടായി.

വിമാനത്താവളത്തിലേക്ക് ഞങ്ങൾ പുറപ്പെട്ടപ്പോൾ രാത്രി വളരെയേറെ വൈകിയിരുന്നു. അതുകാരണം ചൗധരി സാഹിബിനെ ആ സമയം ബുദ്ധിമുട്ടിക്കുന്നത് ഉചിതമല്ലെന്ന് കരുതിയാണ് ഞങ്ങൾ അദ്ദേഹത്തിന്റെ താമസ സ്ഥലത്ത് പോകാതിരുന്നതും അദ്ദേഹത്തോട് കാര്യങ്ങൾ അന്വേഷിക്കാതിരുന്നതും. അത് ഞങ്ങൾ ചെയ്ത വലിയ പാതകമായിപ്പോയി. ഹുസൂറിന്റെ കൽപന ധിക്കരിച്ചതു പോലെയും ആയിപോയി. അതിന്റെ ശിക്ഷ അന്ന് രാത്രി തന്നെ ഞങ്ങൾക്ക് ലഭിക്കുകയും ചെയ്തു. (കാലത്തിന്റെ ഖലീഫയുടെ ഒരു നിർദേശവും കൽപനയും അനവസരത്തിലുള്ളതാണെന്നൊ അനുചിതമാണെന്നോ ആവശ്യമില്ലെന്നോ കരുതി ഒരിക്കലും തള്ളിക്കളയരുത് എന്നകാര്യം കാലാകാലങ്ങളിൽ പലപല സംഭവങ്ങളിലൂടെ നാം മനസ്സിലാക്കിയതാണ്. അതുകൊണ്ട് ഹുസൂറിന്റെ വാക്കുകൾക്ക് യാതൊരു വ്യാഖ്യാനവും അടിക്കുറിപ്പും നൽകാതെ അതേപടി സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലാണ് അനുഗ്രഹം ഉള്ളതെന്ന് നാം ഓരോ അഹ്മദിയും ഓർക്കേണ്ടതാണ്-വിവർത്തകൻ)

ഈ അപകടത്തോടെ നമ്മുടെ ജമാഅത്തിന്റെ വിമാനങ്ങളുടെ എണ്ണം രണ്ടിൽ നിന്ന് ഒന്നായി ചുരുങ്ങി. ഡപ്യൂട്ടി മുഹമ്മദ് ലത്തീഫ് സാഹിബ് ഹുസൂറിന്റെ അനുവാദത്തോടെ ആ സമയത്തായിരുന്നു പാകിസ്താനിൽ തനിക്കനുയോജ്യമായ ഒരു ജോലി അന്വേഷിച്ചു പോയത്. അങ്ങനെ ജമാഅത്തിന്റെ പക്കൽ ഒരു വിമാനവും ഒരു വൈമാനികനും ബാക്കിയായി. അതായത് ഈ വിനീതൻ.

ഏതാനും ദിവസങ്ങൾക്ക് ശേഷം ഒരു ദിവസം അമൃതസറിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് ഇന്ത്യയുടെ അതിർത്തിക്കകത്ത് അജ്നാല എന്ന് പേരുള്ള ഒരു ചെറുപട്ടണ പ്രദേശത്തുള്ള ആയിരകണക്കിന് മുസ്‌ലിമീങ്ങൾ തങ്ങളുടെ വീടിന് മുകളിൽ കയറി ഇരിപ്പാണെന്നും വിവരം ലഭിച്ചു. ഹുസൂർ ഈ വിവരമറിഞ്ഞപ്പോൾ വളരെ വിഷമിക്കുകയും ചിന്താകുലനാവുകയും ചെയ്തു. ഉടനെതന്നെ ലങ്കർഖാനയിൽ ആയിരക്കണക്കിന്ന് തന്തൂരി റൊട്ടി തയ്യാറാക്കാനായി ഹുസൂർ ലാഹോർ ജമാഅത്തിനോട് കൽപ്പിച്ചു. അതിനു ശേഷം അത് 45 വീതം ഒരു പാക്കറ്റിലിട്ടു. ഈ പാക്കറ്റുകൾ ആ സഹോദരങ്ങൾക്കായി മുകളിൽ നിന്ന് എറിഞ്ഞു കൊടുക്കാൻ എന്നോടും ആവശ്യപ്പെട്ടു. റൊട്ടി തയ്യാറായപ്പോൾ ഞങ്ങൾ റൊട്ടി പാക്കറ്റുകൾ ജീപ്പിൽ കയറ്റി നേരെ വാൾട്ടൻ വിമാനത്താവളത്തിലെത്തി. ആ ദിവസം എന്റെ സഹായിയായി വന്നത് ഹുസൂറിന്റെ ഡ്രൈവർ നസീർ സാഹിബായിരുന്നു.

ഞാനും നസീർ സാഹിബും ചേർന്ന് നമ്മുടെ വിമാനത്തിന്റെ പിന്നിലത്തെ ഇരിപ്പിടത്തിന് പുറകിലുള്ള മുഴുവൻ സ്ഥലത്തും റൊട്ടി പാക്കറ്റുകൾ നിറച്ചുകൊണ്ട് നേരെ അജ്നാല ടൗണിലേക്ക് പുറപ്പെട്ടു. അവിടെയെത്തി ഞങ്ങൾ വളരെ സൂക്ഷ്മതയോടെ ഓരോന്നും ഈ രണ്ടുമായി പാക്കറ്റുകൾ താഴേക്ക് എറിയാൻ തുടങ്ങി. പക്ഷേ പാക്കറ്റ് ഒരാൾക്ക് കിട്ടേണ്ട താമസം ഒരാളേക്കാൾ ശക്തനായ മറ്റൊരാൾ ആദ്യത്തെ ആളിൽ നിന്ന് പാക്കറ്റ് പിടിച്ച് പറിക്കാൻ തുടങ്ങി. അത്രകണ്ട് ആ പാവങ്ങൾ പട്ടിണിയിലായിരുന്നു. ഈ പിടിച്ച് പറിയിലും പിടിവലിയിലും ധാരാളം റൊട്ടികൾ ഉപയോഗശൂന്യമാവുകയും ചെയ്തു. ലങ്കർഖാനയിലെ ജോലിക്കാർക്കും ഞങ്ങൾക്കും ഒരു തെറ്റ്പറ്റി. അവർ പഴയ പത്രങ്ങൾ കൊണ്ടായിരുന്നു പാക്കറ്റ് ഉണ്ടാക്കിയത്. ഈ പാക്കറ്റുകൾ വിമാനത്തിൽ നിന്നും താഴേക്ക് ഇടുമ്പോഴേക്കും കാറ്റിൽ കീറിപ്പോവുകയും റൊട്ടികൾ നേരെ നിലത്ത് മണ്ണിൽ ചെന്ന് വീഴുകയും ചെയ്തിരുന്നു. എന്നിരുന്നാലും ഈ പാവങ്ങൾക്ക് ഇത് വലിയൊരു ആശ്വാസമായി. ഇങ്ങനെ ഞങ്ങൾ മൂന്ന് പ്രാവശ്യം വാൾട്ടൻ വിമാനത്താവളത്തിൽ വന്ന് റൊട്ടി പാക്കറ്റുകൾ വിമാനത്തിൽ നിറക്കുകയും ഉണ്ടായിരുന്ന മുഴുവൻ പാക്കറ്റുകളും ഈ പ്രദേശത്ത് വിതരണം ചെയ്യുകയും ചെയ്തു.

(ഈ സംഭവം അന്ന് ഇങ്ക്വിലാബ് പത്രം ...അഭയാർഥികളുടെമേൽ റൊട്ടി വർഷം...അഹ്മദിയ്യാ വിമാനത്തിന്റെ ഉജ്ജ്വല പ്രകടനം എന്ന ഇരട്ട തലക്കെട്ടോടെ ഒരു വാർത്ത കൊടുക്കുകയുണ്ടായി. ഫതഹ്ഗഡ് ചൂഡിയാൻ എന്ന സ്ഥലത്ത് തമ്പടിച്ചിരിക്കുന്ന അഭയാർഥികൾ ഭക്ഷണം കിട്ടാതെ മരിച്ചു കൊണ്ടിരിക്കുകയാണ്. സദർ അഞ്ചുമൻ അഹ്മദിയ്യാ ലാഹോർ (പാകിസ്താൻ) തങ്ങളുടെ പ്രൈവറ്റ് വിമാനം അയച്ച് കൊണ്ട് അഭയാർഥികൾക്ക് വളരെ ഭാരിച്ച അളവിൽ റൊട്ടി എറിഞ്ഞു കൊടുക്കുകയുണ്ടായി. ഇതിനുപുറമേ അവരെ സമാശ്വസിപ്പിച്ചുകൊണ്ടും നിശ്ചയദാർഢ്യവും ധൈര്യവും കൈവെടിയെരുതെന്ന ഉപദേശങ്ങളുമടങ്ങിയ

നോട്ടീസുകളും വിതരണം ചെയ്യു കയുമുണ്ടായി. ഇങ്ക്വിലാബ്...14..9..1947, പേജ്..1,കോളം...5) (താരീഖെ അഹ്മദിയ്യത്ത്...വാള്യം 9, പേജ്..91 വിവർത്തകൻ)

ഈ സംഭവത്തിന് ഏതാനും നാളുകൾക്ക്ശേഷം കാശ്മീരിൽ യുദ്ധം പൊട്ടിപുറപ്പെട്ടു. ഈ കാരണ ത്താൽ എനിക്ക് നമ്മുടെ വിമാന ത്തിൽ സിയാൽകോട്ടിലേക്കും റാവൽപിണ്ടിയിലേക്കും ധാരാള മായി പറക്കേണ്ടി വന്നിരുന്നു. ആ സമയത്തുണ്ടായിരുന്ന ഒരു വെള്ള പൊക്കം മൂലം ലാഹോറിൽ നിന്നും ഗുജ്റാൻ വാലയിലേക്കുള്ള ജി.ടി. റോഡ് പലഭാഗത്തും വെള്ളത്തി നടിയിൽ ആയിപ്പോവുകയും ചെയ് തിരുന്നു.

1947 ഒക്ടോബർ അവസാന മാണെന്ന് തോന്നുന്നു, വിമാനനിർ മാണ കമ്പനിയായ ഡി..ഹാവിലാന്റി ന്റെ കറാച്ചിയിലുള്ള അവരുടെ അഖിലേന്ത്യാ ഓഫീസിൽ നിന്നും അവരുടെ പക്കൽ ഫോക്സ് മോത് ഇനത്തിൽപ്പെട്ട നാല് ചെറിയ യാത്രാ വിമാനങ്ങൾ ഉള്ളതായി ആരോ ഹുസൂറിന് വിവരം നൽകി. ഈ വിമാനം ഏതോ ഒരു ഇന്ത്യൻ സുഹൃത്ത് കാനഡയിൽ നിന്ന് ഇറക്കുമതി ചെയ്തതായിരുന്നു. ഈ വിമാനത്തിന്റെ ഭാഗങ്ങൾ കാനഡ യിൽ നിന്ന് ഭീമൻ പെട്ടികളിലാക്കി കപ്പൽ മാർഗമാണ് കറാച്ചി തുറമുഖ ത്തെത്തിച്ചത്. കറാച്ചി വിമാന ത്താവ ളത്തിൽ ഡി.ഹാവിലാന്റ് കമ്പനിയു ടെ അധീനത്തിലുള്ള Hangar ൽ (വിമാനത്തിന്റെഷെഡ്) കൂട്ടി യോജി പ്പിക്കാനായിരുന്നു പദ്ധതി. ആ കാലത്ത് മുഴുവൻ ഇന്ത്യയുടേയും സിവിൽ ഏവിയേഷൻ സെന്റർ കറാച്ചി വിമാനത്താവളമായിരുന്നു എന്ന കാര്യം നാം ഓർക്കേണ്ടതാണ്.

വിഭജനം കഴിഞ്ഞയുടനെ പാകി സ്താൻ സർക്കാർ ഈ നാല് വിമാന ങ്ങളും രാജ്യത്തിന് വെളിയിൽ പോ കുന്നത് തടഞ്ഞുകൊണ്ട് ഉത്തര വിറക്കി. ആയതിനാൽ ഡി.ഹാവി ലാന്റ് കമ്പനിക്ക് ഈ നാല് വിമാന ങ്ങളും പാകിസ്താനിൽ തന്നെ വിൽക്കുകയല്ലാതെ മറ്റു മാർഗമി ല്ലാതായി. വിമാനം ഒന്നിന് 2000 (രണ്ടായിരം)ബ്രിട്ടീഷ് പൗണ്ട്. അതായത് 29,200 രൂപയായിരുന്നു വില. നാലു വിമാനങ്ങളിൽ രണ്ടെ ണ്ണം സിന്ധ് സർക്കാർ അപ്പോഴത്തെ മുഖ്യമന്ത്രി മിസ്റ്റർ. ഖോഡോയുടെ സിന്ധിനകത്തെ പര്യടനങ്ങൾക്കായി വിലക്ക് വാങ്ങിയിരുന്നു.

ഹുസൂർ ഈ കാര്യങ്ങളൊക്കെ അറിഞ്ഞപ്പോൾ ഉചിതമെന്ന് തോ ന്നുന്നുവെങ്കിൽ ബാക്കിയുള്ള രണ്ടു വിമാനങ്ങളും വിലക്കു വാങ്ങുന്ന തിനായി പെട്ടെന്ന് തന്നെ എന്നെ കറാച്ചിയിലേക്കയച്ചു. ഒന്ന് നമ്മുടെ ജമാഅത്തിനും മറ്റൊന്ന് സർക്കാർ ആവശ്യത്തിനുമായിരുന്നു.

ഫോക്സ് മോത് ഇനത്തിൽപെട്ട വിമാനം വൈമാനികന് പുറമെ മൂന്ന് യാത്രക്കാർക്ക് ഇരിക്കാൻ പറ്റുന്ന തരത്തിലുള്ള ഒരു ചെറിയ വിമാന മാണ്. ഈ വിമാനത്തിന്റെ എൻജി ന്റെ പുറകിൽ യാത്രക്കാർക്കുള്ള ഒരു ചെറിയ കാബിനുണ്ട്. അതിൽ മൂന്ന് പേർക്ക് ഇരിക്കാം. കാബിന് പുറകി ലാണ് കോക്ക് പിറ്റ്. കോക്ക് പിറ്റിനും കാബിനും മദ്ധ്യത്തിൽ വൃത്താകൃ തിയിലുള്ള ചെറിയൊരു കിളിവാ തിലുണ്ട്. അതിലൂടെ യാത്രക്കാർക്ക് വൈമാനികനുമായി ആവശ്യാനു സരണം ബന്ധപ്പെടാം.

ഈ വിമാനത്തിന്റെ സാധാരണ വേഗത L5 വിമാനത്തിന്റെതു പോലെ മണിക്കൂറിൽ 120 മൈലിലും (ഏകദേശം 192 കി.മി) കൂടുതലാണ്. പക്ഷേ L5 ഒരു ചിറകുള്ള Mono plane ആണെങ്കിൽ ഫോക്സ് മോത് ആകട്ടെ രണ്ട് ചിറകുള്ള Bi Plane ഉം. എന്നാലും L5 വിമാനം ഭാരത്തി ന്റെയും എൻജിൻ ശക്തിയുടേയും കാര്യത്തിൽ വളരെ മുന്നിലാണ്. ഫോക്സ് മോത് വിമാനത്തിന്റെ എൻജിൻ താരതമ്യേന ശക്തി കുറ ഞ്ഞവയാണ്.

വീണ്ടും ജമാഅത്തിന്റെ പക്കൽ രണ്ട് വിമാനങ്ങൾ വന്നു ചേർന്നു. ആ സമയം ജമാഅത്തിപരമായ ആവശ്യങ്ങൾക്ക് പുറമെ പൊതു ആവശ്യങ്ങളുമായി ബന്ധപ്പെട്ട ജോലികാരണം ഞങ്ങൾ മാസങ്ങ ളോളം വളരെ തിരക്കിലായിരുന്നു.

ഹുസൂർ റബ്വയുടെ ഉദ്ഘാട ത്തിനായി പോകുന്നതിന് രണ്ട് ദിവസങ്ങൾക്കു മുമ്പ് നമ്മുടെ പുതി യ വിമാനമായ ഫോക്സ് മോതിൽ പറന്ന് ഇപ്പോൾ ഖസരെ ഖിലാഫത്ത് (അമീറുൽ മുഅ്മിനീന്റെ വാസ സ്ഥലം) സ്ഥിതിചെയ്യുന്ന സ്ഥലത്ത് ലാന്റ് ചെയ്തത് ഇപ്പോഴും ഞാൻ നന്നായി ഓർക്കുന്നു. ഇപ്പോൾ സദർ അഞ്ചുമൻ അഹ്മദിയ്യായുടേയും തഹ്രീഖെ ജദീദിന്റെയും ഓഫീസു കളും ആ ഓഫീസുകളിൽ ജോലി ചെയ്യുന്നവരുടെ വീടുകളും അടങ്ങു ന്ന മൊഹല്ല ദാറുസ്സദറിന്റെ ആ മുഴുവൻ പ്രദേശവും അന്ന് പാറക്ക ല്ലുകളും കുണ്ടും കുഴിയും നിറഞ്ഞ വളരെ മോശപ്പെട്ട ഒരു മൈതാന മായിരുന്നു. അവിടെ ഞാൻ ഏതാ നും മണിക്കൂറുകൾ ചെലവഴിച്ചു കൊണ്ട് ഒരാളുടെ സഹായത്തോടെ കുമ്മായപൊടി ഉപയോഗിച്ച് ലൈനു കൾ അടയാളപ്പെടുത്തുകയുണ്ടാ യി. അവിടെ ഒരു സ്ഥിരമായ ലാന്റിം ഗ് ഗ്രൗണ്ടിനുള്ള പദ്ധതി നിർദേശി ക്കാനായിരുന്നു ഞാൻ അങ്ങനെ ചെയ്തത്. പക്ഷേ പദ്ധതി പിന്നീട് മുന്നോട്ട് പോയില്ല.

ഹുസൂർ ഒരിക്കൽ ജമാഅത്ത് സന്ദർശനത്തിനായി സിന്ധിൽ പോ യപ്പോൾ ഞാനും ആ വിമാനത്തിൽ ഏതാനും ദിവസത്തേക്ക് മുൽത്താൻ ജേക്കോബാബാദ് വഴി കറാച്ചിയി ലേക്ക് പോയിരുന്നു. അവിടെ നിന്ന് ഹൈദരാബാദിലേക്കും പോയി. പിന്നീട് അതേ വിമാനത്തിൽ കനറി യിൽ പോയി ലാന്റ് ചെയ്തു. പക്ഷേ ഹുസൂറിന്റെ ഹെഡ്ക്വാർട്ടർ അവിടെ നിന്ന് 25മൈൽ ദൂരെ വടക്ക് മഹ്മൂ ദാബാദിലായിരുന്നു. അതുകൊണ്ട് ഞാൻ കുതിരപ്പുറത്ത് കയറി മഹ്മൂദാബാദിലേക്ക് പോയി. അവിടെ സയ്യിദ് അബ്ദു റസ്സാഖ് ശാഹ് സാഹിബ് മർഹൂമിന്റെ പരിപൂ ർണ സഹകരണത്തോടെ പെട്ടെന്ന് തന്നെ ഹുസൂറിന്റെ ഓഫീസി ന്റെയും താമസസ്ഥലത്തിന്റെയും സമീപത്തു തന്നെ ഞങ്ങൾ ഒരു ലാന്റിങ്ങ് ഗ്രൗണ്ട് ഉണ്ടാക്കി. അതിന് ശേഷം കുതിരപ്പുറത്ത് തന്നെ കയറി ഞാൻ തിരിച്ച് കനറിക്ക് പോയി.

പിന്നീട് വിമാനം മഹ്മൂദാബാദിലേക്ക് കൊണ്ടുവന്നു. ഏതാനും ദിവസങ്ങൾക്കുശേഷം കറാച്ചി വഴി ലാഹോറിൽ തിരിച്ചെത്തി. ലാഹോറിൽ തിരിച്ചെത്തിയ ശേഷം ജമാഅത്തിന്റെ പല തരത്തിലുള്ള ആവശ്യാർഥം എനിക്ക് വളരെ കൂടുതൽ പറക്കേണ്ടിവന്നിരുന്നു.

ഒരിക്കൽ ഹുസൂർ എന്നോടൊപ്പം ഈ ഫോക്സ് മോത് വിമാനത്തിൽ സിയാൽകോട്ടിൽ നിന്ന് ലാഹോറിലേക്ക് വരികയുണ്ടായി. ഹുസൂറിനോടൊപ്പം സയ്യിദ മെഹർ ആപ്പ മർഹൂമയും ഹുസൂറിന്റെ മകൾ സാഹിബ് സാദി അമത്തുൽ ബാസിത്ത് ബേഗം സാഹിബ മർഹൂമയും ഉണ്ടായിരുന്നു. അന്ന് ഞങ്ങൾ എന്തോ ചില സാങ്കേതിക കാരണങ്ങളാൽ വാൾട്ടൻ വിമാനത്താവളം അടച്ചതിനാൽ ഇപ്പോഴത്തെ ലാഹോർ വിമാനത്താവളത്തിലായിരുന്നു ലാന്റ് ചെയ്തത്. ലാഹോർ വിമാനത്താവളം അന്ന് എയർഫോഴ്സിന്റെ സ്ഥിരതാവളമായിരുന്നു. യാത്രാവിമാനങ്ങൾക്ക് അന്നവിടെ ഇറങ്ങാൻ അനുവാദമുണ്ടായിരുന്നില്ല. അതേപോലെ ഒരിക്കൽ നമ്മുടെ വിമാനത്തെ ക്വറ്റയിലേക്ക് കൊണ്ടുപോകണമായിരുന്നു. സിന്ധ് പ്രവിശ്യയിൽ ആ സമയം ഉണ്ടായ വെള്ളപ്പൊക്കകെടുതി കാരണം കരമാർഗമുള്ള എല്ലാ വഴികളും അടഞ്ഞ് കിടക്കുകയായിരുന്നു. അപ്പോൾ ഉണ്ടായ എന്തോ ഒരു സാങ്കേതികമായ നിർബന്ധിതാവസ്ഥ കാരണം വിമാനം ജേക്കോബാബാദ് വിമാനത്താവളത്തിൽ ഉപേക്ഷിക്കേണ്ടതായി വന്നിരുന്നു.

1950 ൽ ഹുസൂർ നമ്മുടെ രണ്ട് വിമാനങ്ങളും കറാച്ചിയിലേക്ക് അയക്കാൻ തീരുമാനിക്കുകയും ഞാൻ അവ ഒരോന്നായി കറാച്ചിയിൽ എത്തിക്കുകയും ചെയ്തു. ഹുസൂറിന്റെ ഇംഗിതമനുസരിച്ച് ഈ രണ്ട് വിമാനങ്ങളും കറാച്ചി ജമാഅത്ത് വിൽക്കാൻ കുറെനാൾ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഈ വിമാനങ്ങൾ കറാച്ചി വിമാനത്താവളത്തിലെ ഹാങ്ങറിൽ നിർത്തി ഇടാനും അവ വേണ്ടവിധം അറ്റകുറ്റപണികൾ ചെയ്തു സംരക്ഷിച്ചു കൊണ്ടുപോകാനും ഭാരിച്ച ചെലവ് വേണ്ടിവന്നിരുന്നു. അതിനാൽ ഹുസൂർ ഈ രണ്ട് വിമാനങ്ങളും ഒരു സംഘടനയ്ക്ക് ജമാഅത്തിന്റെ വകയായുള്ള ഒരു ഉപഹാരമായി നൽകുകയാണ് ചെയ്തത്. അതിന് ശേഷം ഞാൻ ഹുസൂറിന്റെ അനുവാദത്തോടെ തിരിച്ചു പാക്ക് വായുസേനയിൽ പ്രവേശിക്കുകയും ചെയ്തു.

86 വയസ്സായ (2010..ൽ) ഞാൻ അമേരിക്കയിൽ മകൾ ഡോക്ടർ ആയിശയുടെ വീട്ടിൽ ഇരുന്നാണ് 63 വർഷങ്ങൾക്ക് മുമ്പുള്ള ചരിത്ര സംഭവങ്ങൾ എഴുതുന്നത്. 1947 ലെ ഖാദിയാന്റെ അവസ്ഥയും അന്ന് നമ്മുടെ ജമാഅത്തിന്റെ പക്കലുണ്ടായിരുന്ന വിമാനങ്ങളുടെ ചരിത്രവും വരും തലമുറ മനസ്സിലാക്കേണ്ടതും അറിയേണ്ടതും അത്യാവശ്യമാണ് എന്ന നിലക്കാണ് ഞാനിത് എഴുതിയത്.

**അനുബന്ധം. 1**

വിഭജനം കഴിഞ്ഞ ഉടനെലാഹോറിൽ സാങ്കേതികമായ സൗകര്യങ്ങളും അവശ്യവസ്തുക്കളുടെ ലഭ്യതയും വളരെ കുറവായിരുന്നു. ഇല്ലായെന്ന് തന്നെ പറയാം. ഉദാഹരണമായി വിമാനത്തിന്റെ ബാറ്ററികൾ ചാർജ് ചെയ്യണമെങ്കിൽ വലിയ ബുദ്ധിമുട്ടായിരുന്നു. നമ്മുടെ മുഖ്‌ലിസായ ഒരു അഹ്മദി സഹോദരൻ മുഹമ്മദ് ലത്തീഫ് സാഹിബിന് ലക്ഷ്മീ ചൗക്കിൽ കാറുകളുടെ ബാറ്ററി ചാർജ് ചെയ്യുന്ന ഒരു കട ഉണ്ടായിരുന്നു. ആ അഹ്മദീ സഹോദരൻ ജമാഅത്തിന്റെ വിമാനങ്ങളുടെ ബാറ്ററികൾ ആവശ്യാനുസരണം ചാർജ് ചെയ്യുവാൻ മാത്രമായി ഒരു പ്രത്യേക സർക്യൂട്ട് തന്റെ കടയിൽ സജ്ജമാക്കി വെച്ചിട്ടുണ്ടായിരുന്നു. അതുമുഖേനഞാൻ വിമാനത്തിന്റെ ബാറ്ററികൾ അവിടെ നിന്ന് റീചാർജ് ചെയ്യിക്കാറുണ്ടായിരുന്നു. കുറെ കാലങ്ങൾക്ക് ശേഷം അദ്ദേഹം തന്റെ ആ കട പൂട്ടി. ഇപ്പോൾ അദ്ദേഹത്തിന്റെ മക്കൾ ലത്തീഫ് മോട്ടോഴ്സ് എന്ന പേരിൽ ജയിൽ റോഡിൽ ഒരു കാർ ഷോറും ആരംഭിച്ചിരിക്കുന്നു. ഞാൻ എപ്പോഴും മുഹമ്മദ് ലത്തീഫ് സാഹിബ് മർഹൂമിനെ ദുആയിൽ ഓർക്കാറുണ്ട്. മാത്രവുമല്ല അദ്ദേഹത്തിന്റെ സന്താനങ്ങളുടെ ബിസിനസ്സിലും നീ ബർക്കത്ത് നൽകേണമേ എന്നും ദുആ ചെയ്യാറുണ്ട്.

**അനുബന്ധം..2**

വിമാനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളുടെ വിശദീകരണ ത്തിനായി ലേഖകനായ ജനാബ് മുഹമ്മദ് അഹ്മദ് സാഹിബിനെ വിനീതൻ (വിവർത്തകൻ) ബന്ധപ്പെട്ടിരുന്നു. അദ്ദേഹം നൽകിയ ഒരു വിവരം വായനക്കാരുമായി പങ്ക്‌വെക്കുകയാണ്.

1971 ൽ വിനീതൻ ആദ്യമായി സ്വന്തം പിതാവിനോടൊപ്പം ഖാദിയാനിൽ പോയപ്പോൾ സിക്ക് നാഷണൽ കോളേജ് (ആദ്യകാല തഅ്ലീമുൽ ഇസ്‌ലാം കോളേജ്) ഗ്രൗണ്ടിൽ നാല് ചുമരുകൾക്കകത്ത് വലയം ചെയ്ത നിലയിൽ ഒരു ചെറുവിമാനം കണ്ടിരുന്നു. വളരെ കാലങ്ങളോളം അതവിടെ ഉണ്ടായിരുന്നു. ഇപ്പോൾ അതവിടെ തന്നെയുണ്ടോ എന്നറിയില്ല. ഈ വിമാനത്തെക്കുറിച്ച് ലേഖകനോട് വിശദീകരണം തേടിയിരുന്നു. അദ്ദേഹത്തിന്റെ മറുപടി ഇതാണ്

രണ്ടാം ലോക മഹായുദ്ധം നടക്കുന്ന സമയത്ത് അമേരിക്ക യുദ്ധത്തിൽ ഉപയോഗിക്കാൻ യോഗ്യമല്ലാത്ത 2800 ഓളം വിമാനങ്ങൾ ബ്രിട്ടീഷ് ഗവേൺമെന്റിന് നൽകിയിരുന്നു. അതിൽ കുറച്ചെണ്ണം കുട്ടികളുടെ വിനോദത്തിനായി ഒരു മോഡൽ എന്ന നിലയിൽ പ്രദർശിപ്പിക്കുവാൻ വേണ്ടി സ്കൂളുകൾക്കും കോളേജുകൾക്കും നൽകിയിരുന്നു.

ഹദ്റത്ത് മീർസാ ശരീഫ് അഹ്മദ് സാഹിബ് (റ) (ഹുസൂർ ഖാമിസിന്റെ പിതാമഹൻ) ആവശ്യപ്പെട്ടതനുസരിച്ച് ഖാദിയാനിലെ സ്കൂളിലും കോളേജിലും ഒന്നോ അതിലധികമോ വിമാനം പ്രദർശനത്തിനായി വെച്ചിട്ടുണ്ടായിരുന്നു. അതിലൊന്നായിരിക്കാം ആ വിമാനം.
-വിവർത്തകൻ. ഇബ്നുവഫ

# ഈസാനബിയുടെ ആകാശവാസം:
## താലോലിക്കപ്പെടുന്ന അന്ധവിശ്വാസം

**ഈസാ നബി (അ ) ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് ഭൂരിപക്ഷ മുസ്‌ലിംകൾ വെച്ച് പുലർത്തുന്ന അന്ധവിശ്വാസം ഖുർആന് വിരുദ്ധമാണ്. അബദ്ധ ജഡിലമായ ഈ വിശ്വാസം ഇക്കാലത്ത് പുറത്ത് പറയാനുള്ള ജാള്യതകൊണ്ട് അവർ രഹസ്യമായാണ് ഈ അന്ധവിശ്വാസത്തെ താലോലിക്കുന്നത്. 'ഈസാ നബിയുടെ മരണം' എന്ന പുസ്തകത്തിന് കേരളത്തിലെ ചീഫ് മിഷണറിയും ഖുർആൻ വിവർത്തകനുമായ മർഹൂം മുഹമ്മദ് അബുൽ വഫാ സഹിബ് എഴുതിയ അവതാരികയിൽനിന്ന്**

മുഹമ്മ്ദ് അബുൽ വഫാ

ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് ഭൂമുഖത്ത് ജീവിച്ചുമരിച്ച ഈസാ നബി ( അ) യുടെ ജീവിത മരണ പ്രശ്നം ഇന്നും ഒരു വിവാദ വിഷയമായി നിലകൊള്ളുകയാണ്. യഹൂദന്മാർ പണ്ടും ഇപ്പോഴും വിശ്വസിച്ചു വരുന്നത് അദ്ദേഹം ഒരു വ്യഭിചാര പുത്രനും കള്ള പ്രവാചക നുമാണെന്നാണ് (നഊദു ബില്ലാഹ്). തങ്ങൾ അദ്ദേഹത്തെ കുരിശിൽ തറച്ചു കൊന്നു പാതാളത്തിലെത്തിച്ചു വെന്നാണ്. കുരിശിൽ കൊല്ലപ്പെടുന്നവൻ ശപിക്കപ്പെട്ടവനാണെന്നും അവർ വിശ്വസിക്കുന്നു.

ഇതിനെതിരെ ക്രിസ്ത്യാനികളുടെ വിശ്വാസം മനുഷ്യ കുലത്തെ അതിന്റെ ജന്മസിദ്ധമായ പാപത്തിൽ നിന്ന് രക്ഷിക്കാനായി ദൈവ പുത്രനായ യേശു ശാപത്തി ന്റെ കുരിശുമരണം വരിച്ചു പാപപരിഹാരം വരുത്തിയതിന് ശേഷം ഉയിർത്തെഴുന്നേറ്റ് ആകാശത്തേക്ക് കരേറി. ദൈവത്തിന്റെ വലത് ഭാഗത്ത് ഇരിക്കുന്നുവെന്നാണ്. അവസാന നാളിൽ അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങി വന്നു ലോകത്തെ ആകമാനം രക്ഷിക്കുമെന്നും അവർ വിശ്വസിക്കുന്നു. ഇതാകട്ടെ ഇന്ന് നിലവിലുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ വശമത്രെ

ഇത് രണ്ടിനുമെതിരെ ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിക്കുന്നത് ഈസാ നബി (അ) യെ വധിക്കുവാനായി യഹൂദികൾ തന്ത്രം പ്രയോഗിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തിന്റെ രൂപം മറ്റൊരാളിൽ പകർത്തി സാക്ഷാൽ ഈസാ നബി (അ) യെ ആകാശത്തേക്ക് യയർത്തിയെന്നും രൂപസാദൃശ്യം നൽകപ്പെട്ട അപരൻ കുരിശിൽ കൊല്ലപ്പെട്ടു വെന്നുമാണ്. മാത്രമല്ല ഖിയാമത്തിന് മുമ്പ് ഈസാ നബി (അ) ആകാശത്ത് നിന്ന് ഇറങ്ങി വന്ന് കുരിശുകൾ തല്ലി തകർത്ത് പന്നികളെ കൊന്നൊടുക്കി, ദജ്ജാലിനെയും മറ്റു സർവ്വ കാഫിറുകളെയും വധിച്ചു നാൽപ്പത് കൊല്ലക്കാലം ദീൻ നടത്തുമെന്നും അവർ വിശ്വസിക്കുന്നു. ഇത് ഇന്നത്തെ ഭൂരിപക്ഷ മുസ്‌ലിംകളുടെ ഈമാനിൽപ്പെട്ട കാര്യമായിട്ടാണ് ഗണിക്കപ്പെടുന്നത്. ഇദൃശമായ മുന്ന് വിശ്വാസങ്ങൾക്കാണ് ഇന്ന് ലോകത്ത് കൂടുതൽ പ്രചാരവും പ്രാബല്യവുമുള്ളത്. ഇങ്ങനെ മൂന്നു സമുദായങ്ങളുടെ മൂന്ന് തരം വിശ്വാസങ്ങളാണിവ. എന്നു പറയാവുന്നതാണ്.

എന്നാൽ ഇതിനെല്ലാം വിരുദ്ധമാണ് മുസ്‌ലിം സമുദായത്തിലെ ഒരു ന്യൂനപക്ഷമായ അഹ്മദിയ്യാ പ്രസ്ഥാനക്കാരുടെ വിശ്വാസം. അവർ വിശ്വസിക്കുന്നത് ബനൂ ഇസ്റായേൽ സമുദായത്തിന് പ്രവാചകനായി നിയുക്തനായ ഈസാ നബി(അ)യെ തന്റെ ദൗത്യം നിർവഹിച്ചതിന് ശേഷം ഇതര പ്രവാചകന്മാരെപോലെ തന്നെ പ്രകൃതി സാധരണമാം വിധം ചരമം പ്രാപിച്ചു ഭൂമിയിൽ കബറക്കപ്പെട്ടു വെന്നാണ്. അതായത് ശത്രുക്കളായ യഹൂദന്മാർ ഈസാനബിയെ കുരിശിൽ കയറ്റി കൊല്ലാൻ ശ്രമിച്ചു വെന്നും ആ ശാപ മരണത്തിൽ നിന്നും അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയുണ്ടായി. മുൻ പ്രവാചകന്മാരിൽ പലരേയും പല ദുർഘട ഘട്ടങ്ങളിലും അല്ലാഹു സഹായിച്ചത് പോലെ ഈസാ നബി(അ) യേയും അവൻ രക്ഷിച്ചു. ഇബ്രാഹിം നബി (അ) യെ കത്തിജ്വലിക്കുന്ന അഗ്നി കുണ്ടത്തിൽ നിന്നും രക്ഷിച്ചത് പോലെ, യൂസുഫ് നബി (അ) യെ കാട്ടിലെ പൊട്ടകിണറ്റിൽ നിന്നും യൂനുസ് നബി (അ) യെ കടലാനയുടെ വയറ്റിൽ നിന്നും മൂസാനബി(അ) നെ കടലിൽ നിന്നും രക്ഷപ്പെടുത്തിയത് പോലെ അല്ലാഹു ഈസാ നബി (അ) യെ കുരിശിൽ നിന്നും രക്ഷപ്പെടുത്തിയെന്ന് പറയുന്നതിൽ യാതൊരു അസാംഗത്യവുമില്ലല്ലോ. അതിനുശേഷം അദ്ദേഹം പലസ്തീനിൽ നിന്നും പലായനം ചെയ്ത് കിഴക്കൻ ദിക്കുകളിൽ സഞ്ചരിച്ചു. ഇസ്റായേൽ ഗോത്രത്തിലെ കാണാതെ പോയ ആടുകളെ തേടി തിരഞ്ഞ് പ്രബോധനം ചെയ്തു. ഒടുവിൽ തന്റെ 120-ാം വയസ്സിൽ നിര്യാതനായി. കശ്മീരിലെ ശ്രീനഗറിൽ മറയടക്കപ്പെട്ടു. ഇനി

ഒരിക്കലും അദ്ദേഹം ഈ ലോകത്ത് തിരിച്ചു വരികയില്ല. ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസം ഇക്കാര്യം ഈസാ നബിയുടെ മരണം എന്ന ഈ പുസ്തകത്തിൽ പ്രമാണ സഹിതം യുക്തിസഹമായി വിവരിച്ചിട്ടുണ്ട്.

അവസാനകാലം ഈസബ്നു മറിയം ഇറങ്ങുമെന്ന നബി വചനങ്ങളുടെ പ്രവചനങ്ങളുടെ വിവക്ഷയെന്ത്? ഇതാണ് അടുത്ത പ്രശ്നം. ഈസാ നബി (അ) മരിച്ചിട്ടില്ലെന്ന് വിശ്വസിക്കുന്ന ഭൂരിപക്ഷ മുസ്‌ലിംകളുടെ വിശ്വാസം, അദ്ദേഹം ആകാശത്ത് നിന്നും ഇറങ്ങി വരുമെന്നും ഈ സമുദായത്തിന്ന് വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് അദ്ദേഹം തന്നെയായിരിക്കുമെന്നുമാണ്. ഇത് സുന്നി മുസ്‌ലിംകളുടെ മാത്രം വിശ്വാസമല്ല. കേരള ജംഇയ്യത്തുൽ ഉലമ, കേരള നദ്‌വത്തുൽ മുജാഹിദീൻ, ജമാത്തെ ഇസ്‌ലാമി തുടങ്ങി യ സംഘടനകളിലെ ഉത്തരവാദപ്പെട്ട പൺഡിതരുടെ ഔപചാരികമായ പ്രഖ്യാപിത വിശ്വാസം കൂടിയാണ്.

നേരെ മറിച്ച് ഈസാ നബി (അ) മരിച്ചു പോയി എന്ന വിശ്വസിക്കുന്ന അഹ്മദി മുസ്‌ലിംകളുടെ പക്കൽ പ്രസ്തുത പ്രവചങ്ങളുടെ വിവക്ഷ ഈസാ നബിക്ക് സദൃശനായ ഒരാൾ ഒരു മത പരിഷ്ക്കർത്താവ് അല്ലഹുവിനാൽ നിയുക്തനാകു മെന്നാണ് . ഈ പ്രവചനം അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യസ്ഥാപകനായ ഹസദറത്ത് അഹ്മദിഹ്ല് സാക്ഷാത്ക്കരിക്കപ്പെട്ടു വെന്നും അവർ വിശ്വസിക്കുന്ന അഹ്മദി മുസ്‌ലിംകളും ഇതര മുസ്‌ലിംകളും തമ്മിലുള്ള വ്യത്യാസത്തിന്റെ കാതലായ വശമിതാണ്. പ്രസ്തുത വചനങ്ങൾ അലങ്കാരോക്തികളാൽ ആവൃതമാണെന്നും അവയെല്ലാം അർഥത്തിൽ പൂർത്തിയായിക്കഴിഞ്ഞുവെന്നുമുള്ള സംഗതി അഹ്മദിയ്യാ സാഹിത്യങ്ങളിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

വാസ്തവത്തിൽ ഈസാ നബി (അ)സ്ഥൂല ദേഹത്തോടുകൂടി ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസത്തിന് ഇസ്‌ലാമികമായി യാതൊരു അടിസ്ഥാനവുമില്ല. നേരെ മറിച്ച് അത് ക്രിസ്ത്യാനികളുടെ വിശ്വാസമാണ്. അവരിൽ നിന്നും മുസ്‌ലിംകളിൽ സംക്രമിച്ചതാണ് ഈ അന്ധവിശ്വാസം.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഈസാനബി (അ) മരിച്ചു പോയി എന്ന സത്യം പ്രഖ്യാപിച്ചപ്പോൾ ഭൂരിപക്ഷം പണ്ഡിതന്മാരും അദ്ദേഹത്തെ കാഫിറാക്കി ഫത്‌വ ചെയ്യുകയുണ്ടായി. എന്നാൽ അദ്ദേഹം യാതൊന്നും വകവെക്കാതെ ഖുർആനികമായ തെളിവുകൾ ലോകത്തിന് മുമ്പിൽ നിരത്തിവെച്ചുകൊണ്ടിരുന്നു. അതിന്റെ ഫലമായി അനഹ്മദി പണ്ഡിതന്മാരിൽപ്പെട്ട സ്വതന്ത്രരായ പല ഉത്പതിഷ്ണു പണ്ഡിതന്മാരും ഈസാനബി (അ) മരിച്ചുപോയി എന്ന് തുറന്ന് പറഞ്ഞു തുടങ്ങി. പരേതനായ ശൈഖ് മുഹമ്മദ് അബ്ദു, ശൈഖ് മുസ്തഫൽ മറാഗി, ശൈഖുൽ അസ്ഹർ മഹ്മൂദ് ശൽതൂത്ത്, ശൈഖ് റശീദ് റിളാ മുതലായ ഈജിപ്തിലെ പണ്ഡിതന്മാരും അവരിൽപ്പെടുന്നു. സുപ്രസിദ്ധ പണ്ഡിതനായ സി. എൻ അഹ്മദ് മൗലവി സാഹിബും ഈസാ നബി (അ) മരിച്ചു പോയെന്നും അദ്ദേഹം തിരിച്ചു വരില്ലെന്നുമുള്ള യാഥാർഥ്യം തുറന്നു പറഞ്ഞു. പക്ഷേ ഇപ്പറഞ്ഞ വരിൽ ആരും തന്നെ വാഗ്ദത്ത മസീഹ് വരുമെന്ന പ്രവചനത്തിൽ വിശ്വസിക്കുന്നവരല്ല. ചിലരുടെ പക്കൽ ആ ഹദീസ് സ്വീകാര്യമല്ല. ചിലർ അതിനെ വ്യാഖ്യാനിക്കുന്നു. ഈസബ്നു മറിയം ഇറങ്ങുമെന്ന പ്രവചനത്തിന്റെ വിവക്ഷ ഈസാ നബി (അ) ഇസ്റയേൽ സമുദായത്തിൽ വരുത്തിയത് പോലുള്ള നല്ല പരി വർത്തനം മുസ്‌ലിം സമുദായത്തിലും ഉണ്ടാകുമെന്ന്. വ്യഖ്യാനിക്കാവുന്നതാണെന്ന് ശൈഖ റശീദ് റിളാ പറയുന്നു.

ഒരു നൂതന ചിന്തകനായ അബുൽ അഅ്ലാ മൗദൂദി സാഹിബ് ഈ വിഷയത്തിൽ എല്ലാവരേയും കടത്തി വെട്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഖുർആൻ പരിഭാഷയിൽ ഈസാ നബി (അ) യെ അല്ലാഹു മടക്കി വിളിച്ചു എന്നാണ് എഴുതിയിട്ടുള്ളത്. എന്നാൽ തിരിച്ചു വിളിച്ചത് എവിടേക്കാണ് ? ഈസാ നബി വന്നത് എവിടെ നിന്നാണ് ? മടങ്ങിപ്പോതത് എവിടേക്ക് ? ഇക്കാര്യങ്ങളൊന്നും മൗദൂദി സാഹിബ് വ്യക്തമാക്കിയിട്ടില്ല. അദ്ദേഹം എഴുതിയ ഖത്മുന്നുബവ്വത്ത് എന്ന പുസ്തകത്തിൽ വാലും തലയും മുറിച്ച് ചില ഹദീസുകൾ ഉദ്ധരിച്ചുകൊണ്ട് അവയിലെ പ്രവചനത്തിന്റെ വിവക്ഷ മർയമിന്റെ മകനായ ഈസ ഇറങ്ങി വരുമെന്ന് തന്നെയാണെന്നാണ് തറപ്പിച്ചു പറഞ്ഞിട്ടുള്ളത്. ഈസാ നബി മരിച്ചിട്ടുണ്ടെങ്കിൽ തന്നെ അല്ലാഹു അദ്ദേഹത്തെ പുനർ ജീവിപ്പിച്ച് തിരിച്ചുകൊണ്ട് വരുമെന്നും മൗദൂദി സാഹിബ് പറയുന്നു!. എന്നാൽ ഈസാ നബി (അ) വീണ്ടും ഇറങ്ങി വരുമ്പോൾ അദ്ദേഹം നബിയായിരിക്കുന്നല്ല എന്ന നൂതന സിദ്ധാന്തം കൂടി മൗദൂദി സാഹിബ് കൂട്ടി ചേർക്കുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളിൽ പലതുമെന്ന പോലെ ഇതും ദുർഗ്രഹമായിരിക്കുകയാണ്. മരിച്ചുപോയ നബിമാർ ഇപ്പോഴും നബിമാർ തന്നെയാണെങ്കിലും രണ്ടു തവണ ലോകത്തിന് പ്രബോധനം ചെയ്യാൻ അവസരം ലഭിക്കുമെന്ന ഏറ്റവും വലിയ അനുഗ്രഹം ലഭിച്ചിട്ടും ഈസാ നബിക്ക് ഒടുവിൽ നുബുവ്വത്ത് പദവി നഷ്ടപ്പെടുമെന്നാണല്ലോ ഇതിന്നർഥം! വല്ലാത്തൊരു ഗതികേട് തന്നെ!

സമർഥരായ ചില ഉത്പതിഷ്ണു പണ്ഡിതന്മാർ അഹ്മദികളെ നേരിടുമ്പോൾ ഈസാ നബി മരിക്കട്ടെ മരിക്കാതിരിക്കട്ടെ അത് ഈമാനിൽ പെട്ട കാര്യമല്ല അത് അപ്രസക്തമാണ് എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുന്നതായി കാണുന്നു. അവർക്കതിന് എന്ത് ന്യായീകരണമാണുള്ളതെന്ന് മനസ്സിലാകുന്നില്ല. നാം ഖുർആനിൽ വിശ്വസിക്കേണ്ടതല്ലേ? അത് ഈമാനിൽപെട്ടതല്ലേ? ഈസാ നബി(അ)

എന്ന ഒരു പ്രവാചകൻ ഉണ്ടായിരുന്നെന്ന് നാം വിശ്വസിക്കുന്നത് ഖുർആന്റെ അധ്യാപനത്തിന്റെ അടിസ്ഥനത്തിലാണല്ലോ. അത് ഈമാനിൽ പെട്ട കാര്യമാണെങ്കിൽ അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപ്പോയോ എന്ന വിഷയത്തിൽ ഖുർആൻ എന്ത് പഠിപ്പിക്കുന്നു വെന്ന് അറിയേണ്ടതും ഖുർആൻ വിശ്വസിക്കുന്നവരുടെ കടമയല്ലേ? മരിച്ചുവെന്നാണ് ഖുർആന്റെ അദ്ധ്യാപനമെങ്കിൽ നാം അങ്ങനെ വിശ്വസിക്കണം. ഖുർആനിൽ നിന്ന് തെളിയുന്ന ഏത് സത്യവും വിശ്വസിക്കേണ്ടത് ഖുർആനിൽ വിശ്വസിക്കുന്നതിൽ ഉൾപെട്ടതല്ലേ? ഈസാ (അ) യെ അല്ലാഹു സ്ഥൂലദ്ദേഹത്തോടെ അല്ലാഹു ഉയർത്തിയിരിക്കുന്നു എന്ന വിശ്വസിക്കുന്നവരും ഖുർആൻ തന്നെയാണ് ആധാരമാക്കാൻ ശ്രമിക്കുന്നത്. മരിച്ചെന്ന് വിശ്വസിക്കുന്നവർക്കും ഖുർആൻ തന്നെയാണ് ആധാരം. ആ സ്ഥിതിക്ക് ഈ സംഗതിയുടെ യാഥാർഥ്യം എന്തെന്ന് പഠിച്ചറിയേണ്ടതല്ലേ?. അതൊരു അഭിപ്രായ വ്യത്യാസമുള്ള സംഗതിയെന്ന നിലക്ക് അതിനെ അപ്രസക്തമായി തള്ളണമെന്നുണ്ടെങ്കിൽ അല്ലാഹുവിന് പുറമേ മഹായത്മാക്കളെ വിളിച്ചു പ്രാർഥിക്കുന്നത് ശിർക്ക് തന്നെയല്ലേ എന്ന കാര്യത്തിലും അഭിപ്രായ ഭിന്നത ഉണ്ടല്ലോ ഈ രണ്ടു വിഭാഗക്കാരും തങ്ങളുടെ വാദത്തിന് ആസ്പദമായി ഖുർആൻ വ്യാഖ്യാനിക്കുന്നു. അപ്പോൾ അതും അപ്രസക്തമായി തള്ളിക്കളയാൻ ഉത്പതിഷ്ണുക്കൾ സമ്മതിക്കുമോ?.

ഈസാ നബി (അ) ദൈവവും ദൈവ പുത്രനുമാണെന്നും വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ വാദത്തിന് ഉപോൽബലകമായി അദ്ദേഹം മാനുഷതക്ക് അതീതമായി ചിരഞ്ജീവിയായി നില കൊള്ളുന്നുവെന്ന കാര്യം എടുത്തു പറയുന്നു. ആ സ്ഥിതിക്ക് തെറ്റായ ആ വിശ്വാസത്തെ ഖണ്ഡിക്കനായി ഈസാ നബി (അ) മരിച്ചെന്ന സത്യം തെളിയിക്കേണ്ടത് മുസ്‌ലിംകളുടെ കടമയല്ലേ? അതെങ്ങനെ അപ്രസക്തമാകും?

അഹ്മദിയ്യത്തിന്റെ സ്ഥാപകരായ ഹ്ദറത്ത് അഹ്മദി(അ)ന്റെ ദൗത്യ പ്രഖ്യാപനം ഇസാ നബി (അ) മരിച്ചു പോയെന്നും താൻ അദ്ദേഹത്തിന്റെ സദൃശ്യനെന്ന നിലയിൽ വന്ന വാഗ്ദത്ത മസീ ഹാണെന്നുമാണ്. ഈസാ നബി(അ) മരിച്ചിട്ടില്ല എന്നതാണ് ഖുർആനിക അദ്ധ്യാപനമെങ്കിൽ പ്രസ്തുത ദൗത്യപ്രഖ്യാപനം അടിയോടെ പൊളിഞ്ഞു പോകുമല്ലോ. പിന്നെ അദ്ദേഹത്തെ പരാജയപ്പെടുത്താനുള്ള മാർഗമായിരിക്കും അത്. എന്തെന്നാൽ, ഈസാ നബി (അ) ജീവിച്ചിരിപ്പുണ്ടെങ്കിൽ വാഗ്ദത്ത മസീഹായി വരേണ്ടത് അദ്ദേഹം തന്നെയാണെന്നത് സ്പഷ്ടമണ്. ആകയാൽ ഈസാ നബി (അ) യുടെ ജീവിത മരണ പ്രശ്നം അപ്രസക്തമാണെന്ന് പറയാൻ യാതൊരു ന്യായവുമില്ല.

വസ്തവത്തിൽ ഈസാ നബി (അ) ജീവിച്ചിരിപ്പുണ്ടെന്ന് തുറന്ന് പറയാൻ ഈ പണ്ഡിതന്മാർക്ക് ലജ്ജ തോന്നുന്നു. മരിച്ചു പോയെന്ന അയാഥാർഥ്യം സമ്മതിച്ചാൽ അഹ്മദിയ്യാപ്രസ്ഥാനത്തിന്റെ സ്ഥാപകരുടെ സത്യം തെളിഞ്ഞു പോകുമെന്ന് അവർ ഭയപ്പെടുന്നു. മാത്രമല്ല മുസ്‌ലിം സമുദായത്തിന്റെ ഉമ്മത്തിൽ ഈസാ നബി (അ) വരുകയില്ലെന്ന വാദവും പൊളിഞ്ഞു പോകും. ഹദീസുകൾ നിഷേധിക്കുവാൻ ഒട്ടും സാദ്ധ്യമല്ല. അതുകൊണ്ടാണ് അവർ ഈ വിഷയത്തിൽ ഒഴിഞ്ഞു മാറാൻ ശ്രമിക്കുന്നത്. ഖുർ ആനും സുന്ന ത്തും പ്രചരിപ്പിക്കുകയും അന്ധവിശ്വാസങ്ങളും ഖുറാഫാത്തും നിർമാർജനം ചെയ്യുന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ഉത്പതിഷ്ണുക്കൾ 19 നൂറ്റാണ്ടുകൾക്ക് മുമ്പ് മരിച്ചു മറയപ്പെട്ട മനഷ്യനായ പ്രവാചകനെ പറ്റി അദ്ദേഹം സ്ഥൂലദേഹത്തോടെ ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്ന അന്ധവിശ്വാസം വച്ചു പുലർത്തുന്നതും വിവാദ രംഗത്ത് ഈപ്രശ്നത്തിൽ നിന്ന് ഒഴിഞ്ഞു മാറുന്നതും വിരോധാഭാസമാണ്.

**ദൈവം മനുഷ്യനെ അണിയിച്ചൊരുക്കും**

**– ഹദ്റത്ത് യേശു (അ)**

ലില്ലി ചെടികളെ നോക്കു; അവ എങ്ങനെ വളരുന്നു! അവ അദ്ധ്വാനിക്കുന്നില്ല. നൂൽനൂൽക്കുന്നുമില്ല. എങ്കിലും ഞാൻ നിങ്ങളോട് പറയുന്നു: സർവ പ്രതാപങ്ങളും തികഞ്ഞ സോളമൻ പോലും ഇവയിലൊന്നി നെ പോലെ വിഭൂഷിതനായിരുന്നില്ല. ഇന്ന് ജീവനുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ വയൽ പുല്ലുകളെ ദൈവം ഇങ്ങനെ അണിയിച്ചൊരുക്കുന്നുവെങ്കിൽ, അല്പവിശ്വാസികളായ മനുഷ്യരേ, അവൻ നിങ്ങളെ അവയെക്കാൾ മെച്ചമായി അണിയിക്കു കയില്ലേ? **(ബൈബിൾ. ലൂക്കോസ് 12: 27)**

ജൂതജനതയും ആധുനിക കാലവും 3

# യഹൂദ സമൂഹവും സ്പെയിനും

ക്രിസ്ത്യൻ വിസിഗോത്തുകൾ ഭരിച്ചിരുന്ന സ്പെയിനിൽ യഹൂദരുടെ ജീവിതം ദുസ്സഹമായിരുന്നു. എന്നാൽ മുസ്‌ലിം സ്പെയിൻ യഹൂദ ചരിത്രത്തിലെ സുവർണ കാലഘട്ടമായിട്ടാണ് അറിയപ്പെടുന്നത്. വീണ്ടും സ്പെയിൻ ക്രിസ്ത്യൻ രാജഭരണത്തിൽ വന്നപ്പോൾ പീഡനപർവം പുനരാരംഭിക്കുകയായിരുന്നു.

**എ. എം മുഹമ്മദ് സലിം**

യഹൂദ പീഡനത്തിന്റെ കിരാത പർവങ്ങൾ അരങ്ങേറിയ മദ്ധ്യകാല യൂറോപ്പിൽ, ഐബീരിയൻ പെനിസുലയിലെ മുസ്‌ലിം സ്പെയിൻ (അൽ അന്തലൂസ്) ആയിരുന്നു യഹൂദരുടെ രക്ഷാഗേഹം. ക്രിസ്ത്യൻ വിസി ഗോത്തുകളുടെ ദുർഭരണത്തിലും പീഡനത്തിലും വീർപ്പുമുട്ടിക്കഴിയുകയായിരുന്ന യഹൂദർ ജയശാലികളായ അറബ് മുസ്‌ലിംകളേയും വടക്കനാഫ്രിക്കയിലെ ബർബർ മുസ്‌ലിംകളെയും സ്പെയിനിലേക്ക് ഭരണമേറ്റടുക്കാൻ ക്ഷണിക്കുകയായിരുന്നു. മുസ്‌ലിംകൾ കീഴടക്കിയ കോർഡോബാ, മലാഗ, ഗ്രനഡ, സെവില്ലീ മുതലായ നഗരങ്ങളുടെ ഭരണ ചുമതല യഹുദർക്ക് തന്നെ മുസ്‌ലിംകൾ ഏൽപ്പിച്ചു കൊടുക്കുകയും അവരെ സായുധരാക്കുകയും ചെയ്തു.

എ. ഡി 912 ൽ അബ്ദുർ റഹ്മാൻ മൂന്നാമന്റെയും അദ്ദേഹത്തിന്റെ മകൻ അൽ ഹക്കം രണ്ടാമന്റെയും ഭരണകാലത്ത് കോർ ഡോബയിലെ ഉമവിയ്യാഖിലാഫത്തിന്റെ സേവനത്തിനായി യഹൂദർ സ്വയം സമർപ്പിതരായി. ശാസ്ത്ര പഠനത്തിനും, അറബി ഗ്രന്ഥങ്ങൾ യൂറോപ്യൻ ഭാഷയിലേക്കും ഇതര ഭാഷാ ഗ്രന്ഥങ്ങൾ അറബിയിലേക്കുമുള്ള വിവർത്തനങ്ങൾക്കും യഹൂദ പണ്ഡിതന്മാർഗണ്യമായ സംഭാവനകൾ നൽകി. വാണിജ്യം, വ്യവസായം, സിൽക്ക്, വ്യാപാരം എന്നീ മേഖലകളിൽ യഹൂദ സമുദായം സ്പെയിനിനെ വളരെയേറെ മുന്നോട്ടു കൊണ്ടുപോയി. അവിടെ യഹൂദർ യാതൊരു വിധ പക്ഷപാതിത്വവും അനുഭവിച്ചില്ല. സമൂഹത്തിന്റെ മുഖ്യധാരയിൽ സഹപൗരന്മാരുമായി തോളോടുതോൾ ചേർന്ന് അവർ പ്രവർത്തിച്ചു. പ്രതാപത്തോടെയും സമ്പൂർണ സ്വാതന്ത്ര്യത്തോടെയുമായിരുന്നു യഹൂദർ അവിടെ കഴിഞ്ഞിരുന്നത്.

മദ്ധ്യകാല ഘട്ടത്തിൽ യഹൂദ പ്രതിഭകൾ തളിർത്തതും പുഷ്ക്കലമായതും മുസ്‌ലിം സ്പെയിനിലായിരുന്നു.The Jews of Spain എന്ന പുസ്തകത്തിൽ Rabbi Ken Spiro എന്ന യഹൂദ പണ്ഡിതൻ ബെബിൾ ഉൽപ്പത്തിയിലെ പ്രവചനമാണ് മുസ്‌ലിം സ്പെയിനിൽ പുലർന്നതെന്ന് പറയുന്നു. അതായത് *'നീ നിന്റെ ദേശത്തെയും നിന്റെ ബന്ധുക്കളെയും നിന്റെ പിതൃഭവനത്തെയും വിട്ട് ഞാൻ നിനക്ക് കാണിച്ചു തന്ന ദേശത്തേക്ക് പോകുക. നിന്നെ ഞാൻ ഒരു വലിയ ജനതയാക്കും; ഞാൻ നിന്നെ അനുഗ്രഹിക്കുകയും നിന്റെ നാമം മഹനീയമാക്കുകയും ചെയ്യും. അങ്ങനെ നീ ഒരനുഗ്രഹമായി തീരും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്ന വരെ ഞാൻ ശപിക്കും. നീ നിമിത്തം ഭുമിയിലെ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും' (ഉൽപ്പത്തി12: 1-3)* എന്നതായിരുന്നു ആ പ്രവചനം

യഹൂദ സ്പെയിൻ ക്രിസ്ത്യാനികളുടെ കയ്യിലമർന്നപ്പോൾ അവിടെ നിന്ന് ആട്ടിയോടിക്കപ്പെട്ട യഹൂദർ യുറോപ്പിലെ നാനാദിക്കിലേക്കും കുടിയേറിപ്പാർത്തു. യൂറോപ്പിലെ എല്ലാ രാജ്യങ്ങളും യഹൂദരെ ആട്ടിയകറ്റി. പിന്നീട് യൂറോപ്യർ കച്ചവട സംബന്ധമായും ബാങ്കിങ്ങ് സംരംഭങ്ങൾക്കും വേണ്ടി തങ്ങളുടെ താൽപര്യത്തെ മുൻനിർത്തിയാണ് യുറോപ്പിലേക്ക് അവരെ പ്രവേശിപ്പിച്ചത്. സ്പെയിനിലെ ക്രിസ്ത്യാനികളുടെ യഹൂദവേട്ട പേടിച്ച് ഒരു വിഭാഗം യഹൂദർ ക്രിസ്തുമതം സ്വീകരിച്ചെങ്കിലും മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായി തീർന്ന യഹൂദരെ പോലും സ്പെയിനിൽ നിന്ന് നാടു കടത്തുകയാണുണ്ടായത്.

ക്രിസ്തുമതം സ്വീകരിച്ച യഹൂദർ മെറാനോ ((Merranos) എന്നാണ് അറിയപ്പെടുന്നത്. **'പന്നി'** എന്നാണ് ഇറ്റാലിയൻ ഭാഷയിൽ ആ പദത്തിന്റെ പ്രാഥമിക വ്യവഹാരികാർഥം. സ്പാനിഷ് ഭാഷാ പദങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തിയ അറബി ഭാഷ തന്നെയാണ് ഈ പദത്തിന്റെ മൂലപദം. **'*മുഹർറം*'** അഥവാ നിരോധിക്കപ്പെട്ടത് എന്ന അറബി പദത്തിൽ നിന്നാണ് മെറാനോ എന്ന സ്പാനിഷ് പദം നിഷ്പന്നമായത്. പന്നി മാംസം മുസ്‌ലിംകളും യഹൂദരും ഒരുപോലെ മതപരമായി നിഷിദ്ധമാക്കിയതാ

ണല്ലോ. അത് കൊണ്ട് അറബി ഭാഷയുടെ സ്വാധീനത്താൽ നിരോധിത വസ്തു, നികൃഷ്ട വസ്തു എന്നീ അർഥങ്ങളിൽ പന്നിയെ സ്പാനിഷ് ഭാഷയിൽ മെറാനോ എന്നാണ് ഇപ്പോഴും വിളിക്കുന്നത്. ആ പേരിൽ തന്നെയാണ് ക്രിസ്തു മതത്തിലേക്ക് പരിവർത്തിതരായ ജൂത ക്രിസ്ത്യാനികളേയും വിളിച്ചിരുന്നത് എന്നത് യഹൂദരോടുള്ള യൂറോപ്യൻ ക്രിസ്ത്യാനികളുടെ പുച്ഛം കലർന്ന പരിഹാസവും മുൻ വിധിയും തന്നെയാണ് വ്യക്തമാക്കുന്നത്. യഹൂദരോടുള്ള മധ്യകാല ക്രിസ്ത്യാനികളുടെ എതിർപ്പ് മതപരം എന്നത് പോലെ വംശീയവുമായിരുന്നു. പൊതുവേ ക്രിസ്തുമതത്തിലേക്ക് നിർബന്ധിത മതപരിവർത്തനം ചെയ്ത യഹൂദരെയാണ് മെറാനോകൾ എന്ന് പറയുന്നത്. അപ്രകാരം ക്രിസ്തു മതത്തിലേക്ക് നിർബന്ധപൂർവം മതം മാറ്റിയ മുസ്ലിംകളെ മൊറിസ്ക്കോ (Morisco) എന്നാണ് വിളിച്ചിരുന്നത്. പക്ഷേ മുസ്ലിം പരിവർത്തിതരെ വിശേഷിപ്പിക്കുന്ന മൊറിസ്ക്കോ എന്ന പദത്തിന്റെ ഉദ്ഭവം മൂറുകൾ (വടക്കനാഫ്രിക്കയിലെ മൗറിത്താനിയൻ മുസ്ലിംകൾ) എന്ന പദത്തിൽ നിന്നാണ് വന്നത്. മെറാനോകൾ രഹസ്യത്തിൽ ജൂത മതം ആചരിച്ചുവന്ന ക്രിപ്റ്റോ ജൂതന്മാർ (Crypto Jews) ആയിരുന്നു. എങ്കിലും മെറാനോകൾ ക്രിസ്ത്യാനികൾ എന്ന നിലയിൽ ക്രിസ്തീയ സ്പെയിനിൽ ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചു. ബാങ്കിങ്ങ് വാണിജ്യ രംഗങ്ങളിൽ മാത്രമല്ല രാജകീയ കുടുംബങ്ങളിൽ വിവാഹബന്ധം സ്ഥാപിക്കുകയും ക്രിസ്തീയ സഭകളിൽ ബിഷപ്പുമാരും വൈദികരുമായി അവർ നിയമിക്കപ്പെടു കയും ചെയ്തു. ക്രമേണ ഇത് ക്രിസ്തീയർക്കിടയിൽ തന്നെ വമ്പിച്ച എതിർപ്പുകൾക്ക് കാരണമായി. യഹൂദർക്കെതിരെ പകയും വിദ്വേഷവും അസഹിഷ്ണുതയും പതഞ്ഞുപൊങ്ങി. ക്രിസ്ത്യാനികൾ മെറാനോ പ്രശ്നം ഒരു വലിയ വിവാദമാക്കി. രഹസ്യത്തിൽ യഹൂദമതം ആചരിക്കുന്ന മെറാനോകൾ ക്രിസ്തുമതത്തെ



തോമസ് ടൊർക്കുമാട

തുരങ്കം വെക്കാൻ ഗൂഢാലോചന നടത്തുന്നവരാണെന്ന ആരോപണം കൊടുമ്പിരിക്കൊണ്ടു. 1482 ൽ സ്പാനിഷ് ചർച്ച് മെറാനോകളെ വേദവിപരീതം (Heresy) കണ്ടെത്താൻ തോമസ് ടൊർക്കുമാട (Tomas Torquemada- 1420-1498) എന്ന വൈദിക പ്രമുഖന് ഇങ്ക്വിസിഷൻ നൽകാനുള്ള അധികാരം നൽകി നിയോഗിച്ചു. നിരവധി മെറാനോകളെ യമപുരിക്കയച്ചു കൊണ്ട് ടൊർക്കുമാട ക്രിസ്തുമതത്തെ ശുദ്ധീകരിച്ചു. ബാക്കിയുള്ള മെറാനോകളും അല്ലാത്തവരുമായ യഹൂദരെ സ്പെയിനിൽ നിന്ന് പുറത്താക്കാൻ പോപ്പിനോട് അഭ്യർഥിക്കുകയും ചെയ്തു. പക്ഷേ പോപ്പ് ഈ അഭ്യർഥന ചെവിക്കൊണ്ടില്ല. അതിന് ശേഷം സ്പെയിനിലെ ഭരണാധികാരിയായ ഇസബെല്ല രാജ്ഞിയെയും ഫെർഡിനാൻഡ് രാജാവിനെയും സമീപിച്ച് ടൊർക്കുമാട യഹൂദികളെ പുറത്താക്കാനുള്ള അഭ്യർഥന നടത്തി. ഇസബെല്ലയുടെ കുമ്പസാരം സ്വീകരിക്കുന്ന വൈദികനായിരുന്ന ടൊർക്കുമാട ആ നിലക്ക് കൊട്ടാര വൃത്തങ്ങളിൽ അസാമാന്യമായ സ്വാധീനവും പേപ്പൽ അധികാരവുമുള്ള വ്യക്തിയായിരുന്നു. ടൊർക്കുമാട യുടെ അഭ്യർഥന പ്രകാരം യഹൂദരെ പുറത്താക്കാനുള്ള ഉത്തര വിറക്കിയെങ്കിലും ഇസബെല്ല അത് നടപ്പാക്കിയില്ല.

അതിന് കാരണം ഇസബെല്ലാ രാജ്ഞിയുമായി അബ്രഹാം സീനിയർ എന്ന ഒരു യഹൂദ പ്രമാണിക്കുണ്ടായിരുന്ന അടുപ്പമായിരുന്നു. അബ്രഹാം സീനിയറായിരുന്നു ഇസബെല്ലയും ഫെർഡിനാഡുമായുള്ള വിവാഹം ഏർപ്പാടാക്കിയത്. അവസാനം ടൊർക്കുമാടയുടെ അന്യാദൃശമായ ഇച്ഛാശക്തിക്ക് മുമ്പിൽ ഇസബെല്ല മുട്ടുമടക്കുകയായിരുന്നു. ഇത് സംബന്ധിച്ച് രസകരമായൊരു കഥയുണ്ട്.

സ്പെയിനിൽ നിന്ന് യഹൂദരെ പുറത്താക്കാനുള്ള ഉത്തരവ് പുറത്തിറക്കിയപ്പോൾ സ്പെയിനിലെ ധനമന്ത്രിയും പുരോഹിത നുമായ ഡോൺ ഇസ്ഹാക്ക് അബ്രവേനൽ എന്ന യഹൂദൻ ഇസബെല്ലയെ രഹസ്യത്തിൽ സമീപിച്ചു. പ്രസ്തുത ഉത്തരവ് പിൻവലിച്ചാൽ വൻതോതിൽ സ്വർണം നൽകാമെന്ന് വാഗ്ദാനം ചെയ്തു. ഈ രഹസ്യ സംഭാഷണം കൊട്ടാരത്തിൽ വെച്ച് ഒരു മുറിക്കകത്ത് നടക്കുമ്പോൾ ഇത് മണത്തറിഞ്ഞ ടൊർക്കുമാട കയ്യിൽ ഒരു കുരിശുമായി മുറിയുടെ വാതിൽ തള്ളി തുറന്ന് പ്രവേശിക്കു കയും കയ്യിലുണ്ടായിരുന്ന ഒരു കുരിശ് ഉയർത്തി ഇപ്രകാരം അട്ടഹസിക്കുകയും ചെയ്തു. 'മുപ്പത് വെള്ളിക്കാശിന് രക്ഷകനെ ഒറ്റിക്കൊടുത്ത യൂദാസിനെ ഓർക്കുക. നിങ്ങൾ ഈ യഹൂദരുമായി രഹസ്യക്കരാറിൽ ഏർപ്പെടുകയാണെങ്കിൽ രക്ഷകനായ യേശുവിനെ അല്പം നാണയ തുട്ടുകൾക്ക് വിൽക്കു കയാണെന്നോർക്കുക.!' പേടിച്ച് വിറച്ച് ഇസബെല്ല യഹൂദികളെ സ്പെയിനിൽ നിന്ന് പുറത്താക്കാനുള്ള ഉത്തരവ് ഉടൻ നടപ്പാക്കുകയാണുണ്ടായത്. സ്പെയിനിൽ അവശേഷിച്ച ഒന്നര ലക്ഷം ജൂതന്മാർ ഇസ്ഹാക്ക് അബ്ര വേനലിന്റെ നേതൃത്വത്തിൽ പുറത്തു പോയി തുർക്കി, നോർത്താഫ്രിക്ക, ഈജിപ്ത് , ഫ്രാൻസ്, പോളണ്ട്, ഇറ്റലി അമേരിക്ക യൂറോപ്പിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ അധിവാസ മുറപ്പിച്ചു. തുർക്കി സാമ്രാജ്യത്തിന് കീഴിലും നോർത്താഫ്രി



വില്യം ഷേക്സ്പിയർ



ജൂത വ്യാപാരി ശൈലോക്ക് ചിത്രകാരന്റെ ഭാവനയിൽ

ക്കയിലും യഹൂദികൾക്ക് യാതൊരു പീഡനങ്ങളും വിവേചനവും അനുഭവപ്പെട്ടില്ല. യൂറോപ്പ് വീണ്ടും പീഡനങ്ങളുടെ അവസാനിക്കാത്ത അമാവാസിയാണ് യഹൂദർക്ക് സമ്മാനിച്ചത്.

ഇംഗ്ലീഷ് സാഹിത്യത്തിൽ എലിസബത്തൻ കാലഘട്ടത്തിലെ അനശ്വര കവിവില്യം ഷേക്സ്പിയർ ഈ ക്രൈസ്തവ യഹൂദ ശാത്രവത്തെ വെനീസിലെവ്യാപാരി എന്ന നാടകത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ക്രിസ്ത്യാനിയും മാന്യനുമായ അന്റോണിയോയെ നായക സ്ഥാനത്തും പലിശ വ്യാപാരിയും ക്രിസ്ത്യാനികളോട് കുടിപ്പകയുമായി ക്കഴിഞ്ഞിരുന്ന ശൈലോക്ക് എന്ന ജൂതകഥാപാത്രം പ്രതിനായകനുമാണ് ഈ നാടകത്തിൽ. ബെസാനിയോ എന്ന സ്നേഹിതന് വേണ്ടി കടം വാങ്ങുന്ന ക്രിസ്ത്യാനിയായ അന്റോണിയോ കടം തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടാൽ നെഞ്ചിൽ നിന്ന് ഒരു മാംസക്കഷണം മുറിച്ചെടുക്കും എന്നായിരുന്നു കരാർ. വിധിവശാൽ പണം തിരിച്ചടക്കുന്നതിൽ പരാജ യപെട്ട അന്റോണിയോ ശൈലോക്കിന്റെ കരാള ഹസ്തങ്ങളിൽ അമരുകയും അവിടെ നിന്ന് വളരെ നാടകീയമായി രക്ഷപ്പെടുന്നതുമാണ് നാടകത്തിലെ ഇതിവൃത്തം. ജൂതന്മാർക്ക് ക്രിസ്ത്യാനികളോടുള്ള വെറുപ്പും വിദ്വേഷവുമാണ് ഈ നാടകത്തിന്റെ പശ്ചാത്തലം. അതിലെ ഒരു സംഭാഷണ ശകലം ഇങ്ങനെയാണ്.

**Bassanio**: If it please, you dine with us

**Shylock**: Yes you smell pork; to eat of the habitation which your prophet the Nazarite conjure the

devil into. I will buy with you, sell with you, talk with you and so following, but I will not eat with you, drink with you, nor pray with you.....I hate him for he is a Christian

**ബസ്സാനിയോ**: (അന്റോണിയോയുടെ സ്നേഹിതൻ) താങ്കൾക്ക് ഇഷ്ടമെങ്കിൽ ഞങ്ങളുടെ ഭക്ഷണം കഴിച്ചാലും.

**ശൈലോക്ക്**: അതേ പന്നിയുടെ നാറ്റം സഹിക്കാൻ, പന്നിക്കൂട്ടത്തിലേക്ക് പിശാചിനെ ആവാഹിച്ച നിന്റെ നസ്റേത്തുകാരനായ പ്രവാചകന്റെ (യേശു)പ്രദേശത്തെ തീറ്റ; ഞാൻ നിന്നോടൊപ്പം വാങ്ങും, വിൽക്കും, സംസാരിക്കും അതുപോലെയെല്ലാം ചെയ്യാം. എന്നാൽ ഞാൻ നിന്നോടൊപ്പം തിന്നില്ല, കുടിക്കില്ല, പ്രാർഥിക്കുകയില്ല... ഒരു ക്രിസ്ത്യാനി യായതിനാൽ ഞാൻ അവനെ വെറുക്കുന്നു.

യഹൂദർക്ക് ക്രിസ്ത്യാനി കളോടുള്ള പകയും മതപരമായ മുൻവിധിയും ഈ സംഭാഷണത്തിൽ കാണാം. യേശു ഗദറായുടെ ദേശത്തെത്തിയപ്പോൾ പിശാചു ബാധിച്ച രണ്ടുപേരെ കാണുകയും അവരുടെ ദേഹത്തുള്ള പിശാചിനെ അടുത്ത പന്നിക്കുട്ട ത്തിലേക്ക് ആവാഹിച്ചയക്കുകയും ചെയ്ത സംഭവം ബൈബിൾ പുതിയ നിയമം മത്തായി: 8: 29–32 ൽ കാണാം. പന്നിയെ നിഷിദ്ധ വസ്തുവായി കാണുന്ന യഹൂദനായ ശൈലോക്ക് യേശു പന്നിയെ തിന്നുകയും അത് വളർത്തുന്ന ദേശത്ത് വസിക്കുകയും ചെയ്യുന്നവനാണെന്ന് ധ്വനിപ്പിച്ചു കൊണ്ട് ക്രിസ്ത്യാനിയായ അന്റോണിയോവിനേയും ബസാനിയോവിനെയും ക്രൂരമായി പരിഹസിക്കുകയാണ്. ക്രിസ്ത്യാനിയായതിനാൽ മാത്രം അവരെ വെറുക്കുന്ന യഹൂദ മനഃശ്ശാസ്ത്രമാണ് ഷേക്സ്പിയർ ഇവിടെ തുറന്നു കാട്ടുന്നത്. (തുടരും)


Reference:

1 Jews God and History - Max. I. Dimond

2 Religious encyclopeadea - Under Jewish Thought and Philosophy, 3 Story of Civilisation - Will Durant, 4 The Mercht of Venice - William Shakespeare

# പ്രിയ മലാല......


2014 ലെ സമാധാനത്തിനുള്ള നോബേൽ സംയുക്ത ജേതാവ് പാകിസ്താനിലെ മലാലാ യൂസുഫ് സായിക്ക് പാകിസ്താനിലെ ആദ്യത്തെ നോബേൽ സമ്മാന ജേതാവ് **ഡോ.അബ്ദുസ്സലാം സാഹിബ്** തന്റെ അനുഭവങ്ങളുടെ കഥ വിവരിച്ച് കൊണ്ട് എഴുതുന്ന സാങ്കൽപ്പിക കത്ത് DAWN പത്രത്തിൽ ഡോ. ഫറാസ് തലാൽ എഴുതിയത്. വിവ: ഡോ.ഫുആദ്)

മലാല ജീവിതത്തിൽ നേരിട്ടിട്ടുള്ള തിക്താനുഭവങ്ങൾ എന്നിലെ ശുഭാപ്തി വിശ്വാസത്തെ കെടുത്തിക്കളഞ്ഞിട്ടില്ല. പാകിസ്താന്റെ ഏക നോബേൽ ജേതാവ് എന്നായിരുന്നു എന്നെ ഏവരും വിശേഷിപ്പിച്ചത്. എന്നാൽ ആദ്യത്തെ നോബേൽ ജേതാവ് എന്ന് വിളിക്കണം എന്ന് ഞാൻ പറയുമായിരുന്നു.

സന്തോക്ക് ദാസ് എന്ന ചെറുപട്ടണത്തിലായിരുന്നു എന്റെ ജനനം. നിന്റെ ജന്മദേശമായ സ്വാത്ത് താഴ്‌വരപോലെ പ്രകൃതി രമണീയമൊന്നുമായിരുന്നില്ല ഞങ്ങളുടെ നാട്. എന്നാൽ ധാരാളം സാധ്യതകളും നല്ല ഭാവിയും ഞങ്ങൾക്ക് ലഭ്യമായിരുന്നു. ഞാൻ വളർന്ന് വന്നത് ജംഗ് പട്ടണത്തിലാണ്. ഇന്ന് ആ പട്ടണം തീവ്ര വാദ പ്രസ്ഥാനങ്ങൾ കളങ്കിതമാക്കിയിരിക്കുന്നു.

പഞ്ചാബ് സർക്കാറിലെ വിദ്യാഭ്യാസവകുപ്പിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു എന്റെ പിതാവ്. നിന്റെ ഉപ്പ അദ്ദേഹത്തെ പരിചയപ്പെട്ടിരുന്നുവെങ്കിൽ അവർ നല്ല സുഹൃത്തുക്കളാകുമായിരുന്നു എന്നെനിക്ക് ഉറപ്പുണ്ട്.

നിന്നെ പോലെ തന്നെ പഠനവിഷയങ്ങളിൽ ഞാൻ അതീവ തൽപരനായിരുന്നു ഞാനും. ഇംഗ്ലീഷ് ഉറുദു സാഹിത്യങ്ങളാണ് എന്റെ ഇഷ്ട വിഷയങ്ങളെങ്കിലും ഞാൻ ശോഭിച്ചത് ഗണിത ശാസ്ത്രത്തിലായിരുന്നു. മെട്രിക്കുലേഷൻ പരീക്ഷയിൽ വളരെ ചെറുപ്രായത്തിൽ റെക്കോർഡ് മാർക്കോടെയായിരുന്നു എന്റെ ജയം. എന്നാൽ നീ നേരിട്ടത് പോലെയുള്ള രാഷ്ട്രീയ പ്രശ്നങ്ങളൊന്നും വിദ്യാഭ്യാസകാലത്ത് എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. സ്കൂളുകൾ കത്തിക്കുകയും വിദ്യാഭ്യാസം വിലക്കുകയും ചെയ്യുന്ന താലിബാനെയൊന്നും ഞങ്ങൾക്ക് നേരിടേണ്ടി വന്നിട്ടില്ല. നീ നേരിട്ട വെല്ലുവിളികളും വിലക്കുകളും നീ സധൈര്യം അതിജീവിച്ചിരിക്കുന്നു. ഇപ്പോഴും നിന്റെ ഓരോ നിശ്വാസവും അവർക്കുള്ള വെല്ലുവിളിയായി തുടരുന്നു. നിനക്ക് നോബേൽ ലഭിച്ചത് നിന്റെ അക്രമികളെ കോപിപ്പിച്ചിരിക്കയാണ്. നിന്റെ രാജ്യത്തുള്ള പലർക്കും ഈ പുരസ്ക്കാരം ദഹിക്കുന്നില്ല. ഇതിനെയെല്ലാം തരണം ചെയ്യാൻ നല്ല ആത്മ ധൈര്യം വേണം. നിന്നെ


ഡോ. അബ്ദുസ്സലാം


മലാലാ യൂസുഫ് സായി

എനിക്കറിയാം. നീ ധീരയാണ്.

ഈ രാജ്യം അധികമൊന്നും മുന്നോട്ട് പോയിട്ടില്ല. ഒരു തെറ്റും ചെയ്യാത്ത നിന്നെ അവർ അപഹസിക്കുന്നു. ഒറ്റപ്പെടുത്തുന്നു. പറയട്ടെ ആ കാര്യത്തിൽ ഞാനു മനുഭവസ്ഥനാണ്. ഒരു രാജ്യം എന്ന നിലയിൽ കീർത്തികളോ പ്രശംസകളോ അല്ല നമുക്ക് വേണ്ടതെന്ന് തോന്നിപ്പോവുന്നു. ഇവരുടെയെല്ലാം വർത്തമാനം കേൾക്കുമ്പോൾ സഹതാപമാണു നമുക്ക് വേണ്ടത്. നീ ഒരു ഇര മാത്രമായിക്കഴിയാൻ അവർ ആഗ്രഹിക്കുന്നു. ഇരയായിരിക്കുമ്പോൾ അവർ നിന്നെ പ്രകീർത്തിച്ചു. നീ ഒരു ഹീറോ ആയി ലോകത്തിലെ എല്ലാ പെൺ കുട്ടികളുടെയും പ്രതിനിധിയായി മാറിയപ്പോൾ അവർ നിനക്കെതിരെ തിരിയുന്നു.

മോളേ, പാകിസ്താന് ഹീറോകളെ താങ്ങാനാവില്ല.

പീഡിത ആത്മാക്കളെ ലോകത്തിന് കാഴ്ച്ച വെക്കുന്നതിലാണ് നമുക്ക് ആനന്ദം

കൊളോണിയലിസ്റ്റുകൾ, സ്വേച്ഛാധിപതികൾ എന്നൊക്കെ നാം മുദ്ര കുത്തിയിട്ടുള്ള ജനത മുസ്ലിംകളോട് കാണിച്ചിട്ടുള്ള ക്രൂരതക്ക് പ്രതികാരം വീട്ടാനാണ് നമ്മുടെ നാട്ടിലെ ആളുകൾക്ക് ആവേശം. ആ ക്രൂരതകളിൽ ഏറെയും സാങ്കൽപ്പികമാണുതാനും.

വൈദേശിക ശക്തികളുടെ കുതന്ത്രങ്ങളും ജൽപ്പനങ്ങളും മൂലം നമുക്ക് നഷ്ടപ്പെട്ട ഒരു ഇഖ്ബാലിയൻ സ്വർഗം ആ വൈദേശിയരെ കൊണ്ട് അംഗീകരിപ്പിക്കാൻ നാം വെമ്പുന്നു. നമ്മുടെ ഇടയിലുള്ള അക്രമങ്ങളെക്കുറിച്ച് പറയുന്നത് ഇത്തരുണത്തിൽ ഒരിക്കലും പാടില്ലത്രെ. നമ്മുടെ ഇടയിൽ അഴിഞ്ഞാടുന്ന വിദ്വേഷങ്ങളെ കുറിച്ച് എന്നേക്കാൾ നന്നായി അറിയാവുന്നവർ ചുരുക്കമായേ ഉണ്ടാവൂ.

നോബേൽ ഏറ്റുവാങ്ങുമ്പോൾ ഞാനറിഞ്ഞിരുന്നില്ല ഈ വിദ്വേഷത്തിന്റെ ആഴവും പരപ്പും. പഞ്ചാബി വേഷമണിഞ്ഞു കൊണ്ട് സ്യൂട്ടും കോട്ടുമണിഞ്ഞ ആളുകൾക്കിടയിൽ നിന്നും സമ്മാനം ഏറ്റുവാങ്ങിയപ്പോൾ എന്റെ രാജ്യത്തെ പ്രതിനിധീകരിക്കുന്നതിൽ ഞാൻ അഭിമാനം കൊണ്ടു. പക്ഷേ ഞാൻ പ്രതിനിധീകരിക്കപ്പെട്ടതിൽ എന്റെ രാജ്യം ചാരിതാർഥ്യരായിരുന്നില്ല.

എന്റെ വിശ്വാസം കാരണം ഞാൻ സ്വത്വവത്ക്കരിക്കപ്പെട്ടു. എന്റെ പൗരാവകാശങ്ങൾ ധ്വംസിക്കപ്പെട്ടു. ചില സർവകലാശാലകളിൽ എനിക്ക് വിലക്ക് കൽപ്പിക്കപ്പെട്ടു. എന്റെ ശാസ്ത്ര സംഭാവനകൾ എന്റെ ജനത പുച്ഛിച്ചു. ഒടുവിൽ സ്വന്തം നാട്ടിൽ അന്യനായി കഴിയുന്നതിനേക്കാൾ നല്ലത് പുറം നാട്ടിൽ ജോലി ചെയ്യലായിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞു. അതിനായി ഞാൻ നിർബന്ധിതനാവുകയായിരുന്നു. അപ്പോൾ ഞാൻ രാജ്യദ്രോഹിയും വഞ്ചകനുമായി.

പൊന്നുമോളേ, ആ പദവികളെല്ലാം ഞാൻ നിനക്ക് കൈമാറുന്നു. പദവികൾ മാത്രമല്ല അവയോടൊപ്പം വന്നുചേർന്ന ഹൃദയ ഭാരങ്ങളും വേദനകളും ഞാൻ ഖേദപൂർവം തരുന്നു. നീയാണ് നവവഞ്ചക. നവദ്രോഹി. നിന്റെ സംഭാവനകൾ ആവശ്യമില്ലാത്ത ഒരു ദേശക്കാർക്ക് സമാധാനവും ആത്മാഭിമാനവും സമ്മാനിക്കുക എന്ന കഠിനമായ ദൗത്യമാണ് നിന്റെ മുന്നിലുള്ളത്. കുരുത്തം കെട്ട ഒരു മകനുള്ള അമ്മ അവനെ സ്നേഹിക്കുന്നത് പോലെ നീയും നിന്റെ ശത്രുക്കളെ സ്നേഹിക്കാൻ ശ്രമിക്കുക. ഒരു പക്ഷേ എന്നെങ്കിലും അവർ നന്നാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഈ രാജ്യത്തിന് നോബേൽ സമ്മാനം നേടിക്കൊടുക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. ഇപ്പോൾ നാം രണ്ട് പേരായി. ഇനിയും കൂടുതൽ പേരുണ്ടാവട്ടെ.

സ്നേഹപൂർവം

അബ്ദുസ്സലാം

**കവിത**

# പഠിപ്പ്

**എച്ച്.എസ്. കാവശ്ശേരി**

തല്ലു പേടിക്കാതെ ചെല്ലാം
നല്ല വിദ്യാലയമൊന്നിതാ,
ചൂരൽകഷായമേകിടും
സാറില്ല പടിവാതിലിൽ

നല്ല വാക്കുകളോതിയും
നന്മതൻ വഴി കാട്ടിയും
നമ്മെയെന്നും തുണച്ചിടും
നല്ല ഗുരുക്കളെപ്പൊഴും

പഠിപ്പിക്കില്ല നമ്മളെ
പഠിക്കയത്രെ നമ്മളെ
പഠിപ്പു, പാഠപുസ്തകം
പഠിക്കൽ മാത്രമായിടാ

മുന്നിൽ നിവർത്തി വച്ചൊരീ
മണ്ണിൻ പാഠവലികളിൽ
പാഠമൊന്നു പഠിക്കുകിൽ
പഠിപ്പു കേമമായിടും

പ്രപഞ്ചമെന്തൊരത്ഭുത
പാഠശാലയതോർക്കുവിൻ
പഠിച്ചുതീരുകയില്ലല്ലോ
മിടിപ്പു തീരും മുമ്പു നാം!.

# ലാ നബിയ്യ ബഅ്ദീ എന്ന വാക്യത്തിന്റെ വിവക്ഷ

റസൂൽ തിരു മേനി(സ)ക്ക് ശേഷം യാതൊരുവിധത്തിലുള്ള പ്രവാചകനും വരുന്നതല്ല എന്ന് സ്ഥാപിക്കാൻ അനഹ്മദി പണ്ഡിതന്മാർ ഉയർത്തുന്ന ഒരു വാദമാണ് ലാ നബീയ്യ ബഅ്ദീ എന്ന ഹദീസ്. ആ ഹദീസിന്റെ യഥാർഥ വിവക്ഷയെന്താണെന്ന് വിവരിക്കുന്ന ലേഖനം.

മൗലാനാ അബ്ദുല്ലാഹ് എച്ച്. എ

**'ലാ** നബിയ്യ ബഅ്ദി' (എന്റെ പിറകെ നബിയില്ല) എന്ന് നബി(സ) തിരു മേനി പറഞ്ഞു വെന്നത്വാസ് തവം തന്നെ. എന്നാൽ ഖുർആനിലെ പല വാക്യങ്ങളിൽ നിന്നും തിരുമേനി (സ)ക്ക് ശേഷം പ്രവാചകനുണ്ടാകാമെന്നും ഉണ്ടാകാവുന്നതാണെന്നും സ്പഷ്ടമായി തെളിയുന്നത് കൊണ്ട് ആ വിശുദ്ധ വാക്യങ്ങൾക്കെതിരായ ഒരു അർഥം നബി (സ) തിരുമേനി പ്രസ്തുതവചനത്തിനു വിവക്ഷിച്ചതായി വിചാരിക്കുവാനോ അത്തരം ഒരർഥം നാം അതിന് കൽപ്പിക്കുവാനോ ഒരിക്കലും പാടുള്ളതല്ല. നാം എപ്പോഴും ഹദീസിനെ വ്യാഖ്യാനിക്കേണ്ടത് വിശുദ്ധ ഖുർആന് അനുയോജ്യമായ വിധത്തിലായിരിക്കണമല്ലോ. എന്തു കൊണ്ടെന്നാൽ ഹദീസുകളുടെ മേൽ ഖുർആൻ പ്രമാണമായിരിക്ക ണമെന്നല്ലാതെ ഖുർആന്റെ മേൽ ഹദീസ് പ്രമാണമായിരിക്കുന്നതല്ല. **'ഞാൻ പറഞ്ഞതായി ഒരുരിവായ ത്ത് കിട്ടിയാൽ അതിനെ ഖുർആനുമായി ഒത്തുനോക്കുകയും ഒത്തു കാണുന്ന പക്ഷം സ്വീകരിക്കുകയും അല്ലാത്ത പക്ഷം (ഞാൻ പറഞ്ഞതല്ലെന്ന് വെച്ച്) തള്ളിക്കളയുകയും വേണ്ടതാണ്'** എന്ന തിരു മേനി (സ)യുടെ കൽപ്പന തന്നെ ഇതിന് ആധാരമായിരിക്കുന്നു. ആകയാൽ എനിക്ക് ശേഷം നബിയില്ല എന്ന തിരുവാക്യത്തിന്റെ അർഥം വിശുദ്ധ ഖുർആന് എതിരായിരിക്കുന്നതല്ല. അപ്പോൾ മേലിൽ ഉണ്ടാവുന്നതല്ല, എന്ന് പ്രസ്തുത വചനത്തിൽ നിഷേധിക്കപ്പെട്ടത് പുതിയ ന്യായപ്രമാണത്തോടു കൂടിയ തിരുമേനി(സ)യോടുള്ള തുടർച്ച കൂടാതെ സ്വതന്ത്രമായ പ്രവാചകത്വത്തോടും തിരുമേനി(സ)യുടെ 'ഖാത്തമുന്ന ബീയ്യീൻ' എന്ന സ്ഥാനത്തിന് കളങ്കകരമായ വാദത്തോടു കൂടിയ പ്രവാചകൻ മാത്രമാകുന്നു. 'എനിക്ക് ശേഷം ന്യായപ്രമാണത്തോടും എന്നോടുള്ള തുടർച്ച കൂടാതെ സ്വതന്ത്രമായ ദൗത്യത്തോടു കൂടിയ ഒരു പ്രവാചകൻ ഉണ്ടാകുന്നതല്ല' എന്നു തിരുമേനി വ്യക്തമായി പറഞ്ഞിരുന്നില്ലെന്നത് വാസ്തവം തന്നെ. എന്നാൽ അതീവജ്ഞാനിയായ ആ പ്രവാചക ശ്രേഷ്ഠൻ വിശുദ്ധ ഖുർആന് എതിരായി വല്ലതും പറഞ്ഞുവെന്ന് വിചാരിക്കുവാൻ പോലും പാടില്ലാത്തതാകുന്നു. അതിനാൽ തിരുമേനി (സ)യുടെ പ്രസ്തുത വചനത്തിന് അത്തരത്തിലുള്ള സ്വതന്ത്രനായ ഒരു പ്രവാചകൻ വരുന്നതല്ലെന്ന് അർഥമെടുക്കുവാനേനിവർത്തിയുള്ളൂ. ഈ വചനത്തെ ഖുർആന്റെ തത്ത്വത്തിനും തിരുമേനി (സ) യുടെ ഒട്ടാകെയുള്ള ഉപദേശ ത്തിന്റെ താൽപര്യത്തിനും യോജ്യമായ തരത്തിൽ വ്യാഖ്യാനിക്കുകയല്ലാതെ, ഒരു വാക്യത്തെമാത്രം മുൻ നിർത്തി മറുവശം നോക്കാതെ അർഥനിർണയം ചെയ്യുന്നതിന് പുറപ്പെടുന്നതായാൽ അബദ്ധം പിണയുന്നതിന് ഇടയാകുന്നു. ചുരുക്കത്തിൽ 'ലാ നബീയ്യ ബഅ്ദീ' എന്ന വചനത്തിന് വിശുദ്ധ ഖുർആനിൽ നിന്ന് വെളിവാകുന്ന തത്ത്വത്തിന് എതിരായിട്ടുള്ള ഒരർഥം കൽപ്പിക്കാവതല്ല. പ്രവാചകനുണ്ടാകാമെന്ന് വിശുദ്ധ ഖുർആനിൽ നിന്ന് വ്യക്തമായി മനസ്സിലാവുന്നത് കൊണ്ട്. നബിയില്ലെന്ന് പറഞ്ഞത് പുതുതായ ന്യായപ്രമാണത്തോടു കൂടിയതും തിരുമേനിയോടുള്ള തുടർച്ചയും ആശ്രയവും കൂടാതെയും ഉള്ള പ്രവാചകൻ ഉണ്ടാകുന്നതല്ലെന്ന അർഥത്തിലാണെന്നും വരുമെന്ന് പറഞ്ഞത് തിരുമേനി(സ)യെ അനു സരിക്കുകയും തിരുമേനിയുടെ ന്യായ പ്രമാണത്തെ പ്രബോധനം ചെയ്യുകയും പ്രബലപ്പെടുത്തുകയും ചെയ്യുന്ന പ്രവാചകൻ വരുമെന്ന അർഥത്തിലാണെന്നും ഗ്രഹിക്കേണ്ടിയിരിക്കുന്നു.

'ലാ നബിയ്യ ബഅ് ദീ' എന്ന് അരുളിചെയ്തിട്ടുള്ള നബി (സ) തിരുമേനി തന്നെ ഈസബ്നു മർയം അവതരിക്കുന്നതാണെന്ന് പ്രവചിച്ചിട്ടുമുണ്ട്. തിരുമേനി(സ) അദ്ദേഹത്തെക്കുറിച്ച് ഇമാമക്കും മിൻക്കും നിങ്ങളിൽനിന്നുള്ള നിങ്ങളുടെ ഇമാം എന്ന് പറഞ്ഞതുകൊണ്ട് അദ്ദേഹം

തിരുമേനി(സ)യുടെ അനുയായികളിൽ നിന്നുള്ള ആളായിരിക്കുമെന്നും സ്ഥാപിച്ചിരിക്കുന്നത് പ്രകാരം തന്നെ, അദ്ദേഹത്തെക്കുറിച്ച് 'നബിയുല്ലാഹ്' അല്ലാഹുവിന്റെ പ്രവാചകൻ എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം ഒരു നബിയായിരിക്കുമെന്ന് സ്ഥാപിച്ചിരിക്കുന്നു. ഇതിന് പുറമെ തിരുമേനി(സ) തന്റെ മകൻ ഇബ്രാഹിമിനെക്കുറിച്ച് 'മകൻ ജീവിച്ചിരുന്നുവെങ്കിൽ നബിയാകുമായിരുന്നു' എന്ന് പറഞ്ഞതുകൊണ്ട് തനിക്ക് ശേഷം പ്രവാചകനുണ്ടാകുമെന്ന് മനസ്സിലാക്കിതന്നിരിക്കുന്നു. തിരുമേനി(സ)യുടെ ഈ രണ്ടു വിധത്തിലുള്ള പ്രസ്താവനകളും പരസ്പര വിരുദ്ധങ്ങളാണെന്നുവരുകിൽ, രണ്ടും പ്രമാണങ്ങളല്ലെന്ന് വെച്ച് തള്ളേണ്ടതാണ്. അപ്രകാരം തള്ളുന്ന പക്ഷം നബി തിരുമേനി(സ) ക്ക് ശേഷം പ്രവാചകനില്ലെന്ന വിമർശകരുടെ വാദംദുർബലപ്പെട്ടു പോകുന്നതാണ്. എന്നാൽ തിരുനബി (സ) പരസ്പര വിരുദ്ധം പറഞ്ഞുവെന്ന് വിചാരിക്കുന്നത് തീരെ അരുതാത്തതാകുന്നു. ആകയാൽ തിരുമേനി(സ) യുടെ പ്രസ്തുത രണ്ട് തരം പ്രസ്താവനകളും പരസ്പര വിരുദ്ധമല്ലെന്നും നബിയുണ്ടാകുന്നതല്ലെന്ന് പറഞ്ഞത് ഒരു പ്രത്യേകതരത്തിലുള്ള പ്രവാചകനുണ്ടാകുന്നതല്ലെന്ന അർഥത്തിലാണെന്നും ഇനിയുണ്ടാകുമെന്ന് പറഞ്ഞത് മറ്റൊരു തരത്തിലുള്ള പ്രവാചകനാ ണെന്നും മനസിലാക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ തിരുമേനി (സ) യുടെ വചനങ്ങളിൽ നിന്ന് തന്നെ പ്രവാചകൻ വരുന്നതാണെന്ന് മനസ്സിലാകുന്നത് കൊണ്ട് 'ലാ നബിയ്യ ബഅ്ദീ' എന്നതിന്റെ താൽപര്യം ഒരു പ്രകാരത്തിലുള്ള പ്രവാചകനും വരുകയില്ലെന്ന് വിചാരിക്കുവാൻ ഒരിക്കലും പാടില്ല. അതിന്റെ താൽപര്യമാകട്ടെ തിരുമേനി(സ)യുടെ ന്യായപ്രമാണത്തെ ദുർബലപ്പെടുത്തുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്ന ഒരു പ്രവചനകനോ, തിരുമേനി (സ) യോടുള്ള തുടർച്ച കൂടാതെ സ്വതന്ത്രനായ ഒരു പ്രവാചകനോ വരുന്നതല്ലെന്നാണ് സ്പഷ്ടമാവുന്നു.

അഥവാ 'ലാ നബിയ്യ ബഅ്ദി' എന്ന നബി വചനത്തെ ഖുർആനും പ്രബലമായ മറ്റു ഹദീസുകൾക്കും എതിരായതരത്തിൽ തിരുമേനി (സ)ക്ക് ശേഷം ഒരു തരത്തിലുള്ള പ്രവാചകനും വരുന്നതല്ല എന്ന അർഥത്തിൽ വ്യാഖ്യാനിക്കുന്നത് ന്യായമായിരിക്കുമെങ്കിൽ അമുസ്ലിംകളെയെല്ലാം കൊല്ലേണ്ടതാണെന്നും മോക്ഷ പ്രാപ്തിക്കായി 'ലാ ഇലാഹ ഇല്ല ല്ലാഹു' എന്ന കലിമ ഉച്ചരിച്ചാൽ മതിയാവുമെന്നും മതം മാറുന്നവരെയെല്ലാം കൊല്ലേണ്ടതാണെന്നും ഹദീസു കൊണ്ടു തെളിയുന്നു എന്നു പറയേണ്ടി വരുന്നതായാൽ അതും സാധുവായിരിക്കുന്നതാണ്. എന്ത് കൊണ്ടെന്നാൽ ജനങ്ങൾ 'ലാ ഇലാഹ ഇല്ല ല്ലാഹു എന്ന കലിമ ചൊല്ലുന്നത്വരെ അവരോട് യുദ്ധം ചെയ്യാൻ ഞാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്നും 'ലാ ഇലാഹ ഇല്ലല്ലാഹു ' എന്ന് ആർ പറയുന്നുവോ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ് എന്നും ആർ തന്റെ മതം മാറുന്നുവോ അവനെ കൊല്ലുക എന്നും നബി ( സ) അരുളി ചെയ്തതായി ബുഖാരി, മുസ്ലിം മുതലായ ഹദീസ് ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ഖുർആൻ പ്രബോധനങ്ങളെയും നബി തിരുമേനി(സ)യുടെ മറ്റു വചനങ്ങളെയും അവലംബിക്കാതെ, പ്രസ്തുത വാക്യങ്ങളുടെ ബാഹ്യമായ താൽപര്യത്തെ മാത്രം പ്രമാണിക്കുകയാണെങ്കിൽ എല്ലാ അമുസ്ലിംകളോടും അവർ കലിമ ചൊല്ലുന്നതുവരെ, യുദ്ധം ചെയ്യേണ്ടതാണെന്നും മോക്ഷപ്രാപ്തിക്കായി 'ലാ ഇലാഹ ഇല്ലല്ലാഹു' എന്നു ഉച്ചരിച്ചാൽ മാത്രം മതിയാകുമെന്നും മതം മാറുന്ന വരെയെല്ലാം (അമുസ്ലിം മുസ്ലിമായാലും മുസ്ലിം അമുസ്ലിമായാലും) കൊന്നു കളയേണ്ടതാണെന്നും സമ്മതിക്കേണ്ടതായിവരും. ഇങ്ങനെ സമ്മതിക്കുകയെന്നത് വിശുദ്ധ ഖുർആന്റെ പ്രബോധനങ്ങൾക്കും നബി (സ) തിരുമേനിയുടെ ഉപദേശങ്ങൾക്കും ജീവിത മാതൃകകൾക്കും വിരുദ്ധമായിരിക്കുന്നതാണ്. എന്നു മാത്രമല്ല, ആ വാക്യങ്ങളെ പ്രസ്തുതാർഥത്തിൽ ഗ്രഹിക്കുന്ന പക്ഷം വിശുദ്ധ ഖുർആനും നബി(സ)യുടെ പ്രബോധനങ്ങളുമെല്ലാം പ്രയോജന ശൂന്യങ്ങളായി തീരുന്നതുമാണ്. അതിനാൽ പ്രസ്തുത ഹദീസുകളുടെ ഉദ്ദേശ്യം അതായിരിക്കുമെന്ന് വിചാരിക്കാവുന്നതല്ല. ഇതേപ്രകാരം തന്നെ 'ലാ നബിയ്യ ബഅ്ദീ' എന്ന വചനത്തിന് ഒരു പ്രകാരത്തിലുള്ള നബിക്കും വരാവുന്നതല്ലെന്ന അർഥം കൽപ്പിക്കുന്നത് ഖുർആനിലെ നിരവധി വാക്യങ്ങൾക്കും ഹദീസുകൾക്കും എതിരായിട്ടുള്ളതാകയാൽ അത് സ്വീകാര്യമായിരിക്കുന്നതല്ല.

**ലാ ശബ്ദത്തിന്റെ പ്രയോഗങ്ങൾ**

ലാ നബി യ്യ ബഅ്ദീ (എനിക്ക് ശേഷം പ്രവാചനകനില്ല) എന്ന ഹദീസിന്റെ താൽപര്യം ഒരു പ്രത്യേക തരത്തിലുള്ള പ്രവാചകൻ ഇനിയുണ്ടാകുന്നതല്ലെന്നുമാത്രമാണെന്ന് വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മനസ്സിലാവുന്നത്. അറബി ഭാഷയിലെ പ്രയോഗമനുസരിച്ച് പ്രസ്തുത ഹദീസിന് അർഥം കൊടുക്കാവുന്നതാണ്.. ഈ ഹദീസിലെ 'ലാ'(ഇല്ലാ) എന്നും ബഅ്ദീ (ശേഷം) എന്നും രണ്ട് പദങ്ങളെക്കുറിച്ച് നാം ഇവിടെ ചിന്തിക്കേണ്ടതുണ്ട്. അറബി ഭാഷയിൽ ലാ ശബ്ദം ജിൻസിനെ (ജാതിയെ) നിഷേധിക്കുന്നതിനായിട്ടെന്ന പോലെ വിശേഷണ ഗുണത്തെ നിഷേധിക്കുന്നതിനായിട്ടും ഉപയോഗിക്കപ്പെടാറുണ്ട്. ഈ പ്രയോഗത്തിന് നബി വചനങ്ങളിൽ നിന്നു തന്നെ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനുണ്ട്. ഉദാഹരണമായി: ലാ ഹിജ്റത്തൻ ബഅ്ദൽ ഫതഹ് (ഫതഹ് (മക്കാവിജയം) ശേഷം ഹിജ്റത്തില്ല) 'ലാ ദീനൻ ലിമൻ ലാ അമാനത്ത് ലഹു' 'അമാനത്ത് അഥവാ വിശ്വസ്തതാ ഗുണം ഇല്ലാത്തവനു മതമില്ല' എന്നും നബി (സ) അരുളിയിട്ടുണ്ട്.' ലാ സൈഫു ഇല്ലാ ദുൽഫുക്കാർ' ദുൽഫുക്കാറല്ലാതെ ഒരു വാളുമില്ല, 'ലാ ഫത്തീ ഇല്ലാ അലി'

അലിയില്ലാതെ ഒരു യുവാവില്ല എന്നുമുള്ള അറബി ആപ്ത വാക്യങ്ങളും ഇതിലേക്ക് ഉദാഹരണങ്ങളാണ്. പ്രസ്തുത വചനങ്ങളിലെ 'ലാ' പ്രയോഗിച്ചി രിക്കുന്നത് വിശേഷണ ഗുണത്തെ നിഷേധിക്കുന്നതിനായിട്ടല്ലാതെ, ജിൻസിനെ അഥവാ ജാതിയെ നിഷേധിക്കുവാനായിട്ടല്ല. ആകയാൽ അലി അല്ലാതെ ഒരു യുവാവുമില്ല എന്നതിന്റെ താൽപര്യം അലിയെ പോലെ യുവാവിന്റെ സകല ഗുണങ്ങളും തികഞ്ഞ വേറെ ഒരു യുവാവുമില്ല എന്നല്ലാതെ ലോകത്ത് വേറെ യുവാവു തന്നെയില്ല എന്നതായിരിക്കാവതല്ല. ഇത് പോലെ തന്നെ ദുൽഫുക്കാറല്ലാതെ മറ്റൊരു വാളുമില്ല എന്നതിന്റെ വിവക്ഷ അതുപോലൊരു വാളില്ല എന്നല്ലാതെ ലോകത്ത് വേറെ ഒരു വാളില്ല എന്നല്ല. ഇപ്രകാരം അമാനത്തി ലാത്തവനു മതമില്ല എന്നു പറഞ്ഞത് അവനു കേവലം മത മില്ലെന്നല്ല അവന്റെ മത നിഷ്ഠ പൂർണമല്ല എന്ന അർഥത്തിലാണ്. അതുപോലെ വിജയത്തിന് ശേഷം ഹിജ്റത്തില്ല എന്ന വാക്യത്തിന്റെ താൽപര്യം അതിന് ശേഷം ഹിജ്റത്ത് കേവലം ഉണ്ടാകുന്നതല്ല എന്നല്ല. മക്ക വിജയത്തിന് മുമ്പെന്നപോലെ അത്രമേന്മയുള്ള ഹിജ്റത്ത് ഉണ്ടാകുന്നതല്ലെന്നോ മക്കയിൽ നിന്നും ഹിജറത്ത് ചെയ്യേണ്ടതായിട്ടില്ലെന്നോ ആയിരിക്കാനേ പാടുള്ളൂ. പ്രസ്തുത വാക്യത്തിൽയാതൊന്നിന്റെ നിഷേധത്തിനായി 'ലാ' ശബ്ദം പ്രയോഗിക്കപ്പെട്ടിരിക്കുന്നുവോ അതിനെ കേവലമായി നിഷേധിക്കുകയല്ല പ്രത്യേക ഗുണത്തോടുകൂടിയ വ്യക്തിയെ നിഷേധിക്കുക മാത്ര മാണ് ചെയ്യുന്നത്. ഇതേ പ്രകാരം തന്നെ 'ലാ നബിയ്യ ബഅ്ദീ' എന്നതിലെ ലാ പ്രവാചക വകുപ്പിലെ എല്ലാ വ്യക്തികളെയുമല്ല പ്രത്യേക തരത്തിലുള്ള ചില വ്യക്തികളെ മാത്രമാണ് നിഷേധിക്കുന്നത്. അതായത് പുതുതായി വന്ന ന്യായ പ്രമാണത്തോടുകൂടിയ പ്രവാചകനോ നബി തിരുമേനി(സ)യോടു കൂടിയ തുടർച്ചകൂടാത്ത സ്വതന്ത്രനായ പ്രവാചകനോ ഇനി ഉണ്ടാകുന്നതല്ലെന്നു നിഷേധിക്കുക മാത്രമാകുന്നു; അതിനാൽ പ്രസ്തുത ഹദീസ് 'മക്കാ വിജയത്തിന് ശേഷം ഹിജ്റത്തില്ല' എന്നും മറ്റും പറഞ്ഞ തരത്തിലുള്ള ഒരു വചനം തന്നെയാണെന്നും മനസ്സിലാവുന്നു

ഇതിന് പുറമേ നബി തിരുമേനി (സ) ഇറാനിലേയും റോമായിലെയും ചക്രവർത്തിമാരെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നതായി കാണുന്നു. കിസ്രാ രാജാവ് മരിച്ചാൽ അദ്ദേഹത്തിന് ശേഷം കിസ്രയില്ല കൈസർ രാജാവ് മരിച്ചാൽ അദ്ദേഹത്തിന് ശേഷം കൈസറുമില്ല (ബുഖാരി). ഏവരെക്കുറിച്ച് തിരുമേനി(സ) ഇപ്രകാരം പ്രസ്താവിച്ചുവോ അവരുടെ മരണശേഷവും വേറെ കിസ്രയും കൈസറും സിംഹാസനാരോഹണം ചെയ്തിട്ടുണ്ട്. അതിനാൽ അവരുടെ പിറകെ കിസ്രായും കൈസറുമില്ല എന്നല്ല. തിരുമേനി (സ) പറഞ്ഞത് കേവലം കിസ്രയും കൈസറും ഇല്ലെന്ന അർഥത്തിലായിരിക്കാൻ ഇടയില്ല. അതായത് അന്നത്തെ ആ കിസ്ര കൈസർമാരെ പോലെ പ്രതാപികളായ കിസ്രാമാർ ഉണ്ടാകില്ലെന്ന അർഥത്തിലായിരിക്കാനെ പാടുള്ളൂ. തിരുമേനി(സ) നിർദേശിച്ച ആ കിസ്രാ കൈസർമാരുടെ പിറകെയും അവരുടെ സ്ഥാനത്ത് കിസ്രായും കൈസറും ഉണ്ടായിരുന്നത് കൊണ്ട് ഹദീസിന്റെ പണ്ഡിതന്മാർ 'ഇല്ല' എന്നതിന് 'അവരെ പോലെയുള്ളവർ ഇല്ല' എന്നു താൽപര്യം പറഞ്ഞിരിക്കുന്നു. സഹീഹുൽ ബുഖാരിയുടെ വ്യാഖ്യാനമായ ഫഥുൽ ബാരി എന്ന ഗ്രന്ഥത്തിൽ അല്ലാമ: അസ്കലാനി ( റ) പ്രസ്തുത ഹദീസിനെ കുറിച്ച് ഇപ്രകാരം പറഞ്ഞു:

'അദ്ദേഹത്തിന് ശേഷം കൈസറില്ല എന്ന് പറഞ്ഞതിന്റെ അർഥം അദ്ദേഹത്തെ പോലെ ഭരണാധികാരമുള്ള കൈസറുണ്ടായിരിക്കുകയില്ല എന്നാണെന്ന് ഖത്താബി പറഞ്ഞിരിക്കുന്നു.'

വീണ്ടും ആ ഗ്രന്ഥം പറയുന്നു: 'അവർ രണ്ടു പേർക്കും ശേഷം വേറെ കിസ്രയും കൈസറും ഉണ്ടായിരുന്നുവല്ലോ എന്ന് നിങ്ങൾ ചോദിക്കുകയാണെങ്കിൽ പിമ്പുള്ളവർക്ക് മുമ്പത്തെവരെപ്പോലെ പ്രതാപമുണ്ടായിരുന്നില്ലെന്ന് ഞാൻ പറഞ്ഞു കൊള്ളട്ടെ'. പ്രസ്തുത ഹദീസിന്റെ താൽപര്യം ഇപ്രകാരമായിരിക്കുന്നത് പോലെ തന്നെ എനിക്ക് ശേഷം നബിയില്ല എന്ന് തിരുമേനി(സ)അരുളി ചെയ്തതിന്റെ വിവക്ഷിതം തിരുമേനിയെ പോലെയുള്ള പ്രവചകനും പ്രത്യേക ന്യായ പ്രമാണത്തോടുകൂടിയ പ്രവാചകനും ഇനിയുണ്ടാവതല്ല എന്നാണ്. എന്നല്ലാതെ തിരുമേനി (സ)ക്ക് ശേഷം ഒരു തരത്തിലുള്ള പ്രവാ ച കനും ഉണ്ടാകുന്നതല്ലെന്ന് അതിന് അർഥമായിരിക്കാവുന്നതല്ല.

ചുരുക്കത്തിൽ നബി(സ)തിരുമേനിയുടെ ഹദീസുകളിൽ തന്നെ 'ലാ' എന്ന പദം ഒരു വകുപ്പിൽപ്പെട്ട ശ്രേഷ്ഠ ഗുണത്തോടു കൂടിയ വ്യക്തികളെ മാത്രം നിഷേധിക്കുന്നതിനായിട്ടു പ്രയോഗിക്കപ്പെട്ടിട്ടുള്ള ത് കൊണ്ട് 'ലാ നബിയ്യ ബഅ്ദീ' എന്ന വാക്യത്തിലെ 'ലാ' ശബ്ദവും നബിമാരെ കേവലമായി നിഷേധിക്കുന്നതിനായിട്ടല്ല , ഒരു പ്രത്യേക തരം പ്രവാചകന്മാരെ നിഷേധിക്കുന്നവരായിട്ടാണ് പ്രയോഗിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാവുന്നു. ആകയാൽ ഈ വാക്യത്തിന്റെ താൽപര്യം തിരുമേനി(സ)ക്ക് ശേഷം നബിയുണ്ടാകില്ലെന്നല്ല. തിരുമേനിക്ക് സമാനമായോ ന്യായ പ്രമാണകാരനായോ തിരുമേനിയോട് തുടർച്ച കൂടാതെ സ്വതന്ത്ര നായുള്ള പ്രവാചകൻ വരുന്നതല്ലെന്ന് മാത്രമാകുന്നുവെന്ന് മത പണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുണ്ട്.

www.alislam.org

# അന്നൊരു ദിവസം സിഡ്നിയിൽ

വി.പി ബഷീർ, സിഡ്നി

**അ**ന്നത്തെ പതിവ് ജോലികളെ ല്ലാം കഴിഞ്ഞപ്പോൾ കാസർകോട്ടു കാരൻ ജാക്കുമായുള്ള മീറ്റിങ്ങ്. (കാസർ കോട്ടുകാരൻ അബ്ദു നിസാർ ഓസ്ത്രേലിയയിൽ എത്തി യപ്പോൾ എങ്ങനെ ജാക്ക് ആയി എന്നത് ഞാനിപ്പോഴും അന്വേഷി ക്കുന്ന മറ്റൊരു കാര്യം). പതിവ് പോലെ പറഞ്ഞ സമയത്ത് തന്നെ ഞാൻ അദ്ദേഹത്തിന്റെ ഓഫീസിൽ എത്തി. സിഡ്നിയിൽ നിന്ന് 30 40 കി. മി. മാറി ബ്ലാക്ക് ടൗൺ എന്ന സ്ഥലത്താണ് അദ്ദേഹത്തിന്റെ ഓ ഫീസ്. ബ്ലാക്ക് ടൗൺ എന്ന് പേരു ള്ളത് കൊണ്ടാകാം മറ്റു ചെറു സിറ്റികളിൽ നിന്നുമായി കറുത്ത വർഗക്കാർ കൂടുതൽ കാണുന്ന ഒരു സ്ഥലം ആണിത്. ഇവിടെ നിന്ന് 12 കി. മി. അകലെ മാർസ്ഡെർ പാർ ക്കിനടുത്താണ് സിഡ്നിയിലെ നമ്മുടെ പള്ളി. ഓസ്ത്രേലിയയിലെ ആദ്യത്തെ അഹ്മദി പള്ളിയുമിത് തന്നെ.

ജാക്ക് പൊതുവേ വലിയ സമയ നിഷ്ഠഇല്ലാത്ത ആളായത് കൊണ്ട് കൃത്യ സമത്ത് എത്തുന്നതിൽ എനി ക്ക് വലിയ ആവേശമൊന്നുമുണ്ടാ യിരുന്നില്ല. എങ്കിലും സമയത്ത് തന്നെ ഞാൻ ഓഫീസിൽ എത്തി. ഓസ്ത്രേലിയയിലെ പേര് കേട്ട ഒരു മോർട്ട്ഗേജ് ബാങ്കിന്റെ (വീട് വാങ്ങാൻ വായ്പ കൊടുക്കുന്ന ബാങ്ക്) മാനേജർ ആണ് നമ്മുടെ ജാക്ക്. ഓസ്ത്രേലിയയിൽ കൂടുതൽ വീട് വെക്കാൻ താൽപര്യം എടു ക്കുന്നവർ ഇന്ത്യക്കാരായത് കൊണ്ട് ജാക്കിന്റെ ബിസിനസ് പെട്ടെന്ന് വളർന്നു. ഇന്ത്യൻ കമ്മ്യൂണിറ്റിയിൽ അത്യാവശ്യം പേര് കേട്ട ദേഹമാണ് ജാക്കദ്ദേഹം. ഞാൻ എത്തിയപ്പോൾ തന്നെ ഇരുപത്തിമൂന്ന് ഫാമിലികൾ ജാക്കിന് വേണ്ടി കാത്തിരിപ്പുണ്ട്. അവിടെ ജാക്കിന്റെ അസിസ്റ്റന്റ് ബഷീർ (മലേഷ്യക്കാരൻ ബഷീർ) നേരത്തെ തന്നെ എത്തിയിരുന്നു. പൊതുവെ സംസാരം കുറച്ച് എന്നാൽ ജോലിയിൽ അതീവ നിമഗ്നനായ ഒരു പ്രത്യേക പ്രകൃത ക്കാരനാണ് ബഷീർ. എന്നെക്കണ്ട പ്പോൾ തന്നെ ബഷീർ ഇരിക്കാൻ പറഞ്ഞു. ബഷീർ വീണ്ടും ജോലി യിൽ മുഴുകി. ഞാൻ ഇരുന്ന് ബാങ്കി ന്റെ മാഗസിൻ മറിച്ചുനോക്കാൻ തുടങ്ങി. അപ്പോഴേക്കും നമ്മുടെ ജാക്ക് സുസ്മേര വദനനായി വന്നെ ത്തി. തന്റെ സ്വതസിദ്ധമായ ശൈ ലിയിൽ എല്ലാവരെയും സംബോധന ചെയ്തു ജാക്ക് സിഡ്നിയിൽ താൽക്കാലികമായി ഞാൻ ആരംഭിച്ച മാർക്കറ്റിങ്ങ് ബിസിനസ്സിന്റെ സ്ഥിരം കസ്റ്റമർ ആണ് ജാക്ക്. താൻ ആരംഭിച്ച Pizza ബ്രാൻഡിന്റെ എല്ലാ പ്രിന്റ് വർക്കുകളും എന്നെയാണ് ജാക്ക് ഏൽപ്പിക്കൽ. ഒരു പുതിയ ബിസിനസ് സംരംഭം തുടങ്ങാനും Pizza ഷോപ്പിങ്ങിന്റെ മാർക്കറ്റി ങ്ങിനെക്കുറിച്ച് ചർച്ചചെയ്യാനുമാണ് ജാക്ക് എന്നെ വിളിച്ചത്. എന്ത് ബിസിനസ് ആയിരിക്കും ജാക്ക് ഉദ്ദേശിച്ചത്. എന്ന് അറിയാനുള്ള ആകാംക്ഷയും. ഇനി ചെയ്ത് കൊ ണ്ടിരിക്കുന്ന വർക്കിന്റെ ഗുണ നില വാരം കുറഞ്ഞത് പറയാനാ ണോ എന്ന ആധിയും ഇനി അതല്ല ഇപ്പോൾ കൊടുക്കുന്നറേറ്റ് കുറച്ച് കൊടുക്കാനായിരിക്കുമോ പുള്ളി പ്ലാൻ ചെയ്തത് എന്ന് ആലോചി ച്ചിരിക്കുമ്പോഴാണ് പൊടുന്നനേ ജാക്ക് ചോദ്യം ഇട്ടത്! ഏടാ നീ ഏതാ വിഭാഗം?

കഴിഞ്ഞ 5, 6 മാസത്തെ പരിചയ ത്തിനിടയിൽ ഒരിക്കൽ പോലും ഉണ്ടാകാത്ത ഒരു ചോദ്യം എങ്ങനെ ഇപ്പോൾ വന്നു എന്ന് ചിന്തിക്കു മ്പോഴാണ് അടുത്ത ചോദ്യം വന്നത് "നീ ഖാദിയാനിയാണോ?" അപ്പോൾ തന്നെ ഞാൻ ഉറപ്പിച്ചു... ഇത് ഗുരുവായൂർക്കാരൻ ഫൈസൽ തന്നെ.

ജാക്കിനെ പരിചയപ്പെടുന്നതിന് മുമ്പ് ഞാൻ സിഡ്നിയിൽ കണ്ടെ ത്തിയ മലയാളി മുസ്ലിമാണ് ഗുരു വായൂർക്കാരൻ ഫൈസൽ. മുസ്ലിം മലയാളികൾ വളരെ വിരളമായത് കൊണ്ടാണ് ഇങ്ങനെ പരിചപ്പെടുന്ന മലയാളികളെ പ്രത്യേക സ്നേഹ ത്തോടെ ഓർത്ത്വെക്കുന്നത്. ഫൈ സലിനെ പ്രത്യേകം ഓർക്കാൻ കാര ണം ഞാൻ അഹ്മദിയാണെന്ന് അറിയാവുന്ന ചുരുക്കം ചിലരിൽ ഒരാളാണ് ഫൈസൽ. കൂടാതെ ജാ ക്കിനെയും എന്നെയും അറിയുന്ന ഒരേയൊരു വ്യക്തിയും ഫൈസൽ തന്നെ.

ഒരിക്കൽ ഞാനും ഭാര്യയും കൂടി ഫൈസലിന്റെ വീട്ടിൽ വെച്ച് അഹ് മദിയ്യത്തിനെക്കുറിച്ച് ഒരു ചെറിയ ചർച്ച തന്നെ നടത്തുകയുണ്ടായി. അവിടെ കൂടുതലും സംസാരിച്ചത് ഫൈസലിന്റെ ഭാര്യയായിരുന്നു. നാട്ടിലെ അറബിക്കോളേജിൽ നിന്ന് പഠിച്ചിറങ്ങിയ ഫൈസലിന്റെ ഭാര്യ ഓസ്ത്രേലിയായിലെ കുടുംബ സംഗമങ്ങളിൽ ഒരു സ്ഥിരം പ്രഭാ ഷക കൂടിയായിരുന്നു ഫൈസൽ തന്റെ അറിവും ആവേശവും കൂടുതൽ പ്രകടിപ്പിക്കുക ഫേസ് ബുക്കിലാണെന്ന് മാത്രം.

അപ്പോൾ നിങ്ങൾ നിസ്ക്കാരം എല്ലാം 5 തന്നെ. നോമ്പും സക്കാ ത്തും ഒക്കെ? പിന്നെ വേറെയെ ന്താല്ലാമാണ് വ്യത്യാസം. ജാക്ക് ചോദ്യങ്ങൾ ഓരോന്നോരോന്നായി തൊടുത്ത് വിടാൻ തുടങ്ങി.

എല്ലാം ഒന്ന് തന്നെ ജാക്ക്, ഞാൻ മെല്ലെ തുടങ്ങി. കലിമയും ഖുർ ആനും നിസ്കാരവും ഹജ്ജും

നോമ്പും സക്കാത്തും എല്ലാം ഒന്ന് തന്നെ. പിന്നെ ചുരുക്കം ചില കാര്യങ്ങളിലാണ് വിയോജിപ്പ്. ഞങ്ങൾക്കൊരു ഖലീഫയുണ്ട്. അല്ലാഹു വിന്റെ അനുഗ്രഹം ആയ പ്രവാചകത്വം നിലച്ചിട്ടില്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അത് മാത്രമല്ല റസൂൽ തിരുമേനി(സ) പ്രവചനം ചെയ്ത ഇമാം മഹ്ദി ആഗ തനായി എന്നും ഈസാ നബി(അ)

മരിച്ചു പോയിരിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു.

ങ്ങേ,? ഈസാ (അ) പിന്നെ മരിക്കാതെയിരിക്കുന്നെന്നോ? ആര് പറഞ്ഞു? ഞങ്ങളെല്ലാം ഈസ മരിച്ചു എന്നാണല്ലോ വിശ്വസിക്കുന്നത് അല്ലേ ബഷീറേ? മലേഷ്യക്കാരൻ ബഷീറിനെ നോക്കി ജാക്ക് ഉച്ചത്തിൽ ചോദിച്ചു. ഞാൻ ആകെ ആശയക്കുഴപ്പത്തിലായി. അല്ല ജാക്ക് അഹ്മദികളൊഴികെ എല്ലാ മുസ്‌ലിംകളും ഈസാ നബി (അ) ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നാണ് വിശ്വസിക്കുന്നത്. കൂടാതെ ഈസാനബി അവസാന കാലത്ത് രണ്ടാമതും ഇറങ്ങിവരുമെന്നും വിശ്വാസമുണ്ട്.

ജാക്ക് എന്നെ വല്ലാത്തൊരു നോട്ടം നോക്കി. ഇവനിതെന്തെല്ലാമാണ് പറയുന്നതെന്ന മട്ടിൽ. ഇല്ല ബഷീർ ഞാനിത് വരെ കേട്ടിട്ടില്ലല്ലോ.... ഈസാ നബി ഇപ്പോഴും അങ്ങനെ ജീവിച്ചിരിക്കാൻ...???

പടച്ചോനെ, ജാക്കിനെ ഞാനിതെങ്ങനെ ബോധിപ്പിക്കും? ജാക്ക് നാട്ടിൽ വയള് ഒന്നും കേൾക്കാറുണ്ടായിരുന്നില്ലേ? മുമ്പൊക്കെ വയള് പരമ്പരകളിൽ ഈസാനബിയുടെ ആകാശത്തേ ക്കു ള്ള കയറ്റവും രണ്ടാം വരവും പന്നിയെ കൊല്ലലും കുരിശുടക്കലും എല്ലാം വിഷയങ്ങളായിരുന്നു. ഇപ്പോൾ വരേണ്ട സമയം കഴിഞ്ഞത് കൊണ്ട് ആരും ആ വിഷയം സംസാ രിക്കുന്നില്ല.

ജാക്കിന് അത്ര വിശ്വാസം വന്നില്ല. മലേഷ്യക്കാരൻ ബഷീർ താൻ ഒന്നുമറിഞ്ഞില്ല എന്നമട്ടിൽ എന്നെ വല്ലാത്ത ഒരു നോട്ടം നോക്കി. ഞാൻ ഉടനെ തന്നെ എന്റെ മോബൈൽ ഫോണെടുത്ത് സർച്ച് ചെയ്യാൻ തുടങ്ങി. Secound coming of isa എന്നടിച്ചപ്പോൾ തന്നെ കിട്ടി വിവരങ്ങൾ!!. ആധികാരികമായി തന്നെ കിടക്കട്ടെ എന്ന് കരുതി Wikkipeadia തന്നെ എടുത്ത് നോക്കി. വളരെ വിശദമായി തന്നെ കാര്യങ്ങൾ കിടപ്പുണ്ട്. മുസ്‌ലിം ഭുരിപക്ഷത്തിന്റെ വിശ്വാസം ഈസാ നബി ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നാണെന്നും ഞാൻ ജാക്കിന് വായിച്ചു കേൾപ്പിച്ചു. ജാക്കിന്റെ മുഖത്തെ ആശ്ചര്യം ഇപ്പോഴും മാറിയിട്ടില്ല. അങ്ങനെ നീണ്ടു പോയ ചർച്ചയിൽ തൊട്ടാൽ കിട്ടാവുന്ന എല്ലാ മോബൈൽ വിവരങ്ങളും വച്ച് ഞാൻ ആദ്യം ഈസ നബി (അ) യെ ജീവിപ്പിച്ചു. പിന്നെ അവിടെ വെച്ച് തന്നെ ഖുർആനിലെ തെളിവുകൾ നിരത്തി ഈസാ നബി (അ) യെ എനിക്ക് മരിപ്പിക്കേണ്ടിയും വന്നു. ഇത് കഴിഞ്ഞപ്പോഴാണ് എനിക്ക് ആശ്വാസമായത്..

കൂടുതൽ ചർച്ചകൾ പിന്നെ ഒരിക്കൽ ആകാമെന്ന് ഉറപ്പ് നൽകി അവിടെ നിന്നും ഇറങ്ങുമ്പേൾ മസീഹ് മൗഊദ് (അ) പറഞ്ഞ ഒരു കാര്യമാണ് എനിക്ക് ഒർമ വന്നത്. നിങ്ങൾക്ക് ഒരു കാലം വരും, അന്ന് ഈസ നബിയെ കാത്തു നിന്ന് നിങ്ങളുടെ കണ്ണുകൾ ക്ഷീണിക്കുകയും പിന്നെ ഈ വിശ്വാസം ലോകംകൈവെടിയുകയും ചെയ്യും, എന്ന പ്രവചനം

ഈ ചർച്ചകൾക്കിടയിൽ ഞാൻ പോയ കാര്യം മറന്നു പോയി. എങ്കിലും ബിസിനസിനെക്കാളും ഇന്നത്തെ ദിവസം മസീഹ് മൗഊദ് പറഞ്ഞ ഒരു പ്രവചനം പുലർന്ന സന്തോഷത്താലും ഇസാ നബി (അ) യെ മരിപ്പിച്ചു എന്ന സംതൃപ്തിയോടെയും ബ്ലാക്ക് ടൗൺ സ്റ്റേഷൻ ലക്ഷ്യമാക്കി ഞാൻ നടന്നു.


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കി യിരിക്കുന്നു.

**www.mta.tv**

കുറിപ്പുകൾ

# മംഗൾയാൻ ഉയർത്തുന്ന ആകാശ ചിന്തകൾ

മുസാഫിർ

**2014** സെപ്തംബർ 24 രാവിലെ ഇന്ത്യൻ സ്റ്റാന്റേർഡ് സമയം 7.17 ന് മംഗൾയാൻ എന്ന് വ്യാപകമായി അറിയപ്പെടുന്ന ഇന്ത്യയുടെ 'ചൊവ്വാ ഭ്രമണപഥ ദൗത്യം' (Mars Orbiter Mission (MOM) 66.6 കോടി കിലോ മീറ്ററുകൾ ദൈർഘ്യമുള്ള വിജന ശൂന്യമായ ഗഗന വീഥികൾ താണ്ടി പത്ത് മാസത്തിന് ശേഷം ചൊവ്വാഗ്രഹത്തിന്റെ ഭ്രമണ പഥത്തിൽ എത്തിയിരിക്കുന്നു. 2013 നവംബർ 5 നാണ് ശ്രീഹരികോട്ടയിൽ നിന്ന് മംഗൾയാന്റെ വിക്ഷേപണം നടന്നത്. ചാന്ദ്രദൂരത്തിന്റെ ആയിരം മടങ്ങ് അധികം!!. 120 കോടിയോളം വരുന്ന ഭാരതീയരുടെ അഭിമാനം ആകാശ വിതാനത്തിലെത്തിച്ച ഈ മഹാദൗത്യം, ഇന്ത്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷൻ ഐ സ് ആർ ഒ (ISRO) യുടെ കീർത്തി മുദ്രയായി വാഴ്ത്തപ്പെടും.

കണിശമായ ഗണന ക്രിയകളും ഉന്നതമായ ശാസ്ത്ര ഭാവനയും വിട്ടുവീഴ്ച്ചയില്ലാത്ത കഠിനാദ്ധ്വാനവും സുദൃഢമായ ആത്മവിശ്വാസവും സർവോപരി ദൈവ സഹായവും ഒത്തുചേർ ന്നാൽ മാത്രമേ ഇത്തരം ദൗത്യങ്ങൾ പിഴവില്ലാതെ വിജയത്തിലെത്തിക്കാൻ സാധ്യമാവൂ. ശാസ്ത്രീയ സങ്കൽപ്പങ്ങളെ യാഥാർഥ്യമാക്കുന്ന ജ്ഞാന സപര്യയും കഠിനയത്നവുമാണ് ഇതിനാവശ്യം. അമേരിക്കയിലെ നാസ, പഴയ സോവ്യറ്റ് യൂണിയനിലെ റോസ് കോസ്മോസ്, യൂറോപ്യൻ സ്പേയ്സ് ഏജൻസി എന്നീ സമ്പന്നരും വിപുലമായ ശാസ്ത്ര സ്ഥാപനങ്ങളുമുള്ള രാജ്യങ്ങളുടെ ബഹിരാകാശ ഏജൻസികൾ മാത്രമേ വിജയകരമായി ചൊവ്വ ദൗത്യം പൂർത്തിയാക്കിയിട്ടുള്ളൂ. അവരുടെയെല്ലാം കന്നിയാത്രകൾ പരാജയമടയുകയും ചെയ്തതാണ്. ആ കൂട്ടത്തിൽ പാവങ്ങളുടെ നാടായ നമ്മുടെ ഇന്ത്യ നമുക്ക് സഹിക്കാവുന്ന കേവലം 450 കോടി രൂപ ചെലവിൽ ഏറ്റവും കുറഞ്ഞ സമയം കൊണ്ട് (15 മാസം) ആദ്യ യാത്രയിൽ തന്നെ ഉന്നതമായ ഒരു ആകാശസ്വപ്നം സാക്ഷാത്ക്കരിച്ചിരിക്കുന്നു. മംഗൾയാൻ എത്തുന്നതിന് രണ്ട് ദിവസം മുമ്പേയാണ് അമേരിക്ക അയച്ച മേവൻ (MAVEN-Mars Atmosphhere and Volatile Evolutionn) പേടകം ചൊവ്വയിൽ എത്തിയത്. അഞ്ചര കൊല്ലം എടുത്താണ് അമേരിക്കയുടെ നാസ ഈ ദൗത്യം പൂർത്തീക രിച്ചത്. ഇന്ത്യയിലെ പട്ടിണി മാറ്റിയിട്ടു പോരെ ആകാശ ഗവേഷണം? എന്ന് പരിഹാസ പൂർവം ചോദിച്ച പാശ്ചാത്യലോകത്തെ അഹങ്കാരികളായ ശാസ്ത്ര ജ്ഞന്മാർക്കുള്ള മറുപടി കൂടിയാണ് മംഗൾയാനിലൂടെ ഇന്ത്യയിലെ പ്രതിഭാശാലികളായ ശാസ്ത്ര ജ്ഞന്മാർ നൽകിയത്. അമിത ചിലവും ധൂർത്തും മൂലം ബഹിരാകാശം ബാലികേറാ മലയായിക്കൊണ്ടിരിക്കുന്ന പാശ്ചാത്യ ശാസ്ത്ര ലോകം ഉപഗ്രഹ നിർമാണത്തിനും വിക്ഷേപണത്തിനും സമീപഭാവിയിൽ ഇന്ത്യയെ ആശ്രയിച്ചു കൂടെന്നില്ല എന്ന നില വന്നിരിക്കുന്നു.

ചൊവ്വയിലെ ജല സാന്നിദ്ധ്യം പരിശോധിക്കുന്ന ലൈമാൻ ആൽഫാ ഫോട്ടോ മീറ്റർ ചൊവ്വയുടെയും അതിന്റെ ഉപഗ്രഹമായ ഫോബോസിന്റെയും ചിത്രമെടുക്കുന്ന മാസ് കളർ ക്യാമറ, താപവികിരണം അപഗ്രഥിച്ച് മണ്ണിന്റെ ധാതുഭൂപടം തയ്യാറാക്കുന്ന തെർമൽ ഇൻഫ്രാ റെഡ് ക്യാമറ, ചൊവ്വയുടെ അന്തരീക്ഷത്തെക്കുറിച്ച് പഠിക്കുന്ന മാർസ് എക്സൊസ്ഫെറിക് ന്യൂട്രൾ കോംപോസിഷൻ അനലൈസർ ജീവന്റെ അടയാളമുണ്ടൊയെന്നറിയാൻ മീഥേൻ സാന്നിധ്യം പരിശോധിക്കുന്ന മീഥേൻ സെൻസർ തുടങ്ങിയ 5 പേലോഡു കളാണ് (പരീക്ഷണ ഉപകരണങ്ങൾ) മംഗളൾയാനിലുള്ളത്. ഇവിടെ ഒരു കാര്യം നാം ഓർക്കണം. ജീവന്റെ സൂചകമായ മീഥേൻ രണ്ടു വിധത്തിലാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നതെന്ന് കരുതുന്നു. അതിൽ ഒന്ന് അഗ്നി പർവതസ്ഫോടനങ്ങളിൽ നിന്നാണ്. മറ്റൊന്ന് ജീവവസ്തുക്കൾ ചീഞ്ഞളിയുമ്പോഴും. ചൊവ്വയിൽ സജീവമായ അഗ്നി പർവതങ്ങളൊന്നുമില്ല. പിന്നെ മീഥേന്റെ സാന്നിധ്യം എന്ത് കൊണ്ട്? ശാസ്തജ്ഞരെ കുഴക്കുന്ന ഈ ചോദ്യത്തിന് മംഗൾയാൻ നൽകുന്ന ഉത്തരത്തിന് വേണ്ടി എക്സോബയോളജി (ബഹിരാകാശത്ത് ജീവന്റെ സാന്നിദ്ധ്യം പരിശോധിക്കുന്ന ശാസ്ത്രം) കാതോർ ക്കുകയാണ്.

ചൊവ്വാ ദൗത്യത്തിന് ഇന്ത്യയെ സംബന്ധിച്ചിടത്തോളം പരമ പ്രധാനമായ മറ്റൊരുമാനം കൂടിയുണ്ട്. ഇന്ത്യയിൽ എല്ലാ മതത്തിലും പെട്ട ബഹുഭൂരി പക്ഷം വിശ്വാസികളും അന്ധവിശ്വാസത്തിന്റെ തടവറയിലാ

ണ് എന്നത് ഏറ്റവും നിർഭാഗ്യകരമായ ഒരു വസ്തുതയാണ്. അതിൽ ഏറ്റവും പ്രധാനവും സർവവ്യാപകവുമായ ഒന്നാണ് ഹിന്ദുമതത്തിലെ ജാതക വിശ്വാസം. മഹത്തായ ആദ്ധ്യാത്മിക തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ഹിന്ദുമതത്തിലുള്ള ഒരു അന്ധവിശ്വാസമാണ് ഗ്രഹസ്ഥിതിയിലധിഷ്ടിതമായ ജ്യോതിഷ വിശ്വാസം, ശിശു ജനിച്ചാലും മറ്റു കർമങ്ങളുടെയും ഫലസിദ്ധി ഗ്രഹസ്ഥിതി ആശ്രയിച്ചാണ് എന്നാണ് ജ്യോതിഷം പറയുന്നത്. അതിനായുള്ള ഗ്രഹസ്ഥിതി അറിയാൻ ജാതക വിധിപ്രകാരമുള്ള രാശി ചക്രത്തെയാണ് ആശ്രയിക്കാറ്. നമ്മുടെയെല്ലാം വീടുകളിൽ തൂങ്ങുന്ന കലണ്ടറുകളിൽ പന്ത്രണ്ട് കള്ളികളോടുകൂടിയ ഒരു സമചതുരം കാണാം. അതാണ് രാശി ചക്രം. രാശി ചക്രത്തിൽ നവഗ്രഹങ്ങളും 27 നക്ഷത്രങ്ങളും എവിടെയെല്ലാം നിൽക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ഭാവി ഫലമുണ്ടാകുന്നത് എന്നാണ് വിശ്വാസം. ഈ അന്ധവിശ്വാസം ഹിന്ദു സമൂഹത്തിൽ എത്രമാത്രം രൂഢമൂലമാണ് എന്നതിന്റെ തെളിവാണ് രാശി ചക്രം രേഖപ്പെടുത്തിയ ഈ സിവിൽ കലണ്ടറുകൾ. ജാതകത്തിൽ ചൊവ്വാദോഷമുണ്ടായാൽ ആ പെൺകുട്ടിയുടെ ജീവിതം പിന്നെ ദുരിതമയമായി തീരുന്നു. ഇങ്ങനെ മംഗല്യയോഗമില്ലാതെ കാലഗതി പ്രാപിക്കുന്ന ഭാരതത്തിലെ ദുഃഖപുത്രിമാരുടെ കണ്ണീർ ഗ്രഹം കൂടിയാണ് ചൊവ്വ. അതായത് 12 രാശികളിൽ ശിശുവിന്റെ ജനന സമയത്ത് 7-ാം രാശിയിൽ കുജൻ (ചൊവ്വ) നിന്നാൽ ചൊവ്വാദോഷമുണ്ടാവും. അകാല വൈധവ്യം ഉണ്ടാവുമെന്നാണ് ജ്യോതിഷ പ്രകാരമുള്ള ജാതക വിധി. പ്രസിദ്ധ ജ്യോതിശാസ്ത്ര ഗ്രന്ഥമായ കൃഷ്ണീയത്തിൽ പറയുന്നത് 'കുജേതു വിധവാ ബാല്യേ' കുജൻ (ചൊവ്വ) കാരണമായി ബാല്യകാലത്ത് തന്നെ വൈധവ്യം സംഭവിക്കും)!!.. ശാസ്ത്രപ്രബുദ്ധമായ ഇളം തലമുറക്ക് ചൊവ്വയെ കുറിച്ച് മംഗൾയാൻ നൽകുന്ന ആധുനിക വിവരങ്ങൾ ഇത്തരം അന്ധവിശ്വാസങ്ങൾക്കെതിരെ ഭാരത സ്ത്രീത്വത്തിന് രക്ഷയായി തീരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സൂര്യനിൽ നിന്ന് ദൂരത്തിൽ നാലാമത് നിൽക്കുന്ന ഗ്രഹമാണ് ചൊവ്വ. മൂന്നാമനായുള്ളത് നമ്മുടെ ഭൂമിയാണ്. ഉപരിതലത്തിൽ കാണപ്പെടുന്ന അയേൺ ഓക്സൈഡ് കാരണമായി ചുവന്ന നിറത്തിലാണ് ചൊവ്വ കാണപ്പെടുന്നത്. അതിനാൽ ചുവന്നഗ്രഹമെന്നും ഇതിന് പേരുണ്ട്. ഇപ്പോൾ ദ്രവജലമില്ലെങ്കി ലും അതിപുരാതന കാലത്ത് ചൊവ്വയിൽ വെള്ളം ഒഴുകിയതിന് തെളിവുകളുണ്ട്. ചൊവ്വയുടെ ഭ്രമണപഥത്തിലേക്ക് കടന്ന് ചെല്ലാൻ ചില സമയവും മുഹൂർത്തവുമുണ്ട്. ജ്യോതിഷത്തിലെ മുഹൂർത്തം പോലെയുള്ള ഒന്നല്ല ഇത്. അതായത് ചൊവ്വയുടെ ദീർഘദൂര ഭ്രമണപഥം ഒരു പരിവൃത്തി പൂർത്തിയാക്കാൻ 780 ദിവസമാണ്. ഈ ഭ്രമണ പഥം ഭൂമിയുമായി ഏറ്റവുമടുക്കുന്ന ദിവസം നോക്കിയേ ചൊവ്വയെ പ്രാപിക്കാൻ സാധിക്കൂ. ചൊവ്വയുടെ സൂര്യനെ കേന്ദ്രമാക്കിയുള്ള ഭ്രമണപഥത്തിലൂടെയായിരുന്നു മംഗൾയാന്റെ സഞ്ചാരം. അത് ചൊവ്വയുടെ സ്വന്തം ആകർഷണ വലയത്തിലുള്ള ഭ്രമണ പഥത്തിലേക്ക് മാറ്റുക എന്നതാണ് അതി സങ്കീർണവും സൂക്ഷ്മവുമായ ദൗത്യം. ലിക്കുഡ് അപോജി മോട്ടോർ എന്ന റോക്കറ്റ് (LAM) ജ്വലിപ്പിച്ച് കൊണ്ടാണ് പേടകത്തിന്റെ ദിശയും വേഗതയും നിർണയിക്കുന്നത്. പേടകത്തിന് ഊർജം ലഭിക്കുന്ന സോളാർ പാനൽ സൂര്യന് നേരെയും സന്ദേശമയക്കുന്ന ആന്റിന ഭൂമിക്ക് നേരെയും ദിശ ശരിപ്പെടുത്തി നിർത്തുകയും വേണം. മംഗൾയാൻ നിർദിഷ്ട വേഗതയിൽ നിന്നും കുറഞ്ഞാൽ അത് ചൊവ്വയുടെ ഉപരിതലത്തിൽ ഇടിച്ചിറങ്ങി തകരും. വേഗത കൂടുതലായാലോ, ചൊവ്വയുടെ ആകർഷണ വലയത്തിലുള്ള ഭ്രമണ പഥത്തിൽ നിന്നും തെന്നി മാറി ഭൂമിയിലെ നിയന്ത്രണത്തിൽ നിന്ന് പിടിവിട്ട് അനന്തതയിലേക്ക് തിരോഭവിക്കും. അതുകൊണ്ട് ഭൂമിയിലെ നിയന്ത്രണ നിലയത്തിൽ നിന്ന് അങ്ങേയറ്റത്തെ സൂക്ഷ്മതയോടെയുള്ള ഗണന ക്രിയകൾക്ക് ശേഷം നൽകുന്ന സന്ദേശത്തിലൂടെയാണ് എല്ലാം നിയന്ത്രിക്കപ്പെടുന്നത്. ആ നിയന്ത്രണം പാളിപ്പോയാൽ സർവവും നശിക്കും. ഈ സന്ദർഭത്തിൽ വിശുദ്ധ ഖുർആനിലെ ഒരു വചനമാണ് ഓർമയിലെ ത്തുന്നത്. ***'ജിന്നിന്റെയും ഇൻസിന്റെ യും സമൂഹമേ (സമ്പന്നരും, സാധാരണക്കാരുമായവർ) ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളെ അതിലംഘിച്ച് അപ്പുറം കടക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങൾ കടന്നു പോയിക്കൊള്ളുക. നിയന്ത്രണാധികാരമില്ലാതെ ( ഇല്ലാ ബി സുൽത്താൻ - Except Authority ) നിങ്ങൾക്ക് കടന്നു പോകാൻ സാദ്ധ്യമല്ല.' (സൂറ: റഹ്മാൻ,55:34)***

നാം ബഹിരാകാശ ചരിത്രം അവലോകനം ചെയ്യുമ്പോൾ, ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യദശകങ്ങൾ മുതൽ അവസാന ദശകങ്ങൾവരെ അമേരിക്കയും സോവ്യറ്റ് യൂണിയനും തമ്മിലുള്ള ശീതയുദ്ധകാലമായിരുന്നു ബഹിരാകാശ യുഗത്തിന്റെ വസന്തകാലം എന്ന് കാണാം. കൃത്യമായി പറഞ്ഞാൽ 1955 ജൂലൈ 29 ന് അമേരിക്കൻ പ്രസിഡന്റ് ഹെസൻ ഹോവറിന്റെ പ്രസ്സ് സെക്രട്ടറി, ഭൂമിയെ ഭ്രമണം ചെയ്യുന്ന ഒരു കൃിത്രിമഉപഗ്രഹം അമേരിക്ക വിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപനം നടത്തി. ആ ദിവസം മുതലാണ് ബഹിരാകാശ മത്സരത്തിന് അങ്കം കുറിച്ചത്. അമേരിക്കൻ പ്രഖ്യാപനത്തിന് നാല് ദിവസങ്ങൾക്ക് ശേഷം സോവ്യറ്റ് യൂണിയന്റെ മറുപടിയും വന്നു. തന്റെ രാജ്യം ഒരു കൃത്രിമ ഉപഗ്രഹം ഭൂമിയുടെ ഭ്രമണ പഥത്തിൽ സമീപ ഭാവിയിൽ തന്നെ വിക്ഷേപിക്കുന്നതാണെന്ന സോവ്യറ്റ് ശാസ്ത്രജ്ഞൻ ലിയോണിഡ് ഐസെദോവിന്റെതായിരുന്നു മറുപടി. 1957 ഒക് ടോബർ 4 ന് സ്പുട്നിക്ക് എന്ന സോവ്യറ്റ് ഉപഗ്രഹം ഭൂമിയുടെ ഭ്രമണ പഥത്തിൽ വിക്ഷേപിച്ചു കൊണ്ട് ഈ മത്സരത്തിൽ സോവ്യറ്റ് യൂണിയൻ ആദ്യ ജയം നേടി.

പിന്നീട് രണ്ട് ശാക്തിക ചേരികളും നിരവധി ബഹിരാകാശ ദൗത്യങ്ങളിലൂടെ മത്സരം കൊഴുപ്പിച്ചു. 1961 ഏപ്രിൽ 12ന് വോസ്റ്റോക്ക് എന്ന ബഹിരാകാശ വാഹനത്തിൽ സോവ്യറ്റ് റഷ്യയുടെ യൂറിഗഗാരിൻ ഭൂമിയെ ആദ്യമായി വലം വെക്കുകയും ചെയ്തു. 1969 ജൂലൈ 20 ന് അപ്പോളോ ദൗത്യത്തിലൂടെ മനുഷ്യനെ ചന്ദ്രനിൽ എത്തിച്ച് അമേരിക്ക സോവ്യറ്റ് യൂണിയനെതിരെ മധുരമായി തിരിച്ചടിച്ചു, മുൻപന്തിയിലെത്തി.

1972 മെയ് മാസം അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് എം. നിക്സനും സോവ്യറ്റ് പ്രസിഡന്റ് ലിയണിഡ് ബ്രഷ്നേവും തമ്മിൽ നടന്ന സംഘർഷ ലഘൂകരണ സന്ധി സംഭാഷണങ്ങൾ ശീതയുദ്ധത്തിന്റെ പിരിമുറുക്കത്തിന് തൽക്കാലം അയവു വരുത്തി. അതോടെ ബഹിരാകാശരംഗത്തും അത് പ്രതിഫലിച്ചു. പൊടുന്നനെ ബഹിരാകാശ മത്സരത്തിന് ഒരു വ്യതിയാന മുണ്ടായി. ബഹിരാകാശം മത്സരത്തിന്റെ വേദിയല്ലെന്നും സഹകരണത്തിന്റെ മേഖലയാണെന്നും അനന്തതയോളം വിസ്തൃതമായിക്കിടക്കുന്ന ആകാശ ലോകത്ത് മുന്നേറാൻ മത്സരത്തേക്കാൾ സഹകരണമാണ് വേണ്ടതെന്നും ശാക്തിക ചേരികളിൽപ്പെട്ട ബഹിരാകാശ ശാസ്ത്രജ്ഞന്മാർക്ക് തിരിച്ചറിവുണ്ടായി. അമേരിക്കയിലെയും സോവ്യറ്റ് റഷ്യയിലെയും ബഹിരാകാശ യാനങ്ങൾ ആകാശത്ത് വെച്ച് സന്ധിക്കാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തു. അമേരിക്കയുടെ അപ്പോളോയും സോവ്യറ്റ് റഷ്യയുടെ സോയൂസും ആകാശത്തുവെച്ച് ഒന്നിക്കുന്ന അപ്പോളോ സോയൂസ് ടെസ്റ്റ് പ്രൊജക്റ്റ് ( Apollo-Soyuz Test Project (ASTP). ആയിരുന്നു അത്. രണ്ട് ബഹിരാകാശ വാഹനങ്ങളും 1975 ജൂലായ 17 ന് ആകാശത്ത് വെച്ച് ഒന്നിച്ചു ചേർന്ന് സയുക്ത പരീക്ഷണങ്ങൾ നടത്തി. 1990 കളിൽ സോവ്യറ്റ് യൂണിയന്റെ പതനത്തോടെ ശീതയുദ്ധം പൂർണമായും അവസാനിച്ചു. എതിരാളിയില്ലാതായപ്പോൾ വീറോടെയുള്ള ബഹിരാകാശ മത്സരവും അവസാനിച്ചു. അമേരിക്കയുടെ ബഹികാശ ദൗത്യങ്ങൾക്ക് തളർച്ച പറ്റി. മുതലാളിത്തം കൊടികുത്തിവാഴുന്ന അമേരിക്കക്ക് ബഹിരാകാശ ഗവേഷണം പെട്ടെന്ന് ലാഭ മുണ്ടാക്കുന്ന ഒരു ബിസിനസ്സ് അല്ലായിരുന്നു. അമേരിക്കയിൽ ബഹിരാകാശ ഗവേഷണം 1960– 1970 കളിൽ അപ്പോളോ ചാന്ദ്ര ദൗത്യത്തിന്റെ ആവേശകരമായ നാളുകളിൽ അമേരിക്ക അവരുടെ ഫെഡറൽ ബഡ്ജറ്റിന്റെ 4 ശതമാനം നാസക്ക് അനുവദിച്ചിരുന്നു. ഇന്ന് അവർ നൽകുന്നത് 05 ശതമാനം മാത്രം. അറിവിന്റെ പ്രാധാന്യം അത്ര വലിയ കാര്യമാക്കാത്ത സെനറ്റർമാരാണ് നാസയുടെ ഫണ്ടിങ്ങിനെ എതിർക്കുന്നത് പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇത്തരം കാര്യങ്ങ ളിൽ താൽപര്യം കാണിക്കുന്നയാളായതിനാൽ തന്റെ പുതിയ ബജറ്റിൽ ISRO ക്ക് 6000 കോടി രൂപയാണ് അനുവദിച്ചത്. കഴിഞ്ഞ വർഷത്തെക്കാൾ ഇത് 50% അധികമാണ്.

എളുപ്പത്തിൽ ലാഭം കൊയ്യുന്ന ശാസ്ത്രത്തിനാണ് ആളുകൾക്കും ഗവൺമെന്റുകൾക്കും താൽപര്യം. അതുകൊണ്ടാണ് ലോക വ്യാപകമായി സാങ്കേതിക ശാസ്ത്രത്തിലധിഷ്ഠിതവും ലാഭകരവുമായ ഔഷധ നിർമാണ രംഗത്തും സോഫ്റ്റ് വെയർ ടെക്നോജിയിലും ഓയിൽ മൈനിങ്ങിലും കോർപറേറ്റുകളും ഗവൺമെന്റും പണം മുടക്കാൻ കാട്ടുന്നയത്ര. ആവേശം ബഹിരാകാശ ഗവേഷണ രംഗത്തും മറ്റു മൗലിക ശാസ്ത്ര ഗവേഷണ രംഗത്തും കാണിക്കാത്തത്. മാനവരാശിക്ക് പ്രപഞ്ചത്തെക്കുറിച്ച് മൗലിക പ്രധാനമായ അറിവുകളും ദീർഘകാലം ഫലം നൽകുന്ന അടിസ്ഥാന വികസനവും ഉണ്ടാകുന്നത് അടിസ്ഥാന ഭൗതിക ശാസ്ത്രവും സൈദ്ധാന്തിക ശാസ്ത്രവും വികസിക്കുമ്പോഴാണ്. സൈദ്ധാന്തിക ഭൗതിക ശാസ്ത്ര രംഗത്ത് അതികായനും തേർഡ് വേൾഡ് അക്കാദമി ഓഫ് സയൻസിന്റെ സ്ഥാപകനും നോബേൽ സമ്മാന ജേതാവുമായിരുന്ന ഡോ. അബ്ദുസ്സലാമിനെ പോലെയുള്ള മഹാപ്രതിഭകൾ മൂന്നാം ലോക രാജ്യങ്ങളോടും അറബ്‌ലോകത്തോടും അവസാനം വരെ പറഞ്ഞു കൊണ്ടിരുന്നത് എന്ത് വില കൊടുത്തും അടിസ്ഥാനശാസ്ത്രങ്ങളിൽ പുരോഗതി കൈവരിക്കണമെന്നാണ്. ബഹിരാകാശ ശാസ്ത്രം അടിസ്ഥാന ശാസ്ത്രത്തിനും പുതിയ വിജ്ഞാനം ഉൽപ്പാദിപ്പാക്കാനും ടെക്നോളജിയുടെ വികാസത്തിനും ഉതകുന്നതാണ്. നമ്മുടെ രാജ്യം ഇക്കാര്യത്തിൽ കൈവരിച്ച നേട്ടം അസൂയാവഹമാണ്.

അറിവിനോടുള്ള മനുഷ്യന്റെ ഒരിക്കലും അടങ്ങാത്ത അദമ്യമായ ദാഹം ശമിപ്പിക്കാനാണ് ഈ രംഗത്തെ ഗവേഷണങ്ങൾക്കുള്ള മുഖ്യ പ്രചോദനം. പെട്ടെന്ന് ലാഭം കൊയ്യുന്ന പണക്കൊതിയന്മാർക്ക് മുതൽ മുടക്കാൻ പറ്റിയ ഇടമല്ല ബഹിരാകാശം. ദീർഘകാലാടി സ്ഥാനത്തിൽ ഇത്തരം ഗവേഷണങ്ങൾ മനുഷ്യ രാശിക്ക് നൽകുന്ന സദ്ഫലങ്ങൾ വിവരണാതീതമാണ്. കൃത്രിമ ഉപഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള ടെലിവിഷൻ, ടെലിഫോൺ, ഇന്റർ നെറ്റ് മുതലായ വാർത്താവിനിമയ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് കാരണം സ്പേസ് സയൻസാണ്. അത്പോലെ ജിയോപൊസിഷനിങ്ങ്, കാലാവസ്ഥ പ്രവചനം, ഭൂമിയിലെ വിഭവങ്ങൾ കണ്ടെത്തുന്നതിനുള്ള ഭൗമസർവേകൾ മുതലായ ശാസ്ത്ര നേട്ടങ്ങളും മെഡിക്കൽ, വ്യവസായ കാർഷിക രംഗത്തുള്ള നിരവധി ഉപകരണങ്ങൾ എയ്റോ നോട്ടിക്സ്, ലാപ്പ്ടോപ്പ്, വൈഫൈ ട്രാസ് മീറ്റിങ്ങ് സിസ്റ്റം, അത് പോലെ നോൺ സ്റ്റിക്ക് മൈക്രോ വേവ് ഓവൻ മുതലായ വീട്ടുപകരണങ്ങൾ, ന്യൂട്രീഷൻ സമ്പന്നമായ ബേബി ഫുഡുകൾ മുതലായ നിരവധി ഭക്ഷ്യവസ്തുക്കൾ എന്നിവയെല്ലാം ബഹിരാകാശ ശാസ്ത്രത്തിന്റെ വിദൂര ഫലങ്ങളാണ്. ഇത്തരം ഗവേഷണങ്ങളും കണ്ടെത്തലുകളുമാണ് മനുഷ്യ സമൂഹത്തിന്റെ ഭൗതിക

രംഗത്ത് വിപ്ലവകരമായ പരിവർത്ത നങ്ങൾ വരുത്തിയത്. അത് മാത്രമല്ല അന്താരാഷ്ട്ര സഹകരണ രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സംഘർഷലഘൂകരണത്തിനും ബഹിരാകാശ ശാസ്ത്രം പോലെ സഹായകരമായ മറ്റൊന്നില്ല. ഈ രംഗത്ത്പ്രവർത്തിക്കുന്ന രാജ്യ ങ്ങളുടെ വിവരങ്ങൾ പരസ്പരം കൈമാറാതെയും സഹായിക്കാതെ യും സ്പെയ്സ് സയൻസിൽ ലോക ത്തിലെ ഒരു രാജ്യത്തിനും മുന്നോട്ടു പോകാൻ കഴിയില്ല. പിഴവില്ലാതെ മംഗൾയാന്റെ കന്നി യാത്ര വിജയി ക്കാൻ കാരണം അമേരിക്കയിലേ യും റഷ്യയിലേയും യൂറോപ്പി ലേയും ബഹിരാകാശ ദൗത്യങ്ങളിൽ പറ്റിയ പിഴവിൽ നിന്ന് പാഠങ്ങൾ പഠിച്ചത് കൊണ്ട് കൂടിയാണെന്ന് നാം മനസ്സിലാക്കണം. മംഗൾ യാനിൽ നിന്നുള്ള ആദ്യ ഫലസൂ ചനകൾ പിടിച്ചെടുത്ത് ഇന്ത്യക്ക് നൽകിയത് ഓസ്ട്രേലിയായിലെ കാൻബറയിൽ പ്രവർത്തിക്കുന്ന പ്രൊപ്പൽഷൻ ലാബിലെ 70 മീറ്റർ ഡയമീറ്ററുള്ള ആന്റീന പിടിച്ചെടു ത്തവി വരങ്ങളാണ്. പല ഘട്ടങ്ങ ളിലും മറ്റ് സ്പേയ്സ് ഏജൻസി കളുടെയും സഹായം ഇന്ത്യക്കു ണ്ടായിട്ടുണ്ട്.

നമ്മുടെ തലക്ക് മുകളിൽ സഹ സ്രകോടി ഗോളരാശികളെ വഹിച്ച് അനന്തതയോളം വിശാലമായി നിൽ ക്കുന്ന വാനലോകം, വാസ്തവത്തിൽ ദൈവത്തിന്റെ സൃഷ്ടിമഹത്വം വിളിച്ചോതുന്ന അവന്റെ ജ്ഞാന വൈ ഭവത്തിന്റെ മഹാപ്രകടനങ്ങളു ടെബൃഹത്തായ പ്രദർശനശാല യാണ്. മനുഷ്യൻ ആരാണെന്നും പ്രപഞ്ച വിസ്തൃതിയിൽ നിസ്സാര നായ മനുഷ്യന്റെ സ്ഥാനമെന്താണെ ന്നും മനുഷ്യനെ ബോദ്ധ്യപ്പെടുത്തു ന്ന പാഠശാലയാണ് ബഹിരാകാശം. പ്രതിഭാശാലിയും ബുദ്ധിമാനുമായ ഒരു ദ്രഷ്ടാവിന് ബഹിരാകാശം തീർ ച്ചയായും ജ്ഞാന വിസ്മയങ്ങളുടെ ഒരു അത്ഭുത ലോകമാണ്. ദൈവ ത്തിന്റെ അസ്ഥിത്വത്തെ സംബന്ധി ച്ചും അവന്റെ മഹത്വത്തെ സംബ ന്ധിച്ചും ഹൃദയ വിശുദ്ധിയും തെളി ഞ്ഞ ബുദ്ധിയുമുള്ള മനുഷ്യനിൽ ആകാശം ദാർശനികവും സാത്വിക വിനയത്തോടെയുമുള്ള ഒരവബോ ധം ജനിപ്പിക്കുന്നു. അതുകൊണ്ടാണ് ആകാശം നോക്കാനും അതിനെക്കു റിച്ച് ഗാഢമായി ചിന്തിക്കാനും ആകാശത്തിന്റെ തടസ്സങ്ങളെ ഭേദിച്ച് കുതിക്കാനും വിശുദ്ധ ഖുർആൻ മനുഷ്യനോട് ആഹ്വാനം ചെയ്യുന്നത്.

വിശുദ്ധ ഖുർ ആൻ പറയുന്നു: ***'ഏഴ് ആകാശങ്ങളെ രമ്യമായി സൃഷ്ടിച്ചവനാണ് അവൻ. പരമ കാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോ ക്കുക. വല്ല വൈകല്യവും നീ കാണുന്നുണ്ടോ? വീണ്ടും വീണ്ടും നീ നോക്കുക. കണ്ണ് നിഷ്ഫ ലമായും ക്ഷീണിച്ചും കൊണ്ട് നിന്നിലേക്ക് തന്നെ മടങ്ങും.' (67:4,5) 'ആകാശങ്ങളുടെയും ഭൂമിയു ടെയും സൃഷ്ടിപ്പിലും ദിനരാത്ര ങ്ങൾ മാറി വരുന്നതിലും തീർച്ചയാ യും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാ ന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിട ന്നും) അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും ആകാശ ഭൂമി കളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ). ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും രക്ഷിക്കേണമേ (എന്ന് പ്രാർഥി ക്കും) '(3: 191,192) 'പറയുക, ആകാ ശങ്ങളിലും ഭൂമിയിലും എന്താണ് സംഭവിക്കുന്നതെന്ന് നോക്കൂ. എന്നാൽ സത്യത്തിൽ വിശ്വസി ക്കാത്ത ജനങ്ങൾക്ക് ദൃഷ്ടാന്ത ങ്ങളും മുന്നറിയിപ്പുകളും ഒരു പ്രയോജനവും ചെയ്യില്ല.'(10:102) 'ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ !. അവയുടെ അരികിലൂടെ അവയെ ക്കുറിച്ച് ചിന്തിക്കാതെ അശ്രദ്ധരായി അവർ കടന്ന് പോകുന്നു.' (12:106)***

വാനലോകത്തെ ജ്ഞാനവിസ്മ യങ്ങൾ അറിയാനുള്ള ഇന്ത്യയുടെ മംഗൾയാൻ ദൗത്യം ദൈവത്തെ സ്മരിക്കാനുള്ള ഒരവസരവുമാണെ ന്നും നാം ഓർക്കുക.

## അനുസ്മരണം

# എം. ജമീലാ ബീവി സാഹിബ

കരുനാഗപ്പള്ളി: തെക്കൻ കേരള ത്തിലെ ആദ്യകാല അഹ്മദികളിൽ ഒരാളായിരുന്ന മർഹൂം കെ. മുഹമ്മദ് ഷംസുദ്ദീൻ സാഹിബിന്റെ ഭാര്യ എം. ജമീല ബീവി സാഹിബ (79) 2014 ഒക്ടോബർ 9-ാം തീയതി വഫാ ത്തായി. ഇന്നാ ലില്ലാഹി.... 1955 ൽ വിവാഹത്തെ തുടർന്നാണ് അവർ ജമാഅത്തിൽ ബൈഅത്ത് ചെയ് തത്. പിന്നീട് ജമാഅത്തീ സേവന ങ്ങളിൽ സജീവമായി പങ്കെടുക്കു കയുണ്ടായി. സുന്നി കുടുംബത്തിൽ നിന്ന് അഹ്മദി യുവാവിനെ വിവാ ഹം കഴിച്ചതിനാൽ കുടുംബ ത്തിന് നിരവധി എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. എല്ലാ പ്രതിസന്ധികളും തരണം ചെയ്ത് അവർ ജമാഅ ത്തിൽ അടിയുറച്ച് നിൽക്കുകയു ണ്ടായി. ജമാഅത്തിന്റെ സാമ്പത്തിക പദ്ധതികളിൽ പൂർണമായും സഹ കരിച്ചിരുന്നു.

**മക്കൾ**: ബുഷ്റാ ബീഗം, റജുലാ ബീഗം, റസ്‌ലത്ത് ബീഗം, റഹ്മത്ത് ബീഗം, ഇസ്സുദ്ദീൻ, സഹറുദ്ദീൻ. **മരുമക്കൾ**: എ. നസിമുദ്ദീൻ, എസ്. എം. ജലാൽ ബി. എ. കബീർ, മുഹമ്മദ് സഫറുല്ല, എം. സലീന ഇസ്സുദ്ദീൻ, എ. സാലിഹ സഹറുദ്ദീൻ. അല്ലാഹു കുടുംബാംഗങ്ങൾക്ക് സഹനവും പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്ര ഹിക്കട്ടെ (ആമീൻ)

# അഹ്ദിയ്യാ മുസ്‌ലിം ജമാഅത്ത്:

## വിവിധ വിഷയങ്ങളെ സംബന്ധിച്ച ഡി വി ഡി കൾ ലഭ്യമാണ്

1. ഈസാ നബി (അ) ന്റെ മരണം
2. ഇസ്‌ലാമിന്റെ വിജയവും മഹ്ദി മസീഹിന്റെ ആഗമനവും
3. വാഗ്ദത്ത മഹ്ദിമസീഹിന്റെ ദൗത്യം
4. ദജ്ജാൽ
5. നബിതിരുമേനി(സ) ക്ക് ശേഷം നബിയോ?
6. പ്രവാചക നിഷേധം മുസ്‌ലിം ഉമ്മത്തിൽ
7. ഖത്തമനുബുവ്വത്തിന്റെ വിവക്ഷ
8. പ്രവാചകത്വം ഖുർആനിൽ
9. ഇക്കാലത്ത് പ്രവാചകനിയോഗത്തിന്റെ പ്രസക്തി
10. ഇസ്‌ലാമിന്റെ പുനരുജ്ജീവനം
11. മോക്ഷാർഹമായ ജമാഅത്ത്
12. വാഗ്ദത്ത മഹ്ദി മസീഹ് നബിയോ ?
13. മസീഹിന്റെ ആഗമനകാലം
14. മുസ്‌ലിംകളുടെ ശോച്യാവസ്ഥയും മഹ്ദീ മസീഹിന്റെ ആഗമനവും
15. ഹദ്റത് അഹ്മദ്(അ) ന്റെ സത്യസാക്ഷ്യം
16. ഖിലാഫത്ത് ഖുർആനിലും ഹദീസിലും
17. അഹ്മദിയ്യാ ഖിലാഫത്ത്
18. കുഫ്റ് ഫത്‌വകളുടെ പാശ്ചാത്തലം

**ഓരോ ഡി വി ഡി ക്കും 30 രൂപ**
**കൊരിയർ ചാർജ് പുറമെ**

**ആവശ്യമുള്ള വായനക്കാരും ജമാഅത്തുകളും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക**


**8086224268, 9895984075, 9447424619**

**പ്രസാധകർ:**

**അൻസാറുല്ലാഹ് മൾട്ടിമീഡിയ സെന്റർ മജ്‌ലിസ് അൻസാറുല്ലാഹ്, കേരള**

**Published on 7 November 2014**
Vol: 86 Issue.**11**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Price Rs. **20/-**
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment
**The Sathyadoothan Monthly**

**ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും**
**ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും**
**ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം**




# വെളിപാട്
# യുക്തി
# ജ്ഞാനം സത്യം

**ഗ്രന്ഥകർത്താ:**
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**വിവർത്തനം**
**എ. എം. മുഹമ്മദ് സലിം**

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

ഒരു ഇസ്‌ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020 Toll Free**
**(9 am to 9 pm)**